KOTTAYAM PUBLIC LIBRARY

Call No. MF.2. Acc. No. 86.൨൧൧

Author കോരത് പി. സി.

Title കടലിനപ്പുറം.

N

# കടലിന്നപ്പുറം

(x)

പി-സി-ജോർജ്

# കടലിനുമപ്പുറം

# BEYOND THE SEA

(NOVEL)

by
P. C. KORUTHU.

MF2

Ist Impression 1955.
Copies—1000.

Published by THE AUTHOR

DISTRIBUTORS

NATIONAL BOOK STALL.
POST BOX 40 .. KOTTAYAM.

Re. One.

D. 14. 1548.

# കടലിനുമപ്പുറം

(ഐതിഹാസികനോവൽ)

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

ഗ്രന്ഥകർത്താവ്
പി. സി. കോരുത്തു്.

നാഷനൽ ബുക്ക് സ്റ്റാൾ
കളരിക്കൽ ബസാർ കോട്ടയം.

വില 1 രൂ.

## പി. സി. കോരുതിന്റെ കൃതികൾ

| | |
|---|---|
| വെള്ളിമേഘങ്ങൾ | കഥകൾ |
| നിലാവെളിച്ചം | ” |
| പ്രേമമുദ്ര | ” |
| ഖദർസാരി | ” |
| ഭാരതീയകഥകൾ | ” |
| പൂമാല | ” |
| മധുലീല | നാടകം |
| പ്രേമപൂജ | ” |
| നൃത്തം പഠിച്ച ഭാര്യ | നോവൽ |
| പുഷ്പമംഗലം | ” |
| **ലാസർ** | **കവിത** |
| ഗാഥാസുഭാഷിതം | ” |
| ചിത്രവേദി | തൂലികാചിത്രം |
| പാടുന്ന യക്ഷി | കുട്ടികൾക്കുള്ള നോവൽ |
| കടലിനുമപ്പുറം | ഐതിഹാസികനോവൽ |

**അച്ചടി**

**പി. സി. പ്രസ്സ്, കോട്ടയം.**

Kottayam Public Library Kottayam
Travancore



ഗ്രന്ഥകർത്താവ്.

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

# കടലിനുമപ്പുറം

## 1

### പൂത്തിരിപോലെയുള്ള നെൽക്കതിരുകൾ

ആകാശത്തിൻെറ കിഴക്കെ അതിരിൽ വെള്ള വീശിത്തുടങ്ങിയിട്ടെയുള്ളു. മകരമാസത്തെ മഞ്ഞിൽ കുളിച്ച ചെടികളും ലതകളും മരവിച്ചുനിൽക്കുകയാണ്. തലയുയർത്തിനിൽക്കുന്ന വൃക്ഷങ്ങളുടെ ഉച്ചിയിൽ ഉമ്മവച്ചുകൊണ്ടു മഴമേഘശകലങ്ങൾ നിശ്ചലം നില്ക്കുന്നുണ്ട്. പൈങ്കിളികൾ ചിലച്ചുകൊണ്ടു ചിറകടിച്ചു ചാടിപ്പറന്നു കളിക്കുന്നു.

പച്ചപ്പരവതാനിപോലെ പരന്നുകിടന്ന നെല്പാടത്തിൽ, ഉദയസൂര്യൻെറ ചെങ്കതിരുകൾ പതിച്ചപ്പോൾ, നെല്ലോലകളുടെ തുമ്പിൽ തൂങ്ങിനിന്ന മഞ്ഞുതുള്ളികൾ വജ്രമണികൾപോലെ പ്രകാശിച്ചുതുടങ്ങി.

ഈ വയലിൻെറ കരയിൽ, ഒരു ചെറിയ വീടുണ്ടായിരുന്നു. ഓലമേഞ്ഞതും മൺചുവരുകൾകൊണ്ടു

നാലുവശവു മറച്ചതുമായ ഒരു പുര. ഒരു സാധു കൃഷിക്കാരനാണു് അവിടെ പാർത്തിരുന്നതു്. അയാളും ഭാര്യയും ഏക മകളും ഉൾപ്പെട്ടതായിരുന്നു ആ കർഷകകുടുംബം. അവർ സാമാന്യം സംതൃപ്തരായി ജീവിച്ചു വന്നു. പരന്നുകിടന്ന നെൽപ്പാടത്തിൻെറ പടിഞ്ഞാറെ അതിരു കടലായിരുന്നു. പത്തമ്പതടി വീതിവരുന്ന ഒരു മണൽത്തിട്ടകൊണ്ടാണു കടലും വയലും വേർതിരിച്ചിരുന്നതു്. ഈ കടലിനോടു തൊട്ടുകിടന്ന പത്തുപറ നിലം ഈ കൃഷിക്കാരൻെറ വകയായിരുന്നു. അയാൾക്കുള്ള ഏക ഭൂസ്വത്താണീ നിലം. അവിടെ കൃഷിചെയ്തു വിളയുന്ന നെല്ലുകൊണ്ടു് ആണ്ടോടാണ്ടു് ആ കർഷകകുടുംബം പട്ടിണികൂടാതെ കഴിഞ്ഞുവന്നു. കൃഷിക്കാരൻ എല്ലാ ദിവസവും അതിരാവിലെ ഉണർന്നു്, തൻെറ നിലത്തിൻെറ നാലു വരമ്പിലും നടന്നു കൃഷി പരിശോധിക്കുക പതിവാണു്.

പതിവുപോലെ അന്നും അയാൾ ഉണർന്നു, മുററത്തിറങ്ങി വയലിലേക്കു നോക്കി. തൻെറ നിലത്തിൽ പൂത്തിരിപോലെ കനകക്കതിരുകൾ വിളഞ്ഞു പഴുത്തുനില്ക്കുന്നതു കണ്ടു് അയാൾ സന്തോഷിച്ചു. ഇക്കൊല്ലത്തെ വിളവു, കഴിഞ്ഞ കൊല്ലത്തെക്കാൾ മെച്ചമാണെന്നു് അയാൾക്കു മനസ്സിലായി. അയാൾ വരമ്പിൽക്കൂടി നടന്നുനോക്കി, കതിരുകളെല്ലാം കൊയ്തെടുക്കുവാൻ ഒരാഴ്ചകൂടി കഴിയണം. ഇപ്രാവശ്യം മഴ തക്ക സമയത്തു കിട്ടിയതുമൂലവും വളം വിതറിയതുകൊണ്ടുമാണു വിളവു വർദ്ധിച്ചതെന്നും, അയൽനിലങ്ങളെക്കാൾ തൻെറ നിലത്തിലെ കൃഷിക്കാണു് ഒ

നാംസ്ഥാനമെന്നും കണ്ടപ്പോറം പ്രയത്നശാലിയായ ആ കർഷകൻെറ ഹൃദയം ആനന്ദവും ആഹ്ളാദവും കൊണ്ടു തുടിച്ചു. സൂര്യൻ ഉദിച്ചു വെയിൽ പരന്ന പ്പോറം, കതിരുപാകിയ തൻെറ നിലം സ്വർണ്ണവും രത്നങ്ങളും നിരത്തിയ ഒരു പച്ച സൂര്യപടമെന്നപോലെ അയാറംക്കു തോന്നി. അയാറം തൻെറ ഭാര്യയേയും മകളെയും വിളിച്ചു, വിളവിൻെറ വദ്ധനയെക്കുറിച്ചു പറഞ്ഞു. ഇപ്രാവശ്യത്തെ വിളവിൽ, ഭക്ഷണാവശ്യം കഴിഞ്ഞു മിച്ചം വരുന്ന നെല്ലു വിററു കിട്ടുന്ന പണം, മകളുടെ വിവാഹച്ചെലവിനു തികയുമെന്നു് ആ കർഷകദമ്പതികറം ആശ്വസിച്ചു. പ്രയത്നത്തിനു പ്രതിഫലംതന്നെ ഈശ്വരനെ അവർ ഹൃദയപൂർവ്വം സ്തുതിച്ചു.

## 2

### മുതലപ്പട

അടുത്ത ദിവസം രാവിലെ കർഷകനും ഭാര്യയും മകളും വളരെ നേരത്തെ ഉണന്നു. നിലത്തിൽ ചില അസാധാരണ ശബ്ദങ്ങറം കേട്ടുകൊണ്ടാണു് അവർ ഉണന്നതു്. മണൽച്ചിറ മറിച്ചു കടലാക്രമിച്ചതാണോ എന്നു് അവർ ഭയപ്പെട്ടു. നല്ല വെളിച്ചമില്ലാതിരുന്നതിനാൽ വ്യക്തമായി ഒന്നും കാണുവാൻ അവക്കു കഴിഞ്ഞില്ല. ഏതായാലും അവർ ഓടി വയലിലേക്കു ചെന്നു. തിരമാലകറംപോലെ, തൻെറ നിലത്തിൽ- എന്തൊക്കെയോ കിടന്നുരുളുന്നു. മണൽ

പ്പുരപ്പു മുറിഞ്ഞിട്ടില്ല, കടൽ ശാന്തമായിക്കിടക്കുകയാണ്. പിന്നെ എന്താണീ അസാധാരണ കാഴ്ച എന്നവർ അത്ഭുതപ്പെട്ടു.

അവർ അടുത്തുചെന്നു നോക്കി. അപ്പോൾ അവക്ക് അത്ഭുതത്തെക്കാളധികം ദുഃഖവും കോപവുമാണുണ്ടായതു്. ആയിരത്തോളം മുതലകൾ നിലത്തിൽ ചാടിക്കളിക്കുന്നു. കതിരുവന്ന നെല്ലെല്ലാം മണ്ണടിഞ്ഞു നശിച്ചുപോയിട്ടുണ്ടു്. കൃഷിക്കാരനും ഭാര്യയും മകളും നെഞ്ചത്തലച്ചു കരഞ്ഞു. അവർ കയ്യിൽ കിട്ടിയ കല്ലും മരക്കഷണങ്ങളും കൊണ്ടു മുതലപ്പടയെ എറിഞ്ഞോടിക്കുവാൻ ശ്രമിച്ചു. പുറത്തു കട്ടത്ത കക്കകൾകൊണ്ടുള്ള പടച്ചട്ട ധരിച്ച മുതലകൾ, ഏറുകൊണ്ടാൽ ഓടിക്കളയുമോ? ആ മുതലപ്പടയുടെ നായകൻ തല ഉയർത്തി കർഷകനെയും ഭാര്യയേയും മകളേയും നോക്കി. ആ ഉഗ്രമായ നോട്ടം കണ്ടു് ആ പാവങ്ങൾ ഭയന്നു വിറച്ചു തങ്ങളുടെ വീട്ടിലേക്കു് ഓടിക്കയറി. തൽക്ഷണം ആ മുതലത്തലവൻ ഒരു ശബ്ദം പുറപ്പെടുവിച്ചു. അതു കേട്ടയുടൻ, മുതലകൾ പാഞ്ഞുവന്നു് ആ കർഷകഗൃഹത്തെ വളഞ്ഞു. അങ്ങനെ അവർ മുതലകളുടെ തടവുകാരായിത്തീർന്നു. മുററവും പറമ്പും എല്ലാം മുതലകളെക്കൊണ്ടു നിറഞ്ഞപ്പോൾ, തങ്ങളുടെ ജീവൻ അപകടത്തിലായി എന്നവർക്കു ബോദ്ധ്യമായി. അവർ മുറിക്കുള്ളിൽ കയറി കതകടച്ചു. പക്ഷെ ആ കൊച്ചു കർഷകഗൃഹത്തിന്റെ ദുർബലമായ കതകുകൾക്കു മുതലകളെ തടുത്തുനിത്താൻ കഴിഞ്ഞില്ല. കർഷകൻ ധൈര്യമവലംബിച്ചുവെങ്കിലും അയാളുടെ ഭാര്യയും മ

കളും കരയാൻ തുടങ്ങി. ഉടനെ മുതലത്തലവൻ, തിണ്ണയിലേക്കു കയറിവന്നു് ഇങ്ങനെ പറഞ്ഞു—

"ഇവിടെക്കിടന്നു നിലവിളിച്ചാൽ, ഞൊടിയിടയിൽ ഞങ്ങൾ നിങ്ങളെ തിന്നുകളയും. അല്ലയോ കൃഷിക്കാരാ, നിനക്കു രക്ഷ വേണമെങ്കിൽ ഞാൻ പറയുന്നതു കേൾക്കുക."

കർഷകൻ വാതിൽ അല്പം തുറന്നുകൊണ്ടു പറഞ്ഞു—"മുതലത്തലവാ, നിങ്ങൾക്ക് എന്താണു വേണ്ടതെന്നു പറയൂ നിലത്തിലെ നെൽക്കതിരുകൾ മുഴുവൻ നിങ്ങൾ തിന്നുകൊള്ളുക, ഞങ്ങളെ ഉപദ്രവിക്കാതിരുന്നാൽ മതി."

മുതല—ആർക്കുവേണം നിങ്ങളുടെ നെല്ലും പുല്ലും. നിനക്കു ജീവിക്കണമെന്നുണ്ടോ? അതു പറയൂ.

കൃഷിക്കാരൻ—എനിക്കുജീവിക്കണം.

മുതല—എന്നാൽ, നിൻെറ സുന്ദരിയായ മകളെ, ഞങ്ങളുടെ രാജാവിനു വിവാഹം കഴിച്ചു കൊടുക്കണം.

കൃഷിക്കാരൻെറ ഭാര്യയാണതിനു മറുപടി പറഞ്ഞതു്—"പോടാ വകതിരിവില്ലാത്ത ജന്തു! നിൻെറ രാജാവും നിന്നെപ്പോലെതന്നെയാണല്ലോ. ഒരു മുതലയ്ക്കു് എൻെറ മകളെ വിവാഹംചെയ്തുകൊടുക്കുകയില്ല."

മുതല—അപ്പോൾ അതിനു സമ്മതമില്ല; അല്ലേ. എന്നാൽ കൃഷിക്കാരാ, നീയും നിൻെറ ഭാര്യയും നിൻെറ മകളും എൻെറ വായിൽ......

ഇങ്ങനെ പറഞ്ഞുകൊണ്ടു മുതലത്തലവൻ വായ് തുറന്നു കാണിച്ചു. ഗുഹപോലെയുള്ള വായിൽ അറപ്പുവാളുപോലെ കറുത്ത നീണ്ട നാക്കും കുന്തനിരപോലെയുള്ള ദന്തനിരകളും കണ്ടപ്പോൾ അവർ നിലവിളിച്ചുകൊണ്ടു ബോധംകെട്ടു വീണുപോയി.

മുതലത്തലവനു് ആ കർഷകകുടുംബത്തിൻെറ വിഷമസ്ഥിതിയിൽ സഹതാപം തോന്നി. അപ്പോഴേക്കും നേരം നല്ലവണ്ണം പുലർന്നു, വെയിലിനു ചൂടേറിത്തുടങ്ങിയതിനാൽ, മുതലപ്പട കടലിലേക്കു തിരിയെപ്പോയി. പോകുന്നതിനു മുൻപു മുതലത്തലവൻ പനയോലയിൽ ഒരു കുറിപ്പ് എഴുതി അവിടെയിട്ടു ശേഷം ഒരു ശബ്ദം പുറപ്പെടുവിച്ചു. അതൊരു ആജ്ഞയായിരുന്നു. മുതലകൾ ഓരോന്നായി "ധിമിൻ" "ധിമിൻ" എന്നു കടലിലേക്കു ചാടി നീക്കാംകുഴിയിട്ടു മറഞ്ഞു.

## 3

### മകൾക്കു വന്ന മാററം

വളരെ മണിക്കൂറുകൾ കഴിഞ്ഞശേഷമാണു കൃഷിക്കാരനു ബോധം വീണതു്. അയാൾ ഉണർന്നുനോക്കുമ്പോൾ, തൻെറ പ്രിയപ്പെട്ട മകളെ കാണ്മാനില്ല. മകൾ കിടന്ന സ്ഥാനത്തു സ്വർണ്ണനിറമുള്ള ഒരു മുതലക്കുഞ്ഞു കിടക്കുന്നു! കൃഷിക്കാരൻ ഭയസംഭ്രാന്തനായി, തൻെറ ഭാര്യയുടെ മുഖത്തു വെള്ളം തളിച്ച് അ

വളെ ഉണർത്തി. തങ്ങളുടെ മകളെ മുതലകൾ പിടിച്ചു കൊണ്ടുപോയി എന്നുധരിച്ച് ആ കർഷകദമ്പതികൾ കരയാൻ തുടങ്ങി. കരച്ചിൽ കേട്ടു മുതലക്കുഞ്ഞു തലപൊക്കി നോക്കി. അതിൻെറ കണ്ണിൽനിന്നു കണ്ണുനീർ ഒഴുകി ആ ചെറിയ ജന്തുവും ദുഃഖിക്കുന്നതായി കർഷകനു തോന്നി. മകൾ, അവിടെയെങ്ങാനും ഉണ്ടോ എന്നറിയുവാൻ കർഷകനും പത്നിയും അവിടെയെല്ലാം തെരഞ്ഞു. ഫലമുണ്ടായില്ല. ഒടുവിൽ, തങ്ങൾ കിടന്നതിനടുക്കൽ ഒരു പനയോലത്തുണ്ടു കിടക്കുന്നതു കണ്ടു്, കർഷകൻ അതെടുത്തു അതിൽ എന്തോ എഴുതിയിരിക്കുന്നു. എഴുത്തറിയാൻ പാടില്ലാത്ത അയാൾക്കും ഭാര്യയ്ക്കും അതു വായിച്ചു കാര്യം ഗ്രഹിക്കാൻ കഴിഞ്ഞില്ല. പുത്രിക്കു് എഴുത്തറിയാം. പക്ഷെ അവളെ കാണുന്നുമില്ല. ഈ സ്ഥിതിയിൽ, പനയോലയിൽ കുറിച്ചിരിക്കുന്നതെന്തെന്ന് അറിയാൻ മററാരുടെയെങ്കിലും സഹായമാവശ്യമാണു്. കർഷകൻ ഓലത്തുണ്ടുംകൊണ്ടു്, തൻെറ ഒരു അകന്ന ബന്ധുവിൻെറ വീട്ടിലേക്കു പോയി. അരക്കാതം നടന്നെങ്കിലേ അവിടെ എത്തുകയുള്ളു. കൃഷിക്കാരൻ അങ്ങോട്ടു പോകാൻ തുടങ്ങിയപ്പോൾ ഭാര്യ പറഞ്ഞു—

"ഞാൻകൂടെ വരുന്നു. എനിക്കു തനിയെ ഇവിടെയിരിക്കുവാൻ ഭയമാണു്. ഈ മുതല എന്നെ ആക്രമിച്ചേക്കും. മാത്രമല്ല, കടലിൽനിന്നു മുതലപ്പട കയറിവന്നു ശല്യമുണ്ടാക്കാനുമിടയുണ്ടു്. അതുകൊണ്ടു ഞാൻ കൂടി വരാം".

അപ്പോൾ വളരെ നേരിയ സ്വരത്തിൽ ഒരു ശ

ബ്ദം കേട്ടു. അതു് അവിടെക്കിടന്ന മുതലക്കുഞ്ഞിൻെറ ശബ്ദമായിരുന്നു.

"അച്ഛാ, അമ്മേ, നിങ്ങൾ ഇരുവരും എന്നെ തനിച്ചാക്കിയിട്ടു പോകുകയാണോ?"

ഈ ശബ്ദം തങ്ങളുടെ പുത്രിയുടേതാണെന്നു് അവർക്കു മനസ്സിലായി. എന്നാൽ അവൾ എവിടെ? എവിടെനിന്നാണു ശബ്ദം പുറപ്പെടുന്നതെന്നു് അവർ അമ്പരന്നു

"മകളെ നീ എവിടെയാണു്" എന്നു കൃഷിക്കാരനും പത്നിയും ഒരുമിച്ചു വിളിച്ചു ചോദിച്ചു.

"ഞാൻ ഇവിടെത്തന്നെയുണ്ടല്ലോ. അമ്മയ്ക്കും അച്ഛനും എന്നെ കാണാൻ പാടില്ലേ?"

മുതലക്കുഞ്ഞാണു് ആ സംസാരിക്കുന്നതെന്നു് അവർക്കു് അപ്പോഴാണു മനസ്സിലായതു്. അവർക്കു സങ്കടവും അത്ഭുതവും ഒരുമിച്ചുണ്ടായി. "മകളെ നിനക്കെന്തുപററി?" എന്നു് അവർ ചോദിച്ചു.

"എനിക്കൊന്നുമറിയാൻ പാടില്ല. ഞാൻ ഉണന്നപ്പോൾ ഇങ്ങനെ മുതലയുടെ രൂപത്തിലായിരിക്കുന്നു" എന്നു് അവൾ പറഞ്ഞു.

മുതലത്തലവൻെറ ഏതോ ശക്തിവിശേഷംകൊണ്ടാണു തങ്ങളുടെ പുത്രിക്കിങ്ങനെ രൂപഭേദം വന്നതെന്നു് ആ കർഷകദമ്പതികൾ ധരിച്ചു. അവർ മകളോടു ചോദിച്ചു—

"കുഞ്ഞേ, നിൻെറ ആകൃതി മാറിപ്പോയെന്നല്ലാതെ മററു കുഴപ്പങ്ങളൊന്നുമില്ലല്ലോ. നിനക്കു് ഈ പനയോലയിലെ എഴുത്തു വായിക്കുവാൻ കഴിയുമോ എന്നുനോക്കുക."

മുതലപ്പെണ്ണ് ആ കുറിപ്പു വാങ്ങി വായിച്ചു. അതിൽ ഇങ്ങനെയാണെഴുതിയിരുന്നത്:–

"ഞങ്ങൾ പോകുന്നു നിങ്ങളുടെ പുത്രിയായ ലതയ്ക്കു ഞങ്ങളുടെ രൂപം കൊടുത്തിട്ടാണു പോകുന്നത്. ഞങ്ങളുടെ രാജാവിൻെറ ഭാൎയ്യയായിക്കഴിയേണ്ടവൾ, മുതലരൂപത്തിൽത്തന്നെയാണല്ലോ ജീവിക്കേണ്ടതു്. കടലിൽ വരുണോത്സവം പത്തുദിവസത്തേക്കുണ്ടായിരിക്കും. അതിൽ പങ്കെടുക്കുവാനാണു ഞങ്ങൾ പോകുന്നതു്. ഇന്നേക്കു പതിന്നാലാംദിവസം അതിരാവിലെ ഞങ്ങൾ വരും. നിങ്ങളുടെ പുത്രിയെ, സമുദ്രരാജാവിനു വിവാഹംചെയ്തു കൊടുക്കുവാൻ അപ്പോഴേയ്ക്കു തയ്യാറായിരിക്കുക. അല്ലെങ്കിൽ എന്താണു സംഭവിക്കാൻപോകുന്നതെന്നു നിങ്ങൾക്കറിയാമല്ലോ."

മുതലപ്രമാണിയുടെ ഈ കത്ത്, ആ കർഷക കുടുംബത്തെ ദുഃഖസാഗരത്തിൽ മുക്കിക്കളഞ്ഞു.

വളരെനേരം ചിന്താമഗ്നയായിരുന്നശേഷം കൎഷകപത്നിയായ ശ്യാമള പറഞ്ഞു—

"എൻെറ ഒരു വലിയമ്മാവൻ വലിയ മന്ത്രവാദിയാണല്ലോ. അദ്ദേഹത്തെക്കണ്ടു നമുക്കു നേരിട്ട ഈ ഗ്രഹപ്പിഴയ്ക്കു വല്ല പോംവഴിയുമുണ്ടോ എന്നു് ആലോചിക്കണം."

കർഷകനു ഭാൎയ്യയുടെ അഭിപ്രായം സ്വീകാൎയ്യമായിത്തോന്നി. അയാൾ ഉടൻതന്നെ മാന്ത്രികനായ അമ്മാവൻെറ അടുക്കലേക്കു പുറപ്പെട്ടു. അഞ്ചുകാതം അകലെയാണു് അയാൾ താമസിച്ചിരുന്നതു്.

"അച്ഛാ! സന്ധ്യയ്ക്കു മുൻപു തിരിച്ചുവരണം" എന്നു മുതലരൂപം പൂണ്ട മകൾ പറഞ്ഞു.

"ഞങ്ങൾക്കു ഭയമാണ്, താമസിക്കരുതേ" എന്നു ഭാര്യ അപേക്ഷിച്ചു.

## 4

## മാർജ്ജാരസിന്ദൂരം

കൃഷിക്കാരനായ സസ്യപാലൻ വിയർത്തൊലിച്ചു ധ്രുതഗതിയിൽ നടന്നു മന്ത്രവാദിയുടെ വീട്ടിൽ ചെന്നു. അപ്പോൾ അയാൾ ഒരു കറുത്ത പൂച്ചയേയും മടിയിൽവച്ചു ധ്യാനനിലയിൽ ഏതോ മന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ കൃഷിക്കാരന് അവിടെ വളരെനേരം കാത്തിരിക്കേണ്ടിവന്നു. കണ്ണുതുറന്നപ്പോൾ അയാൾ ആദ്യം കണ്ടതു്, കൃഷിക്കാരനെയാണ്.

മന്ത്രവാദി പറഞ്ഞു — "ഭാഗ്യംപിറന്നവനേ! സസ്യപാലാ നിനക്കു നല്ലകാലം വരുന്നു."

കൃഷി—വലിയമ്മാവാ, എന്താണിങ്ങനെ പറയുന്നതു്? എൻെറ വിഷമസ്ഥിതി അറിഞ്ഞുകൊണ്ട് എന്നെ ആക്ഷേപിക്കുകയാണോ?

മന്ത്രവാദി—അല്ല കുഞ്ഞേ! ഞാൻ മന്ത്രധ്യാനം തുടങ്ങിയിട്ടു് ഏഴുനാഴിക തികഞ്ഞതു് ഇപ്പോഴാണ്. ഞാൻ കണ്ണുതുറക്കുമ്പോൾ ആദ്യം കാണുന്ന ആളിൻെറ തലയിൽ ഞാൻ ഈ കരിംപൂച്ചയെ ബലികഴിക്കുമെന്നു നിശ്ചയിച്ചിട്ടുണ്ട്. ആ ഭാഗ്യം നിനക്കാണു സിദ്ധിച്ചതു്.

കൃഷി—കരിമ്പൂച്ചയെ എൻെറ തലയിൽ കരുതി കഴിച്ചതുകൊണ്ടു് എനിക്കെന്തു മെച്ചമാണുണ്ടാകുന്നതു്?

മന്ത്ര—അതോ, അതു പറയാം. കരിമ്പൂച്ചയെ കരുതി കഴിക്കുന്നതോടുകൂടി നിനക്കു ഞാൻ ഒരു ഡപ്പിയും തരും. ആ ഡപ്പിയിൽ മാർജ്ജാരസിന്ദൂരമാണുള്ളതു്. അല്പം സിന്ദൂരം പാദത്തിൽ പൂശിയാൽ, നീ നടന്നുപോകുന്നിടത്തെ വെള്ളം ഒഴിഞ്ഞു മാറിത്തരും, ഉണങ്ങിയ നിലത്തുകൂടെയെന്നവണ്ണം നിനക്കു കടൽപരപ്പിൽക്കൂടിപ്പോലും നടക്കാം. അല്പസിന്ദൂരം എടുത്തു നെററിയിൽ പൊട്ടുതൊട്ടാൽ പിന്നെ നിന്നെ ആരും കാണുകയില്ല. എവിടെയും നിനക്കു ഭയംകൂടാതെ കടന്നുചെല്ലാം. നിൻെറ സാന്നിദ്ധ്യം ആരും അറിയുകയില്ല. സ്വല്പം സിന്ദൂരമെടുത്തു കൺപോളകളിൽ പുരട്ടിയാൽ ഏതു കൂരിരുട്ടിലും നിനക്കു നൂറുകാതം ദൂരംവരെ കാണാം. അത്ര ശക്തിയുള്ളതാണീ മാർജ്ജാരസിന്ദൂരം.

സസ്യപാലൻ ഒന്നും മനസ്സിലാകാത്ത മട്ടിൽ വായുംപൊളിച്ചിരുന്നുപോയി. അയാറം മൗനമായിരിക്കുന്നതു കണ്ടു മന്ത്രവാദി ചോദിച്ചു—

"നീ എന്താണൊന്നും പറയാത്തതു്?"

കൃഷി—ഞാൻ എന്തു പറയാനാണു്. എനിക്കു നേരിട്ട ദുരദൃഷ്ടത്തെപ്പററി വലിയമ്മാവനു് അറിയേണ്ടേ?

മന്ത്ര—ഞാൻ എല്ലാം മനസ്സിലാക്കിക്കഴിഞ്ഞു. നിൻെറ മകറം ലത ഇപ്പോറം ഒരു പെൺമുതലയായിത്തീൻ. ഇല്ലേ? അതുസാരമില്ല. അതുനിൻെറ ഭാഗ്യത്തി

ന്റെ ആരംഭമാണ്. സമുദ്രരാജാവ് അവളെ ഏതാനും ദിവസം കഴിഞ്ഞു വിവാഹംചെയ്യും. മുതലരാജാവെന്നു നീ ധരിച്ചിരിക്കുന്നതു ശരിയല്ല. അദ്ദേഹം പരമസുന്ദരനായ ഒരു യുവാവാണ്. മത്സ്യലോകത്തെ രാജാവിന്റെ ഒരു പുത്രൻ. വിവാഹം നടക്കട്ടെ. നീ എതിരായി നില്ക്കേണ്ടാ.

കൃഷി—പക്ഷെ വലിയമ്മാവാ, എന്റെ മകൾ ഇങ്ങനെ മുതലയുടെ രൂപത്തിൽ ഇഴയുന്നതു കാണുവാൻ എനിക്കു ശക്തിയില്ല.

മന്ത്ര—അതു സാരമില്ല. ഒരാഴ്ചയ്ക്കകം അവൾ വീണ്ടും മനുഷ്യരൂപം പ്രാപിക്കും. കടലിനടിയിൽ മത്സ്യലോകത്തിൽവച്ച് അവളുടെ വിവാഹം നടക്കും. നീ ഭയപ്പെടേണ്ട കുനിഞ്ഞുനിൽക്കൂ, ഈ കരിമ്പൂച്ചയെ നിന്റെ തലയിൽ ഞാൻ കുരുതികഴിക്കട്ടെ.

സസ്യപാലൻ തലതാഴ്ത്തിനിന്നു. മന്ത്രവാദി കരിമ്പൂച്ചയെ അയാളുടെ തലയ്ക്കു മുകളിൽവച്ചു വെട്ടി, കൃഷിക്കാരനെ പൂച്ചച്ചോരകൊണ്ടഭിഷേകംചെയ്തു. മൂന്നേമുക്കാൽനാഴിക അയാളെ അങ്ങനെ രക്താഭിഷിക്തനായി നിറുത്തിയശേഷം, ചൂടുവെള്ളത്തിൽ കുളിപ്പിച്ചു, പുതിയ വസ്ത്രവും ധരിപ്പിച്ചു, മാർജ്ജാരസിന്ദൂരമധപ്പിയും കൊടുത്തു്, ഭാവുകമാശംസിച്ചു യാത്രയയച്ചു. കൃഷകൻ ചിന്താവിവശനായി, സ്വപ്നത്തിലെന്നവിധം സ്വഗൃഹത്തിലേക്കു നടന്നു.

# 5

## സമുദ്രത്തിനുള്ളിൽ

സസ്യപാലൻ സ്വഗൃഹത്തിലെത്തി ഭാര്യയോടും പുത്രിയോടും വിവരങ്ങൾ പറഞ്ഞപ്പോൾ അവക്ക് ആശ്വാസവും സന്തോഷവും തോന്നി. വലിയമ്മാവനായ മന്ത്രവാദി കൊടുത്തയച്ച അത്ഭുതസിന്ദൂരത്തിൻെറ ശക്തി ഒന്നു പരീക്ഷിക്കണമെന്നു ഭാര്യ പറഞ്ഞപ്പോൾ, അങ്ങനെതന്നെയെന്നു ഭത്താവും സമ്മതിച്ചു.

"ആദ്യമായി എന്താണു പരീക്ഷിക്കേണ്ടതു്?" അയാൾ ചോദിച്ചു.

"കടലിൽക്കൂടി നടക്കാമോ എന്നു നോക്കാം"— ഭാര്യയായ ശ്യാമള പറഞ്ഞു.

അതനുസരിച്ചു കർഷകൻ ഡപ്പി തുറന്നു കുറെ മാർജ്ജാരസിന്ദൂരമെടുത്തു പാദത്തിനടിയിൽ പൂശി. അനന്തരം അയാൾ സമീപത്തുള്ള കടൽതീരത്തേക്കു നടന്നു. സിന്ദൂരഡപ്പി അയാൾ എളിയിൽ തിരുകി. ഭാര്യയും മകളും അയാളെ അനുഗമിച്ചു. കർഷകൻ കടലിലേക്കു കാൽവച്ചപ്പോൾ, അത്ഭുതമെ—ജലം വഴി മാറിക്കൊടുത്തു. ഇരുവശവും കണ്ണാടികൊണ്ടുള്ള മതിൽപോലെ ജലം മാറിയപ്പോൾ കർഷകൻ അതിലെ പതുക്കെ നടന്നുപോയി. അയാൾ നടക്കുന്തോറും ജലം മാറിക്കൊടുക്കുകയും, പിൻവശത്തു ജലംവന്നു മൂടുകയും ചെയ്തു. കർഷകപത്നിയും പുത്രിയും കരയിൽ വളരെനേരം കാത്തുനിന്നു.

സസ്യപാലൻ, നടന്നുനടന്നു മുന്നോട്ടുപോയി. എത്ര ദൂരം നടന്നെന്നു് ഒരു നിശ്ചയവുമില്ല. നടന്നു നടന്നു കാൽ കുഴഞ്ഞപ്പോൾ, അയാൾ പിൻപോട്ടു നോക്കി. അവിടമെല്ലാം വെള്ളംതന്നെ വെള്ളം. തിരിച്ചുപോയാലെന്തെന്നു് അയാൾ വിചാരിച്ചു. എങ്കിലും ധൈര്യമവലംബിച്ചു മുന്നോട്ടുതന്നെ പോയി. വലിയ തിമിംഗലങ്ങളും, സ്രാവുമത്സ്യങ്ങളും, കടലാമകളും നീക്കിരകളും എല്ലാം തൻെറ ഇരുവശങ്ങളിലും നീന്തിക്കളിക്കുന്നതു് അയാൾ കണ്ടു. നീലിമകലൎന്ന ജലമാൎഗ്ഗത്തിലൂടെ അയാൾ പിന്നെയും നടന്നു. മന്ത്രവാദി പറഞ്ഞ മത്സ്യരാജാവിൻെറ കൊട്ടാരം അവിടെയെങ്ങും കാണുന്നില്ല. ഒടുവിൽ അയാൾ സിന്ദൂരഡപ്പി തുറന്നു് അല്പം സിന്ദൂരമെടുത്തു കണ്ണോളകളിൽ പൂശി. എന്നിട്ടു ദൂരത്തിലേക്കു നോക്കി. ഏതാണ്ടിരുന്നൂറു കാതം ദൂരെ, സ്വൎണ്ണവും പവിഴവുംകൊണ്ടു നിർമ്മിച്ച ഒരു കൊട്ടാരം അയാൾ കണ്ടു. ആ കൊട്ടാരം ലക്ഷ്യമാക്കി അയാൾ അതിവേഗം ഓടി. ഓടുന്തോറും ജലവും വേഗത്തിൽ ഇരുവശത്തേക്കും മാറിക്കൊണ്ടിരുന്നു. ഓടി ഓടി അയാൾ കൊട്ടാരത്തിൻെറ അടുത്തെത്തി. പവിഴപ്പുററുകൾകൊണ്ടുള്ള മതിലുകൾ ചുററുംഉയൎന്നുനില്ക്കുന്നു. മതിലിൻെറ അടുത്തെങ്ങും വെള്ളത്തിൻെറ ഉപദ്രവമില്ല. മറെറാരു ലോകം അവിടെ ആരംഭിക്കുകയാണു്. മത്സ്യരാജാവിൻെറ സാമ്രാജ്യം. കൊട്ടാരത്തിനും നോക്കെത്താത്ത പ്രദേശങ്ങൾക്കും ചുററും വെള്ളം കോട്ടപോലെ ഉയൎന്നുനില്ക്കുന്നുണ്ടു്. മുകളിൽ ആകാശവും സൂൎയ്യനും മേഘങ്ങളും എല്ലാം ഉണ്ടു്. ഭൂമിയിലെപ്പോലെതന്നെയുള്ള കാഴ്ച

പക്ഷെ നെൽവയലുകൾ അവിടെ കണ്ടില്ല. വൃക്ഷങ്ങൾക്ക് അധികം ഉയരമില്ല. നാളികേരം കൈയെത്തിപ്പറിക്കാവുന്നവിധം വളരെ ചെറിയവയാണു തെങ്ങുകൾ.

സസ്യപാലൻ അവിടെ കുറേനേരം അത്ഭുതസ്തിമിതനായി നിന്നശേഷം തിരിച്ചുപോകുവാൻ ഭാവിച്ചു. പെട്ടെന്നു് ഒരു ഭയങ്കര ശബ്ദം കേട്ട് അയാൾ ഞെട്ടി. ഭൂമിയിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള ഒരു മൃഗം അലറിക്കൊണ്ടു തൻെറ നേരെ വരുന്നു. വളരെ ദൂരെനിന്നാണതു വരുന്നതു്. മാർജ്ജാരസിന്ദൂരത്തിൻെറ ശക്തികൊണ്ടാണു് ഇത്ര ദൂരെവച്ചു് അതിനെ കാണുവാൻ തനിക്കു കഴിഞ്ഞതെന്നു് അയാൾക്കു മനസ്സിലായി. കൃഷിക്കാരൻ നല്ല മനസ്സാന്നിദ്ധ്യത്തോടുകൂടി, ഡപ്പിയെടുത്തു്, ഒരു നുള്ളു സിന്ദൂരംകൊണ്ടു നെററിയിൽ പൊട്ടുതൊട്ടു. അപ്പോഴേക്കും മൃഗം വളരെ അടുത്തുകഴിഞ്ഞു. അതു പാഞ്ഞുവന്നു് അയാൾ നിന്നിരുന്ന സ്ഥലത്തെത്തി അങ്ങോട്ടുമിങ്ങോട്ടും മണപ്പിച്ചുകൊണ്ടുനടന്നു. തന്നെ ആ മൃഗത്തിനു കാണാൻ കഴിയുന്നില്ലെന്നു കർഷകനു മനസ്സിലായി. അയാൾ ആ മൃഗത്തെ സൂക്ഷിച്ചുനോക്കി. അതിനു് ഒരു മനുഷ്യൻെറ മുഖവും, സിംഹത്തിൻെറ ജടനിറഞ്ഞ തലയും, മുതലയുടെ കക്കാതറച്ച ഉടലും, കുതിരയുടെ നീളംകൂടിയ കാലുകളും, മത്സ്യത്തിൻെറ വാലും ആണുള്ളതു്. അവിടെയെല്ലാം അതു ചുററിനടന്നശേഷം, ഒന്നലറി. ഇടിമുഴക്കംപോലെയുള്ള ആ ശബ്ദംകേട്ടു കർഷകൻ കിടുങ്ങിപ്പോയി. എന്തൊരു ഭയങ്കരമൃഗം! എന്തൊരു ഘോരശബ്ദം എന്നയാൾ തന്നത്താൻ പറഞ്ഞു.

# 6

## കരയ്ക്കും കടലിനുമപ്പുറം

പെരുങ്കടലിനുമപ്പുറം ഇങ്ങനെ വേറൊരു ഭൂതലം കണ്ടെത്തിയതിൽ സസ്യപാലൻ സ്വയം അഭിമാനിച്ചു. വലിയമ്മാവനായ മഹാമാന്ത്രികൻെറ മാർജ്ജാര സിന്ദൂരത്തിൻെറ ശക്തിയാണു തന്നെ ഈ പുതിയ ലോകത്തിലേക്കു കടന്നുവരാൻ സഹായിച്ചതെന്നു മനസ്സിലാക്കിയതിനാൽ സിന്ദൂരഡപ്പി ഭദ്രമായി സൂക്ഷിക്കുന്നതിൽ അയാൾ പ്രത്യേകം ശ്രദ്ധിച്ചു. തനിക്കെല്ലാവരെയും കാണാം; ആർക്കും തന്നെ കാണുവാൻ വയ്യാ—ഈ പരിതസ്ഥിതി അയാളെ വളരെ രസിപ്പിച്ചു. ഈ സ്വയം രസിക്കലിനിടയിൽ കഠിനമായ വിശപ്പ് അയാളെ ബാധിച്ചു. ആരും, തന്നെ കാണുകയില്ലെന്നുള്ളതുകൊണ്ടു് എവിടെയും കടന്നുചെല്ലാമെന്നു് അയാൾ ധൈര്യപ്പെട്ടു മുന്നോട്ടു നടന്നു. അത്ഭുതമൃഗം പോയവഴിയെ സസ്യപാലനും നടന്നു. അയാൾ ചെന്നുകയറിയതു വലിയൊരു കൊട്ടാരത്തിലാണു്. സ്വർണ്ണവും ചെമ്പവിഴങ്ങളും വെൺകടൽമുത്തുകളുംകൊണ്ടു നിർമ്മിച്ച ഒരു മനോഹരമായ കൊട്ടാരം. പക്ഷെ, കൊട്ടാരത്തിൻെറ ഭംഗികണ്ടു് ആനന്ദിക്കുവാൻ ആ കർഷകനു് അപ്പോൾ തോന്നിയില്ല. വിശപ്പു്, കാന്തിനുന്ന വിശപ്പു്; അതു ശമിപ്പിക്കാനെന്താണു മാർഗ്ഗമെന്നായിരുന്നു അയാളുടെ ശ്രദ്ധ മുഴുവനും.

ഏതായാലും കൊട്ടാരത്തിനകത്തേക്കയാൾ നട

D-M. 1558



ന്നുകയറി. അവിടെ ഉദയസൂര്യനെപ്പോലെ മനോഹരനായ ഒരു രാജകുമാരൻ, ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു. തൻെറ പുത്രിയുടെ ഭർത്താവാകാൻ പോകുന്ന ശംഖഭൂഷണനാണതെന്നു സസ്യപാലനു മനസ്സിലായി. വിഭവങ്ങൾ നിറഞ്ഞ ധാരാളം സ്വർണ്ണപ്പാത്രങ്ങൾ മേശമേൽ നിരത്തിവച്ചിരിക്കുന്നു. സസ്യപാലൻ പതുക്കെ മേശയ്ക്കടുത്തുചെന്നു്, വിഭവങ്ങൾ ഓരോന്നോരോന്നായി എടുത്തു തിന്നുവാൻതുടങ്ങി. ഇത്ര രുചികരമായ ഭക്ഷണം ആ സാധുവിൻെറ ആയുസ്സിൽ ആദ്യമായിട്ടാണു കഴിക്കുന്നതു്. തൻെറ ജാമാതാവാകാൻ പോകുന്ന രാജകുമാരനെത്തന്നെ നോക്കിനിന്നുകൊണ്ടു. അയാൾ വിശപ്പടക്കി. ആ കർഷകൻെറഹൃദയവും വയറും നിറഞ്ഞു.

86999

ഭാര്യയേയും മകളേയും കടൽക്കരയിൽ നിറുത്തിയിട്ടാണു താൻ സമുദ്രത്തിൻെറ ആഴത്തിലേക്കിറങ്ങിയതെന്നുള്ള കാര്യം അയാൾ മറന്നുപോയതുപോലെ കാണപ്പെട്ടു. കടലിനടിയിൽക്കൂടിയുള്ള വളരെ നേരത്തെ യാത്രയും, പതിവില്ലാത്തവിധം, വയർ അമിതമായി നിറച്ചുകൊണ്ടുള്ള ഭക്ഷണവും കഴിഞ്ഞപ്പോൾ സസ്യപാലനു് അവിടെ എവിടെയെങ്കിലും കിടന്നു് ഒന്നുറങ്ങണമെന്നു തോന്നി. ഉറങ്ങാനുള്ള സൗകര്യമന്വേഷിച്ചു് അയാൾ കൊട്ടാരത്തിൻെറ എല്ലാ മുറികളിലും കയറിനോക്കി. ഒഴിഞ്ഞ മൂലയിൽ ഒരു തൂക്കുമഞ്ചം കണ്ടു് അയാളതിൽ കയറിക്കിടന്നു. കിടന്നയുടനെ തൂക്കുമഞ്ചം ലഘുവായി ആടുവാൻ തുടങ്ങി. കർഷകനു് അതു വളരെ സുഖകരമായിത്തോന്നി. തൂക്കു

ഖത്തിൻെറ ആട്ടം വർദ്ധിച്ചപ്പോഴേക്കു മധുരമായ ഒരു ഉറക്കുപാട്ടും കേൾക്കാറായി. ആട്ടവും പാട്ടും ആദ്യം രസകരമായിത്തോന്നിയെങ്കിലും, അതെങ്ങനെ സ്വയം സംഭവിക്കുന്നു എന്നു ചിന്തിച്ചപ്പോൾ, അയാൾക്ക് ഉള്ളിൽ ഒരു ഭീതിയുണ്ടായി. തന്നിമിത്തം വളരെനേരം ഉറങ്ങാതെ അയാൾ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഒടുവിൽ ക്ഷീണവും, പാട്ടിൻെറ മധുരിമയും, ആട്ടത്തിൻെറ ആനന്ദവും എല്ലാംകൂടിച്ചേർന്നപ്പോൾ അയാളുടെ കൺപോളകൾ പതുക്കെ അടഞ്ഞു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ സത്യപാലൻ ഗാഢനിദ്രയിൽ ലയിച്ചു.

## 7

## അന്തർവാഹിനിത്തിമിംഗലം

മന്ത്രവാദിയുടെ മാർജ്ജാരസിന്ദൂരവും ധരിച്ചു കടലിലേക്കു പോയ സത്യപാലൻ ഉടനെ തിരിച്ചുവരുമെന്നു കരുതി, അയാളുടെ ഭാര്യ ശ്യാമളയും മുതലരൂപം പൂണ്ട മകൾ ലതയും നേരം ഇരുട്ടുന്നതുവരെ സമുദ്രതീരത്തു കാത്തുനിന്നു. രാത്രിയായിട്ടും കാണായ്കയാൽ അയാൾ മുങ്ങി മരിച്ചിരിക്കുമെന്നു സംശയിച്ച് അവർ ദുഃഖിതരായി വീട്ടിലേക്കുപോയി.

ഇങ്ങനെ ദിവസങ്ങൾ ഓരോന്നായി കഴിഞ്ഞു; മുതലത്തലവൻ അറിയിച്ചിരുന്നപ്രകാരം പതിന്നാലാംദിവസം അതിരാവിലെ പത്തുപതിനഞ്ചു മുതലകൾ, കൃഷിക്കാരൻെറ ഭവനത്തിലെത്തി. മുതലപ്രമാ

ണിയും അക്കൂട്ടത്തിലുണ്ടായിരുന്നു. ആദ്യമായി മുതല പ്രമാണി കർഷകപുത്രിയുടെ മുതലരൂപം മാററി അവളെ പൂർവ്വസ്ഥിതിയിലാക്കി. അവൾക്കു രൂപഭേദം വന്നപ്പോൾ, മാതാവു് അവളെ കെട്ടിപ്പിടിച്ചു കരഞ്ഞു:-"മകളെ നിനക്കുണ്ടായ ഈ മാററം കാണുവാൻ നിൻെറ അച്ഛൻ ഇവിടെയില്ലാതായിപ്പോയല്ലോ" എന്നു ശ്യാമള കണ്ണുനീരൊഴുക്കിക്കൊണ്ടു പറഞ്ഞു.

"ലതയുടെ അച്ഛൻ എവിടെപ്പോയി?"—മുതല പ്രമാണി ചോദിച്ചു.

ലത, ഉണ്ടായ സംഭവങ്ങളെല്ലാം വിവരിച്ചുപറഞ്ഞു.

മുതലത്തലവൻ-അങ്ങനെയെങ്കിൽ അദ്ദേഹം ഞങ്ങളുടെ കൊട്ടാരത്തിനടുത്തെവിടെയെങ്കിലും ഉണ്ടായിരിക്കും.

ലത—അച്ഛൻ തിരിയെപ്പോരാൻ കഴിയാതെ അവിടെ വല്ലയിടത്തും അലഞ്ഞുനടക്കുകയായിരിക്കും.

മുതല—അങ്ങനെയും വരാം. കൊട്ടാരവാതിൽ കടന്നു് ഉള്ളിലേക്കു പ്രവേശിക്കുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. കോട്ടവാതിൽക്കൽ, സമുദ്രകേസരി കാവൽനില്ക്കുന്നുണ്ടു്. ആ വിചിത്രമായ ക്രൂരമൃഗം, ആരെയും അകത്തു കടത്തിവിടുകയില്ല.

ശ്യാമള—അദ്ദേഹത്തെ ആ ഘോരജന്തു കൊന്നു തിന്നിരിക്കുമോ എന്നാണെൻെറ ഭയം. അല്ലെങ്കിൽ ഇത്രയുംദിവസമായിട്ടും അദ്ദേഹം തിരിച്ചുവരാതിരിക്കുമോ?

മുതല—അങ്ങനെയൊരു ഹിംസ നടന്നതായി

ഞങ്ങളാരുമറിഞ്ഞിട്ടില്ല. അദ്ദേഹമവിടെ വന്നുചേൎന്ന തായും വിവരം കിട്ടിയിട്ടില്ല. നിങ്ങൾ പറയുന്ന മന്ത്രവാദിയുടെ സിന്ദൂരം വെറും സൂത്രമായിരിക്കും. അതിനു ശക്തിയൊന്നുമില്ലെന്നു വരാം. അങ്ങനെയെങ്കിൽ അദ്ദേഹം കടലിൽ ഇടയ്ക്കുവച്ചു മുങ്ങി മരിക്കുകയോ, വല്ല കടൽജന്തുവിൻെറയും ഭക്ഷണമായി ത്തീരുകയോ ചെയ്തിരിക്കാം.

ഇതു കേട്ടപ്പോൾ കർഷകപത്നിയും പുത്രിയും വാവിട്ടു കരയുവാൻ തുടങ്ങി. മുതലകൾ ഇതെല്ലാം കണ്ടുകൊണ്ടു മുററത്തുകിടക്കുകയായിരുന്നു. വെയിലുറച്ചു തുടങ്ങിയതിനാൽ, മുതലകളുടെ പുറത്തു ചൂടു തട്ടിത്തുടങ്ങി. അവർ പോകുവാൻ ധൃതികൂട്ടി. മുതലപ്രമാണി ശ്യാമളയോടു പറഞ്ഞു:—

"ഏതായാലും വന്നതു വന്നു. ഇനി ദുഃഖിച്ചിട്ടുകാര്യമില്ല. നിങ്ങളുടെ മകളെ ഞങ്ങളോടുകൂടി അയയ്ക്കുക. ഞങ്ങളുടെ യുവാവായ രാജകുമാരൻ അവളെ വിവാഹം ചെയ്യുവാനുള്ള ഒരുക്കങ്ങൾ പൂൎത്തിയാക്കിക്കൊണ്ടു കാത്തിരിക്കുകയാണു്. ശംഖഭൂഷണൻ എന്നാണദ്ദേഹത്തിൻെറ പേരെന്നറിയാമല്ലോ."

ലത—ഞാൻ നിങ്ങളുടെകൂടെ വരാൻ തയ്യാറാണു്. പക്ഷെ, എൻെറ അമ്മയെ തനിയെ ഇവിടെനിറുത്തിയിട്ടു ഞാൻ വരുന്നതെങ്ങനെയാണു്? അച്ഛൻ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊരു വിചാരമാവശ്യമില്ലായിരുന്നു. അങ്ങു് ഒന്നാലോചിക്കുക. ഞാൻ എന്തുചെയ്യണം?

മുതലത്തലവൻ, കൂട്ടുകാരായ മുതലകളുമായി ആ

ലോചിച്ചു. വളരെനേരത്തെ ചർച്ചകൾക്കുശേഷം, ശ്യാമളയെക്കൂടി തങ്ങളുടെ രാജ്യത്തിലേക്കു കൊണ്ടു പോകാമെന്നു അവർ തീരുമാനിച്ചു.

അവരെല്ലാവരും യാത്രയ്ക്കു സന്നദ്ധരായി. "ഞങ്ങളെങ്ങനെ കടലിൽക്കൂടി വരും? മാർജ്ജാരസിന്ദൂരം ഞങ്ങളുടെപക്കലില്ലല്ലോ" എന്നു കർഷകപത്നി പറഞ്ഞു.

മുതലത്തലവൻ— അതെപ്പററി വിഷമിക്കേണ്ടാ. ഞങ്ങളുടെ അന്തർവാഹിനിത്തിമിംഗലം ഉടനെ തീരത്തു വന്നുചേരും. നിങ്ങൾക്കതിൽക്കയറിപ്പോകാം.

എല്ലാവരുംകൂടി കടൽത്തീരത്തെത്തി. മുതലത്തലവൻ ഉടനെ എന്തോ ഒരു ശബ്ദം പുറപ്പെടുവിച്ചു. പെട്ടെന്ന് ഒരു തിമിംഗലം തീരത്തിനടുത്തുവന്നുപൊങ്ങി. അതു പതുക്കെ കരയിലേക്കു ഇഴഞ്ഞുനീങ്ങി തുരങ്കംപോലെ വായ് പിളന്നു കിടന്നു. മുതലത്തലവന്റെ നിർദ്ദേശാനുസരണം, കർഷപത്നിയും പുത്രിയും തിമിംഗലത്തിന്റെ വായിലേക്കു കയറി. അവർ കയറിക്കഴിഞ്ഞപ്പോൾ, വായ് അടഞ്ഞു. പിന്നീട് അതു പതുക്കെ നീങ്ങി വെള്ളത്തിൽ മുങ്ങി. മുതലകൾ ഈ അന്തർവാഹിനിത്തിമിംഗലത്തിനു് അകമ്പടി സേവിച്ചു.

കർഷകന്റെ ഭാര്യയും പുത്രിയും തിമിംഗലത്തിന്റെ വയററിൽ കയറിയപ്പോഴാണു മനസ്സിലായതു്. അതൊരു ജീവനുള്ള ജന്തുവല്ലെന്നു്. അതിന്നുള്ളിൽ ഇരിക്കാൻ കസേരകളും കിടക്കാൻ കട്ടിലുകളും ഉണ്ടായിരുന്നു. ഒരു വലിയ കെട്ടിടത്തിന്നുള്ളിൽ പ്രവേശി

ച്ചതുപോലെയാണ് അവക്കു തോന്നിയതു്. ആ അന്തർവാഹിനി വേഗത്തിൽ പായുകയായിരുന്നു. ഉള്ളിൽ ഒരു നേരിയ നീലപ്രകാശംമാത്രമേ ഉണ്ടായിരുന്നുള്ളൂ. കടലിനപ്പുറത്തുള്ള കൊട്ടാരത്തോടടുക്കാറായപ്പോൾ അതിന്റെഗതിവേഗം കുറഞ്ഞതായിത്തോന്നി. കുറെക്കൂടി കഴിഞ്ഞപ്പോൾ അതു് എവിടെയോ ഉറച്ചു. ഉടനെ നീളംകുറഞ്ഞ ഒരു മനുഷ്യൻ അന്തർവാഹിനിയുടെ തലയ്ക്കൽനിന്നു് ഒരു പെട്ടിയുമായി പതുക്കെ ഇറങ്ങിവന്നു് ആ സ്ത്രീകളെ വന്ദിച്ചു.

അയാൾക്കെന്താണു വേണ്ടതെന്നു് അവർ ചോദിച്ചു.

നീളംകുറഞ്ഞമനുഷ്യൻ പെട്ടിഅവരുടെമുമ്പിൽ വച്ചിട്ടു തനിക്കു പറയാനുള്ളതു് ആംഗ്യംകൊണ്ടു് അവരെ ഗ്രഹിപ്പിച്ചു.

കർഷകപത്നിക്കും പുത്രിക്കും ധരിക്കുവാനുള്ള വിശേഷവസ്ത്രങ്ങളാണു് അതിലുണ്ടായിരുന്നതു്. വധുവിനു വേണ്ട പ്രത്യേകാഭരണങ്ങളും അതിലുണ്ടായിരുന്നു. അമ്മയും മകളും അവക്കുള്ള വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചുകഴിഞ്ഞപ്പോൾ, അന്തർവാഹിനിയുടെ വായ് മുന്നേപ്പോലെ തുറന്നു. ശ്യാമളയും ലതയും അതിൽനിന്നിറങ്ങി താമസിയാതെതന്നെ അന്തർവാഹിനി, പുറകോട്ടുമാറി, വെള്ളത്തിൽമറഞ്ഞു.

# 8

## മത്സ്യരാജധാനിയിൽ

തൃക്കമഞ്ചത്തിൽ ഉറങ്ങാൻ കിടന്ന സസ്യപാലൻ അങ്ങനെ എത്രദിവസം അവിടെ ഉറങ്ങിക്കിടന്നുവെന്ന് അയാൾക്കുതന്നെ ഒരു നിശ്ചയവും ഉണ്ടായിരുന്നില്ല. ഏതായാലും ഉണൎന്നപ്പോൾ, അയാൾക്കു വലിയ ക്ഷീണവും വിശപ്പും തോന്നി. ദിവസവും രാവിലെയും വൈകിട്ടും കുളിക്കുക എന്നുള്ളതു് ആ കൃഷകന്റെ കാൎയ്യത്തിൽ നിർബന്ധമായ പതിവായിരുന്നു. ഈ പുതിയ ലോകത്തിൽ വന്നതിനുശേഷം അയാൾ കുളിച്ചിട്ടില്ല. ഭക്ഷണത്തെക്കാൾ കുളിയിലായിരുന്നു അയാൾക്കു കൂടുതൽ നിഷ്ഠ. അതിനാൽ എന്തെങ്കിലും ഭക്ഷണം കഴിക്കാൻ ശ്രമിക്കുന്നതിനു മുമ്പു കുളിക്കുക തന്നെ എന്നു നിശ്ചയിച്ചു. പക്ഷെ എവിടെച്ചെന്നാണു കുളിക്കുക?

കർഷകൻ എഴുന്നേററു മാർജ്ജാരസിന്ദൂരം മെത്തയ്ക്കടിയിൽ ഒളിച്ചുവെച്ചശേഷം കുളിസ്ഥലമന്വേഷിച്ചു നടന്നു. അധികസമയം അയാൾക്കങ്ങനെ നടക്കേണ്ടിവന്നില്ല. ചുററും വെള്ളക്കല്ലുകൾകൊണ്ടു വൃത്തിയായി പടികൾ കെട്ടിയിട്ടുള്ള ഒരു ചെറിയ തടാകം അയാൾ കണ്ടു. കൊട്ടാരവാസികളുടെ സ്നാനസ്ഥലമാണതെന്നയാൾക്കു മനസ്സിലായി. താനും കൊട്ടാരവാസിയാണല്ലൊ. കണ്ണുനീരുപോലെ തെളിഞ്ഞ വെ

ള്ളം. നല്ല ആഴമുണ്ടായിരുന്നിട്ടും അതിന്റെ അടിയിൽ നിരന്നുകിടക്കുന്ന പളുങ്കുമണലുകൾ വ്യക്തമായി അയാൾ കണ്ടു. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നിറമുള്ള മീൻകുഞ്ഞുങ്ങളും വലിയ മീനുകളും അതിൽക്കിടന്നു കളിക്കുന്നു! സസ്യപാലൻ സന്തുഷ്ടനായി തടാകത്തിൽ കുളിക്കുവാനിറങ്ങി എന്നാൽ അത്ഭുതമെ, വെള്ളം അയാൾക്കു വഴിമാറിക്കൊടുത്തു. അയാൾ ഒരുപടി ഇറങ്ങുമ്പോൾ, ജലവും ഒരുപടി ഒഴിഞ്ഞുമാറും. അയാൾ വെള്ളത്തിലേക്കെടുത്തുചാടി. ഒരുതുള്ളി വെള്ളവും അയാളുടെ ദേഹത്തു സ്പർശിച്ചില്ല. ഒരു സ്ഫടികക്കിണററിലെന്നപോലെ, ചുററും വെള്ളം ഉയർന്ന ഒരു കുഴിയിൽ സസ്യപാലൻ ചെന്നു വീണു. അവിടെനിന്ന് എഴുന്നേററു നടന്ന് അയാൾ വീണ്ടും കല്പടികളിൽ കയറി. തന്റെ പാദങ്ങളിൽ മാർജ്ജാരസിന്ദൂരം പൂശിയിട്ടുള്ളതിനാലാണു ജലം തന്നെ സ്പർശിക്കാതെ ഒഴിഞ്ഞുമാറുന്നതെന്നു പെട്ടെന്നയാൾ ഓർത്തു.

സിന്ദൂരം വെള്ളംകൊണ്ടു കഴുകിക്കളയുവാൻ സാദ്ധ്യമല്ല. കാരണം, വെള്ളം ദേഹത്തു സ്പർശിക്കുകയില്ല. അയാൾക്കു കഠിനമായ ദാഹം തോന്നി. പക്ഷെ, ഒരുതുള്ളി വെള്ളംപോലും കുടിക്കാൻ നിവൃത്തിയില്ല. ഒരു കൈക്കുമ്പിൾ വെള്ളമെടുക്കാൻ ശ്രമിച്ചിട്ടു സാധിച്ചില്ല. കൈയുംകൊണ്ടു ചെല്ലുമ്പോഴേക്കു വെള്ളം ജീവനുള്ളതുപോലെ ഒഴിഞ്ഞു നീങ്ങിപ്പോകും.

വല്ലാത്ത വിഷമസ്ഥിതിയിലായ സസ്യപാലൻ തിരിയെ കൊട്ടാരത്തിൽ വന്നു. അപ്പോൾ അവി

ടത്തെ തിക്കും തിരക്കും ഉത്സാഹപ്രകർഷവും അയാളെ വിസ്മയപരതന്ത്രനാക്കി. മനുഷ്യലോകമായ ഭൂമിയിലെന്നപോലെ, ഈ മത്സ്യലോകത്തും ധാരാളം മനുഷ്യരുണ്ടെന്നു കണ്ടപ്പോൾ അയാൾ ആഹ്ലാദഭരിതനായി. വിശപ്പും ദാഹവും എല്ലാം സസ്യപാലൻ മറന്നു. ജനക്കൂട്ടത്തിനിടയിൽക്കൂടി അയാൾ മുന്നോട്ടു നടന്നു. രാജകുമാരൻെറ വിവാഹത്തിനുള്ള ഒരുക്കങ്ങളാണു നടക്കുന്നതെന്നു് അയാൾക്കു ക്ഷണത്തിൽ മനസ്സിലായി. ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങൾ ഉറങ്ങിക്കിടക്കുകയായിരുന്നതുകൊണ്ടു കൊട്ടാരത്തിൽ നടന്ന ഒരുക്കങ്ങളെക്കുറിച്ചൊന്നും അറിയുവാൻ അയാൾക്കു കഴിഞ്ഞിരുന്നില്ല.

രാജകുമാരൻെറ വധുവാകാൻ പോകുന്നതു തൻെറ പുത്രിയാണെന്നുള്ളതുകൊണ്ടു് അവളെ ഈ ലോകത്തിലേക്കു മുതലകൾ കൊണ്ടുവന്നിരിക്കുമെന്നു് അയാൾ വിചാരിച്ചു. അവൾ ഇവിടെയെങ്ങാനുമുണ്ടോ എന്നറിയുവാൻ അയാൾ ബദ്ധപ്പെട്ടു് അവിടെയെല്ലാം നടന്നു. പക്ഷെ ലതയെ അയാൾ അവിടെയെങ്ങും കണ്ടില്ല. ഒരു നല്ല ജനസംഘം, കൊട്ടാരവാതിൽക്കൽ നില്പുണ്ടു്. സസ്യപാലൻ അവരുടെ അടുക്കലേക്കു ചെന്നു. അവർ ആരെയോ പ്രതീക്ഷിച്ചു നിൽക്കുകയാണു്.

അദൃശ്യമനുഷ്യനായ സസ്യപാലൻ അവരുടെ കൂട്ടത്തിൽ ചെന്നു നിന്നതു് അവിടെ കൂടിനിന്ന ജനങ്ങൾ അറിഞ്ഞതേയില്ല. എന്നാൽ അവരെക്കാൾ ദൂരത്തിൽ കാണുവാൻ, മാർജ്ജാരസിന്ദൂരശക്തിമൂലം

കർഷകനു കഴിഞ്ഞിരുന്നു. അയാൾ അങ്ങനെ വിദൂര തയിലേക്കു നോക്കി. ജലപ്പരപ്പിനടുത്തുനിന്നൊരു ചെറിയ ഘോഷയാത്ര മുന്നോട്ടു നീങ്ങുന്നു. പത്തുപതിനഞ്ചുപേർ മാത്രമെ ആ കൂട്ടത്തിലുള്ളു. എല്ലാവരും മോടിയായിട്ടാണു വസ്ത്രധാരണംചെയ്തിരിക്കുന്നതു്. ഘോഷയാത്രയുടെ മുൻപിൽ രണ്ടു സ്ത്രീകളുമുണ്ടു്. കർഷകനു തൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾ സൂക്ഷിച്ചുനോക്കി. സന്തോഷംകൊണ്ടു് അയാൾ തുള്ളിച്ചാടി. തൻെറ മകളും ഭാര്യയും വേറൊരു യുവതിയും രാജസ്ത്രീകളെപ്പോലെ അത്യാഡംബരപൂർണ്ണമായ വസ്ത്രാഭരണങ്ങൾ അണിഞ്ഞു് അഭിമാനവിജൃംഭിതരായി നടന്നുവരുന്നു. ഭൂമിയിൽനിന്നു് അവർ വരുകയാണു്. മകളുടെമുഖം സന്തോഷംകൊണ്ടും ഭാര്യയുടെ മുഖം അഭിമാനംകൊണ്ടും വികസിച്ചിട്ടുണ്ടു്. തൻെറ ഭാര്യ ഇത്രവലിയ സുന്ദരിയാണല്ലോ എന്നു് അയാൾ അത്ഭുതപ്പെട്ടു. "മണ്ണും പെണ്ണും നന്നാക്കുന്നിടത്തോളം നന്നാകും" എന്ന പഴമൊഴി അയാൾ ഓർത്തു. വിശേഷപ്പെട്ട പട്ടുവസ്ത്രങ്ങളും, മിന്നിത്തിളങ്ങുന്ന കർണ്ണാഭരണങ്ങളും, അഴകു വഴിഞ്ഞൊഴുകുന്ന കണ്ഠമാല്യങ്ങളും ധരിച്ചപ്പോൾ, തൻെറ സാധുവായ ഭാര്യ ഒരു ദേവലോകസുന്ദരിയെപ്പോലെ മനോമോഹിനിയായി! സസ്യപാലൻ വളരെവേഗം മുന്നോട്ടോടി, ഭാര്യയേയും മകളേയും ആലിംഗനംചെയ്തു. പക്ഷെ സസ്യപാലൻ തങ്ങളെ ആലിംഗനംചെയ്ത വിവരം ശ്യാമളയും ലതയും അറിഞ്ഞതേയില്ല. മാത്രമല്ല, സസ്യപാലൻെറ സാന്നിദ്ധ്യം മത്സ്യരാജധാനിയിലുണ്ടെന്നു് അവർ സ്വപ്നേപി ചിന്തിച്ചുമില്ല. അയാൾ കടലിൽമുങ്ങിമരിച്ചിരിക്കുമെന്നാണവർകരുതിയിരുന്നതു്.

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

9

## ഒരു നെടുവീർപ്പും രണ്ടു തുള്ളി കണ്ണുനീരും.

ശംഖഭൂഷണൻ എന്ന മത്സ്യരാജകുമാരന്റെ വിവാഹത്തിന് ഇനി രണ്ടുദിവസംകൂടിയുണ്ട്. വധുവായ കർഷകപുത്രിയേയും അവളുടെ അമ്മയേയും രാജോചിതമായ രീതിയിൽ അലങ്കരിച്ച ഒരു വെൺകൽ കൊട്ടാരത്തിൽ താമസിപ്പിച്ചിരിക്കയാണ്. സസ്യപാലനും അദൃശ്യരൂപത്തിൽ ആ കൊച്ചുകൊട്ടാരത്തിൽ തന്നെ കഴിഞ്ഞുകൂടി. അയാൾ കാലിലെ മാർജ്ജാര സിന്ദൂരം തുണികൊണ്ടു വളരെനേരം അമർത്തിത്തുടച്ചു. തന്നിമിത്തം അയാളോടു ജലത്തിനുള്ള ഭീതി മാറി. കർഷകൻ തടാകത്തിലിറങ്ങിക്കുളിച്ചു. എട്ടു പത്തു ദിവസത്തിനകം ആദ്യം നിർവഹിച്ച കുളിയായിരുന്നു അതു്. കുളിച്ചപ്പോൾ നെററിത്തടത്തിലെ സിന്ദൂരക്കുറിയും, കൺപോളകളിലെ സിന്ദൂരപ്പൂച്ചും മാഞ്ഞുപോയി. അതോടുകൂടി സസ്യപാലൻ പൂർവ്വസ്ഥിതിയെ പ്രാപിച്ചു. അയാൾ കുളികഴിഞ്ഞു് ഈറൻവസ്ത്രങ്ങളോടുകൂടി തടാകത്തിൽനിന്നു കയറുന്നതു കൊട്ടാരത്തിലെ ബലിഷ്ഠനായ ഒരു സേവകൻ കണ്ടു. ഭൂമിയിൽ നിന്നു നുഴഞ്ഞിറങ്ങി തടാകത്തിൽകൂടി ഒളിച്ചുവന്ന

ഒരു മനുഷ്യനാണയാളെന്നു കൊട്ടാരം സേവകൻ കരുതി. അയാൾ ഓടിവന്നു കർഷകനെ പിടികൂടി. അയാളെ രാജസന്നിധിയിൽ ഹാജരാക്കുവാനായിരുന്നു അയാളുടെ ശ്രമം. സിന്ദൂരഡപ്പി അപ്പോൾ കൈവശമില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ, കൊട്ടാരം സേവകനിൽനിന്നു തനിക്കു് അദൃശ്യനാകാമായിരുന്നുവെന്നു സസ്യപാലൻ ആശിച്ചു. പല ദിവസം പട്ടിണി കിടന്ന കർഷകൻ ബലിഷ്ഠനായ സേവകൻെറ പിടിയിൽ അമന്നുപോയി.

സേവകൻ—നീ ആരാണു്? എങ്ങനെ ഇവിടെ വന്നു?

കർഷകൻ സംഗതികളെല്ലാം വിവരിച്ചുപറഞ്ഞു. എന്നാൽ, തൻെറ മകളെയാണു രാജകുമാരൻ വിവാഹംചെയ്യുവാൻപോകുന്നതെന്നും, അവളോടുകൂടി വന്നിട്ടുള്ളതു തൻെറ ഭാര്യയാണെന്നുമുള്ള വിവരം അയാൾ പറഞ്ഞില്ല. മാർജ്ജാരസിന്ദൂരത്തിൻെറ ശക്തിയെപ്പററി സേവകനു വിശ്വസിക്കാൻ പ്രയാസം തോന്നി. അയാൾ പറഞ്ഞു—"മത്സ്യലോകത്തു ചില മായാതന്ത്രങ്ങളും ജാലങ്ങളും ഒക്കെ നടക്കുന്നുണ്ടു്. ഞങ്ങൾക്കു മത്സ്യങ്ങളായും മുതലകളായും സഞ്ചരിക്കുവാൻ കഴിയും. എന്നാൽ മററുള്ളവരുടെ ദൃഷ്ടിയിൽപെടാതെ നടക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. അതിനാൽ നിങ്ങൾ വെറും അസംബന്ധം പറയുകയാണു്."

കർഷകൻ എത്ര പറഞ്ഞിട്ടും ആ സേവകനു് അതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഈ അവസര

ത്തിൽ മററു ചില സേവകരും ഓടിക്കൂടി. അവർ വന്ന പാടെ സസ്യപാലനെ പ്രഹരിക്കുവാൻ തുടങ്ങി. സാധു മനുഷ്യൻ! അടികൊണ്ടു ഗത്യന്തരമില്ലാതായപ്പോൾ അയാൾ ബോധക്ഷയം നടിച്ചു താഴെക്കിടന്നു.

സ്ഥലമെല്ലാം ഒന്നു ചുററിക്കാണുവാനിറങ്ങിയ ശ്യാമളയും പുത്രി ലതയും അപ്പോൾ ആ വഴി വന്നു. ഒരു മനുഷ്യനെ, കൊട്ടാരം സേവകർ ദേഹോപദ്രവമേല്പിക്കുന്നതു കണ്ടു് അവർ അടുത്തുചെന്നു. അവരെ കണ്ടപ്പോൾ സേവകർ ആദരപൂർവ്വം ഒതുങ്ങിനിന്നു. പട്ടിലും പൊന്നിലും വെൺമുത്തുകളിലും പവിഴങ്ങളിലും പൊതിയപ്പെട്ട അമ്മയും മകളും, ഒരു രാജ്ഞിയും രാജകുമാരിയുംപോലെ വിലസി. അവർ, സസ്യപാലനെക്കണ്ടു് ആരെന്നറിഞ്ഞുവെങ്കിലും ആ വിവരം പുറമെ ഭാവിച്ചില്ല. അമ്മയും മകളും പരസ്പരം നോക്കി കണ്ണിറുക്കി. തങ്ങളുടെ ആഡംബരപൂർവ്വമായ വേഷവിധാനങ്ങൾക്കും ആ സാധു കർഷകൻെറ പഴഞ്ചൻ വസ്ത്രങ്ങൾക്കും തമ്മിൽ ഒരു സാമ്യവുമവർ കണ്ടില്ല. അയാളുടെ മകളും ഭാര്യയുമാണു തങ്ങളെന്നു വെളിപ്പെടുത്തുന്നതു് ആക്ഷേപകരമെന്നു് അവർ വിചാരിച്ചു.

ആയുഷ്കാലത്തിൽ ഒരു നല്ല ഭാഗവും ഭൂമിയോടു മല്ലിട്ടും വെയിൽകൊണ്ടും ശരീരം കറുത്തും, ക്ഷീണിച്ചിരുന്ന ആ കർഷകനാണു തൻെറ പിതാവെന്നു, രാജകുമാരൻ അറിയുമ്പോൾ ഒരുവേള തന്നെ സ്വീകരിക്കാതെ വന്നേക്കുമോ എന്നു ലത സംശയിച്ചു. അവൾ

അമ്മയെ ഒന്നുകൂടി നോക്കി. ആ നോട്ടത്തിൻെറ അത്ഥം ശ്യാമളയ്ക്കു മനസ്സിലായി. അവർ സേവകരോടി ങ്ങനെ പറഞ്ഞു:—

"ഈ സാധു മനുഷ്യൻ ഞങ്ങളുടെ ഭൂമിയിൽനിന്നു വന്നതാണു്. ഇയാളെ നിങ്ങൾ ഇങ്ങനെ ഉപദ്രവിച്ചതു ശരിയായില്ല. വന്നതു വന്നു. ഇനി അയാളെ ഒന്നും ചെയ്യരുതു്."

ആദ്യത്തെ സേവകനാണ് അതിനു മറുപടിപറഞ്ഞതു്—"ഇവൻ ഒരു പെരുങ്കള്ളനാണെന്നു തോന്നുന്നു. ഒരുതരം മാന്ത്രികസിന്ദൂരത്തിൻെറ ശക്തികൊണ്ടാണു താൻ ഇവിടെ വന്നു പററിയതെന്നു് അയാൾ പറയുന്നു. അതു കള്ളമാണു്. ഇവനെ വെറുതെ വിട്ടുവാൻ പാടില്ല. ഇവനെ ഞങ്ങൾ രാജാവിൻെറ അടുക്കൽ കൊണ്ടുപോയി വിസ്തരിക്കാൻ പോകുകയാണു്."

ശ്യാമള—അതുവേണ്ടാ. അയാൾ തിരിയെ അയാളുടെ നാട്ടിലേക്കു വന്നവഴിയെ പോകുവാൻ പറയുക. ഇനി ഉപദ്രവിക്കരുതു്.

ഈ സംസാരവും, തൻെറ ഭാര്യയുടെയും മകളുടെയും ഭാവവും കണ്ടും കേട്ടും കിടന്ന കർഷകനു വളരെ അത്ഭുതവും ദണ്ഡവും തോന്നി. താൻ ആർക്കുവേണ്ടി ഇക്കാലമത്രയും കഷ്ടപ്പെട്ടുവോ അവരുടെ നന്ദിയും സ്നേഹവുമില്ലാത്ത ഈ പെരുമാററത്തിൽ അയാൾ വളരെ നിരാശനായി. സ്ത്രീകൾ ഇത്ര ഹൃദയശൂന്യരാണല്ലോ എന്നയാൾ ദുഃഖിച്ചു. തൻെറ ഭാര്യയുടെയും മകളുടെയും ഈ മനുഷ്യോചിതമല്ലാത്ത പെരുമാററം

D. M. 1548



അയാൾക്കു സഹിച്ചില്ല. ഒരു പ്രതികാരചിന്ത ആ കർഷകനിൽ ഉദിച്ചു. സസ്യപാലൻ കുറേനേരം ചിന്താക്ഷുഭിതനായി കണ്ണടച്ചു കിടന്നു. കണ്ണുതുറന്നു നോക്കിയപ്പോൾ, സ്ഥലങ്ങൾ കണ്ടു വിനോദിക്കുവാനായി തന്റെ പ്രിയപ്പെട്ട ഭാര്യയും വത്സലയായ മകളും യാത്രത്തുടരുന്നതാണു് അയാറം കണ്ടതു്. .ഒരു നെടുവീർപ്പും രണ്ടുതുള്ളി കണ്ണുനീരും അയാളിൽനിന്ന് ഉതിർന്നു.

ആ അമ്മയും മകളും നടന്നു മറയുന്നതു നോക്കിനിന്ന കൊട്ടാരം സേവകർ, സസ്യപാലനെ എടുത്തുകൊണ്ടുപോയി ഒരു പഴയ കെട്ടിടത്തിന്റെ അകത്തുള്ള ഇരുട്ടുമുറിയിലാക്കി കതകും അടച്ചുപൂട്ടി.

## 10

### വീണ്ടും ഭൂതലത്തിൽ.

മൃഷ്ടാന്നഭക്ഷണം കഴിഞ്ഞു കൊട്ടാരത്തിലെ വിശാലസുന്ദരമായ മുറിയിൽ പരമമൃദുലങ്ങളായ മഞ്ചങ്ങളിൽ തൻെറ ഭാര്യയും മകളും സുഖനിദ്രചെയ്യുമ്പോൾ ക്ഷുദ്രകീടങ്ങളുടെ കടിയേററ്, വെറും തറയിൽ, വിശന്നുപൊരിഞ്ഞു് ഉറക്കംവരാതെ കിടക്കുവാൻ തനിക്കുണ്ടായ വിധിവൈപരീത്യത്തെപ്പററി സസ്യപാലൻ അർദ്ധരാത്രിവരെയും ചിന്തിച്ചു. ഈ ഇരുട്ടുമുറിയിൽനിന്നു് എങ്ങനെയെങ്കിലും രക്ഷപ്പെട്ടു മാന്ത്രികസിന്ദൂരഡപ്പി കൈയിൽ കിട്ടിയാൽ പിന്നെയെല്ലാം നേരെയായിക്കൊള്ളും. അതിനാൽ അവിടെനിന്നു സ്വതന്ത്രനാകുവാനുള്ള മാർഗ്ഗം അയാൾ ആരാഞ്ഞു. കതകിനടുത്തുചെന്നു ചെവി വാട്ടംപിടിച്ചു. ഒരനക്കവും എങ്ങുമില്ല. കതകു വലിച്ചു തുറക്കുവാൻ ശ്രമിച്ചു. പക്ഷെ സാധിച്ചില്ല. ഭിത്തിയിലെ ഓരോ ഇഞ്ചു സ്ഥലവും അയാൾ തപ്പിത്തപ്പി പരിശോധിച്ചു. ഒരു മൂലയിൽ ഒരു കല്ലിളകിക്കണ്ടു. ആശയോടുകൂടി കർഷകൻ അതു പതുക്കെ പിടിച്ചിളക്കി. ഭാഗ്യമെന്നേ പറയേണ്ടു, പുറത്തേക്കുള്ള ഒരു ചെറിയ മാർഗ്ഗം അങ്ങനെ

തുറന്നുകിട്ടി. അയാൾ ഞെങ്ങിഞെരുങ്ങി, ആ കല്ലിടുക്കിലൂടെ പുറത്തിറങ്ങി.

കഠിനമായ ഇരുട്ടും ഭയങ്കരമായ നിശ്ശബ്ദതയും. ജീവജാലങ്ങളെല്ലാം ഉറക്കമാണു്. പകലത്തെ പരിചയം വച്ചുകൊണ്ടു് സിന്ദൂരഡപ്പി ഇരിക്കുന്ന കെട്ടിടത്തെ ലക്ഷ്യമാക്കി അയാൾ സാവധാനത്തിൽ നടന്നു. ഒടുവിൽ സസ്യപാലൻ ആ മുറി കണ്ടുപിടിച്ചു തപ്പിത്തടഞ്ഞു് അതിൽ കയറി. താൻ കിടന്നിരുന്ന മഞ്ചത്തിൽ തലയിണയുടെ കീഴിൽ ഡപ്പി തിരഞ്ഞു. ഈശ്വരാധീനമെന്നേ പറയേണ്ടു; അതവിടെയുണ്ടായിരുന്നു. അയാൾ അതെടുത്തു ചുംബിച്ചു. തന്റെ സകല ആഗ്രഹങ്ങളും പ്രതീക്ഷകളും ആ ഡപ്പിയിലെ സിന്ദൂരത്തെ ആശ്രയിച്ചാണിരിക്കുന്നതു്.

ആ ഇരുട്ടിൽത്തന്നെ അയാൾ ഡപ്പി തുറന്നു് ഒരുനുള്ളു സിന്ദൂരമെടുത്തു നെററിയിൽ തിലകം ചാർത്തി. അല്പമെടുത്തു കൺപോളകളിൽ പുരട്ടി. അനന്തരം ആശ്വാസസൂചകമായി അയാൾ നെടുവീർപ്പിട്ടു. അദൃശ്യശരീരനായിത്തീർന്ന കർഷകൻ, ആദ്യമായി ചെയ്തതു് തന്റെ വിശപ്പടക്കാനുള്ള മാർഗ്ഗമന്വേഷിക്കുകയായിരുന്നു. "ഇനി ആരെയും ഭയപ്പെടേണ്ടതില്ല. രാജസേവകന്മാർക്കും സമുദ്രകേസരിക്കും എന്നോടൊന്നും ചെയ്യാനില്ല" എന്നിങ്ങനെ അയാൾ ആത്മഗതംചെയ്തു.

ഭക്ഷണപദാർത്ഥങ്ങൾ സംഭരിച്ചുവച്ചിരിക്കുന്ന മുറിയിൽ അയാൾ കടന്നു തൃപ്തിയാകുവോളം ഭക്ഷിച്ചു. തന്നെ പ്രഹരിച്ച രാജസേവകരെയും, തന്നോടു നന്ദി

കേട്ട കാണിച്ച ഭാൎയ്യയേയും മകളേയും ഒരു പാഠം പഠിപ്പിക്കണമെന്നു കർഷകൻ തീരുമാനിച്ചു. അതിന്നെന്താ ചെയ്യേണ്ടതെന്ന് അയാൾ കുറേനേരം ആലോചിച്ചുകൊണ്ടു നിന്നു. തിരിയെ ഭൂമിയിൽചെന്ന്, മഹാമാന്ത്രികനായ വലിയമ്മാവൻെറ ഉപദേശം വാങ്ങുവാനാണ്, വളരെനേരം ചിന്തിച്ചശേഷം അയാൾ തീരുമാനിച്ചതു്.

മകളുടെ വിവാഹത്തിനു മുമ്പു ഭൂതലത്തിൽ പോയിട്ടു തിരിയെ വരേണ്ടിയിരിക്കുന്നു. അതിനാൽ ഒട്ടും താമസിക്കാൻ തരമില്ല. അയാൾ കോട്ടവാതിൽ കടന്നു സമുദ്രതീരത്തെത്തി മാന്ത്രികസിന്ദൂരമെടുത്തു പാദങ്ങളിൽ പുരട്ടി. എന്നിട്ടു ധൈൎയ്യപൂൎവ്വം വെള്ളത്തിലേക്കിറങ്ങി. മുന്നേപ്പോലെ ജലം വഴിമാറിക്കൊടുത്തു ഉണങ്ങിയ വഴിത്താരയിലെന്നപോലെ കർഷകൻ അതിവേഗം നടന്നുപോയി. പിറേറദിവസം നേരം വെളുത്തപ്പോൾ അയാൾ സ്വന്ത ഗൃഹത്തിലെത്തി. ഏകാന്തമായ ആ വീടു കണ്ടപ്പോൾ അയാൾക്കു വളരെ സങ്കടം തോന്നി. ഭാൎയ്യയും പുത്രിയുമില്ലാത്ത ഒരു വീട്. കർഷകൻെറ കണ്ണുനിറഞ്ഞു. അയാൾ യഥാർത്ഥത്തിൽ കരയുകതന്നെ ചെയ്തു. വിളഞ്ഞ നെൽക്കതിർക്കുലകൾ മണ്ണടിഞ്ഞു കിടക്കുന്നു. ആ കർഷകകുടുംബം എവിടെപ്പോയെന്നറിയാതെ അയൽക്കാരും മററും വിഷമിച്ചിരിക്കുമ്പോഴാണ് അയാൾ അവരുടെ അടുക്കലേക്കു ചെന്നതു്. തനിക്കവരെക്കാണാമെങ്കിലും അവർക്കു തന്നെക്കാണുവാൻ കഴിയുന്നില്ലെന്നു മനസ്സിലാക്കിയ സസ്യപാലൻ അവർക്കു പ്രത്യക്ഷപ്പെ

ടാൻ ആഗ്രഹിച്ചില്ല: കാരണം, അവരുമായി സംസാരിച്ചുനിൽക്കുവാൻ സമയമില്ല. അവർക്കു വളരെക്കാര്യങ്ങൾ ചോദിക്കാനും, അവരോടു വളരെക്കാര്യങ്ങൾ പറയാനുമുണ്ട്. അതൊക്കെ വേറൊരവസരത്തിലാകാമെന്നു കരുതി അയാൾ നേരെ മാന്ത്രികൻെറ അടുക്കലേക്കു നടന്നു. ആത്മാവിൻെറ സഞ്ചാരംപോലെയായിരുന്നു അയാളുടെ യാത്ര. അയാളുടെ സാന്നിദ്ധ്യം ആരും അറിഞ്ഞില്ല. ഈ അദൃശ്യാവസ്ഥയിൽ, അതിനു കാരണമായ മാർജ്ജാരഭസ്മം കണ്ടുപിടിച്ച മാന്ത്രികനു തൻെറ സാന്നിദ്ധ്യമറിയുവാൻ കഴിയുമോ എന്നു പരീക്ഷിക്കണമെന്നും സസ്യപാലൻ വിചാരിച്ചു.

## 11

### ജാലദർപ്പണം.

മഹാമാന്ത്രികൻ, തൻെറ പുത്രനായ അജിതനു മന്ത്രാഭ്യാസം നൽകിക്കൊണ്ടിരിക്കുമ്പോഴാണു സസ്യപാലൻ അവിടെച്ചെന്നത്. അദൃശ്യശരീരനാണെങ്കിലും, അയാൾ വന്ന വിവരം മാന്ത്രികൻ അറിഞ്ഞു. എന്നാൽ പുത്രൻ അതറിഞ്ഞില്ല. മാന്ത്രികൻ തല ഉയർത്താതെ പറഞ്ഞു:—“നിൻെറ നെററിയിലെ സിന്ദൂരം തുടച്ചുകളയുക.”

അതു തന്നോടാണു പറയുന്നതെന്നു വിചാരിച്ചു പുത്രൻ അത്ഭുതത്തോടുകൂടി അച്ഛനെ നോക്കി. "എൻെറ നെററിയിൽ സിന്ദൂരമിട്ടിട്ടില്ലല്ലോ അച്ഛാ" എന്നവൻ പറഞ്ഞു.

മാന്ത്രികൻ ചിരിച്ചു. കർഷകനു കാര്യം മനസ്സിലായി. അയാഠം സിന്ദൂരതിലകം തുടച്ചുകളഞ്ഞു. പെട്ടെന്നു തൻെറ മുൻപിൽ പ്രത്യക്ഷപ്പെട്ട സസ്യപാലനെക്കണ്ടു്, അജിതൻ വിസ്മയിച്ചു.

"അച്ഛാ ഇതു നമ്മുടെ..........." അവൻ പറഞ്ഞു.

"അതെ"—മാന്ത്രികൻ മകൻെറ സംശയനിവാരണം വരുത്തി. "നമ്മുടെ ബന്ധുവായ സസ്യപാലൻ തന്നെ. ഇവനെ ഞാൻ കടലിനുമപ്പുറത്തേക്കയച്ചിരുന്നു."

സസ്യപാലൻ—വലിയമ്മാവാ, അങ്ങയുടെ മാജ്ജാരസിന്ദൂരത്തിൻെറ ശക്തി അസാധാരണംതന്നെ. ഞാൻ കടലിനടിയിൽക്കൂടി നടന്നു മത്സ്യലോകത്തു ചെന്നു. അവിടെയും ഈ സിന്ദൂരം എനിക്കുപകാരം ചെയ്തു.

മാന്ത്രികൻ—നിൻെറ മകളുടെ വിവാഹം നടന്നുവോ?

കർഷ—ഇല്ല. അതു നാളെയാണു്. അവളും അവളുടെ അമ്മയും ഇപ്പോഠം മത്സ്യരാജാവിൻെറ കൊട്ടാരത്തിൽ സുഖമായിക്കഴിയുന്നു.

അനന്തരം, തൻെറ ഭായ്യയും മകളും തന്നെ അവഗണിക്കുകയും തന്നോടു കൃതഘ്നമായി പെരുമാറു

കയും ചെയ്തു വിവരം സസ്യപാലൻ, മാന്ത്രികനെ അറിയിച്ചു. മാന്ത്രികന് അതു കേട്ടപ്പോൾ, തന്റെ അനന്തരവളായ ശ്യാമളയോടും അവളുടെ മകളായ ലതയോടും വലിയ നീരസം തോന്നി. അയാൾ അകത്തുള്ള ഒരു രഹസ്യമുറിയിൽച്ചെന്ന് അഞ്ജനനിറത്തിലുള്ള ഒരു വട്ടക്കണ്ണാടി കൊണ്ടുവന്നു. സസ്യപാലനും മാന്ത്രികനും മകനും അതിന്റെ ചുററുമിരുന്നു. ഏതോ ജന്തുവിന്റെ കറുത്ത തോൽകൊണ്ട് അതു മൂടിയിരുന്നു. മാന്ത്രികൻ ഒരു ദണ്ഡ് അതിന്റെ ചുററും വീശിയശേഷം, ആ തോൽമൂടി മാററി. വീണ്ടും ദണ്ഡു വീശി പെട്ടെന്ന് ആ ജാലക്കണ്ണാടിയിൽ ചില അത്ഭുതകാഴ്ചകൾ തെളിഞ്ഞുവന്നു. കർഷകൻ നോക്കി. മത്സ്യരാജധാനിയിലുള്ള ആരാമത്തിലെ ഊഞ്ഞാലിൽ, തന്റെ മകൾ ഇരുന്ന് ആടുന്നു. അവളുടെ അമ്മയായ തന്റെ ഭാര്യ, ചെടികളിൽനിന്നു പൂക്കൾ കൊരുത്തു മാലയുണ്ടാക്കുന്നു. ഉദയനക്ഷത്രംപോലെ മുഖകാന്തിയുള്ള ഒരു യുവാവ്, മറെറാരു പൂന്തോട്ടത്തിൽ, ചെടികളെ ശുശ്രൂഷിച്ചുകൊണ്ടു നടക്കുന്നു. അതാരാണെന്നു കർഷകനു മനസ്സിലായില്ല. മാന്ത്രികനും, അജിതനും, ഈ കാഴ്ചകൾ നോക്കിക്കൊണ്ടിരുന്നു.

"ആ യുവാവാണോ രാജകുമാരൻ" എന്ന് അജിതൻ അന്വേഷിച്ചു.

"അല്ല; ശംഖഭൂഷണനല്ല അതു്. ഞാൻ അവിടെയായിരുന്ന ദിവസങ്ങളിലെങ്ങും ഈ രാജകുമാരനെ കണ്ടിട്ടില്ല"—എന്നു കർഷകൻ പറഞ്ഞു.

"അയാഠം ആരു്?" എന്നു മാന്ത്രികൻ തൻെറ ദണ്ഡുയത്തിക്കൊണ്ടു കണ്ണാടിയിലേക്കു നോക്കിക്കൊണ്ടു ചോദിച്ചു.

"ശംഖഭൂഷണൻ എന്ന രാജകുമാരൻെറ സഹോദരി മീനകുമാരി" എന്നു് ആ ജാലദർപ്പണത്തിൽ അക്ഷരങ്ങഠം തെളിഞ്ഞു കാണപ്പെട്ടു.

അജിതൻെറ കണ്ണുകഠം ഒരു നിമിഷനേരത്തേക്കു പ്രകാശിച്ചു.

"അവഠം എന്താണു പുരുഷവേഷം ധരിച്ചിരിക്കുന്നതു്"—മന്ത്രവാദി ജാലദർപ്പണത്തിൽ നോക്കിക്കൊണ്ടു ചോദിച്ചു.

കുറേനേരത്തേക്കു് ഒരു പർപർ ശബ്ദം കേട്ടു. ആ ശബ്ദം നിന്നശേഷം നല്ല വ്യക്തമായ സ്വരത്തിൽ ഇങ്ങനെ ഒരു അശരീരിയുണ്ടായി:—

"മത്സ്യലോകത്തിൽ സ്ത്രീകളില്ല. സ്ത്രീ ഒരു ശാപമാണെന്നാണു് അവരുടെ വയ്പ്. അവിടെയുള്ള പുരുഷന്മാർക്കു ഭാര്യമാരായി, ഭൂമിയിൽനിന്നാണു സ്ത്രീകളെ കൊണ്ടുവരുന്നതു്. ഈ സ്ത്രീകളെപതിനഞ്ചുകൊല്ലത്തിനുശേഷം കൊന്നുകളയുകയോതിരിയെ ഭൂമിയിലേക്കു് അയയ്ക്കുകയോ ചെയ്യുന്നു. അവരിൽ ഉണ്ടാകുന്ന പെൺകുട്ടികളെ ചിലപ്പോഠം ഭൂമിയിൽ കൊണ്ടു ചെന്നിടും. അതിനു സൗകര്യപ്പെടാതെവന്നാൽ കൊന്നുകളയും. ആൺകുട്ടികളെ മാത്രമെ വളത്തുകയുള്ളു. എന്നാൽ രാജാവിനുണ്ടായ ഒരു പെൺകുഞ്ഞിനെ ഇങ്ങനെ കൊല്ലുവാനോ, ഭൂമിയിൽ കൊണ്ടുചെന്നിടുവാനോ മനസ്സുവന്നില്ല. പെൺകുട്ടിയാണു ജനിച്ചതെന്നുള്ള വിവരം ഒളിച്ചുവെച്ചു. ആ കുഞ്ഞിനെ ഒരു ആൺ

കട്ടിയെപ്പോലെ വളർത്തി. "മീനകുമാരൻ" എന്നു പേരുമിട്ടു. ആ പേരിലാണു് അവൾ മത്സ്യലോകത്തിൽ അറിയപ്പെട്ടുന്നതു്. അവളുടെ അച്ഛനും അമ്മയുമൊഴികെ മററാർക്കും ഈ രഹസ്യമറിഞ്ഞുകൂടാ. രാജാവിന്റെ ഭാര്യയായിരുന്ന സ്ത്രീ കാലാവധിയായ അഞ്ചു കൊല്ലം കഴിഞ്ഞു തിരിയെ ഭൂമിയിലേക്കു പോയി. രാജാവിനു് ആ സ്ത്രീയെ കൂടാതെ ജീവിക്കാൻ മനസ്സുവന്നില്ല. അതിനാൽ അദ്ദേഹവും ഭാര്യയോടൊന്നിച്ചു ഭൂമിയിലേക്കു പോയി."

മാന്ത്രികൻ ചോദിച്ചു—"അവരിപ്പോൾ ജീവിച്ചിരിക്കുന്നുവോ? ഉണ്ടെങ്കിൽ എവിടെ താമസിക്കുന്നു?"

അശരീരി—അവർ ത്രിവിഷ്ടപത്തിൽ കുറെക്കാലം സന്യാസവ്രതമനുഷ്ഠിച്ചശേഷം കൈലാസത്തിലേക്കു പോയി. അതിനുശേഷമുള്ള വിവരങ്ങളറിഞ്ഞുകൂടാ.

മാന്ത്രികൻ—രാജാവിന്റെ ഭാര്യയായ സ്ത്രീയെ ഭൂമിയുടെ ഏതുഭാഗത്തുനിന്നാണു മത്സ്യലോകത്തേക്കു പിടിച്ചുകൊണ്ടുപോയതു്?

മുൻപിലത്തെപ്പോലെ ഒരു പർപർശബ്ദം കുറേ നേരം നീണ്ടുനിന്നു. അതുകഴിഞ്ഞു് ഇങ്ങനെ മറുപടിയുണ്ടായി. "ഇന്ദ്രസദസ്സിലെ നർത്തകികളിലൊരാളായ രംഭ, വിനോദാർത്ഥം ഭൂമിയിൽ സഞ്ചരിക്കവെ, നിലാവുള്ള രാത്രിയിൽ ഒരു താമരപ്പൊയ്കയിൽ പൂ പറിക്കുവാനിറങ്ങി, അവിടെ ജലക്രീഡചെയ്തു രസിക്കുമ്പോഴാണു മത്സ്യലോകത്തിലെ പടയാളികളായ മുത

ലപ്പെട, അവളെ പിടിച്ചുകൊണ്ടുപോയതു്. രംഭയിൽ നിന്നു ജനിച്ചതുകൊണ്ടാണു മീനകുമാരനു്, അല്ല, മീനകുമാരിക്കു് ഇത്ര അത്ഭുതകരമായ സൗന്ദര്യം ലഭിച്ചതു്."

മാന്ത്രികൻ സംശയം ചോദിച്ചു—മീനകുമാരി സ്ത്രീയാണെന്നുള്ള വിവരം അവളുടെ അച്ഛനും അമ്മയ്ക്കും മാത്രമെ അറിയാൻ പാടുള്ളുവെന്നു പറഞ്ഞുവല്ലോ. പക്ഷെ എത്രനാളാണു് ഈ രഹസ്യം സൂക്ഷിച്ചുവയ്ക്കുക.

അജിതനു് അച്ഛന്റെ ഈ ചോദ്യം വളരെ രസകരമായിത്തോന്നി. ആ യുവാവു് അതിന്റെ ഉത്തരം കേൾക്കാൻ ദത്തശ്രദ്ധനായി.

അശരീരി ഇങ്ങനെ തുടന്നു—"അതിൽ ഒരു പ്രത്യേകതയുണ്ടു്. മത്സ്യലോകത്തിലുള്ള ആരുടെ ദൃഷ്ടിയിലും മീനകുമാരി ഒരു പുരുഷനായിട്ടേ തോന്നുകയുള്ളു. അവളുടെ സഹോദരനായ ശംഖചൂഡനുപോലും, അവൾ തന്റെ അനുജനാണെന്നല്ലാതെ മറെറാന്നും അറിഞ്ഞുകൂടാ. ദേവാംഗനായ രംഭ, തന്റെ പുത്രിക്കു നൽകിയ വരംമൂലമാണു് ഇങ്ങനെ സംഭവിച്ചിട്ടുള്ളതു്. എന്നാൽ മനുഷ്യൻ നോക്കിയാൽ അവളെ സ്ത്രീയായിട്ടുതന്നെ കാണും."

അജിതൻ ജാലദർപ്പണത്തിൽ ഒന്നുകൂടി നോക്കിക്കൊണ്ടു പറഞ്ഞു:—അശരീരി പറഞ്ഞതു ശരിയാണച്ഛാ! അവൾ പുരുഷവേഷത്തിൽപൊതിഞ്ഞ ഒരു സ്ത്രീതന്നെ. അവളെ സൂക്ഷിച്ചുനോക്കുക. നെററിയിൽ തിലകം ചാർത്തിയിട്ടുണ്ടു്.

മാന്ത്രികൻ മന്ദഹസിച്ചു.

"എനിക്കവളെ നേരിട്ടു കാണണം" എന്നു് അജിതൻ തന്നത്താൻ പറഞ്ഞു.

യൗവനം പിന്നിട്ട സസ്യപാലനു തൻെറ പുത്രിയെക്കുറിച്ചായിരുന്നു വിചാരം.

അല്പംകഴിഞ്ഞു മാന്ത്രികൻ, കരിന്തോൽകൊണ്ടു കണ്ണാടി മൂടി. വീണ്ടും ദണ്ഡുവീശിയശേഷം തോൽ മാററി. കണ്ണാടിയിൽ മറെറാരു കാഴ്ച കണ്ടു. മത്സ്യരാജധാനിയിലെ പ്രധാന മന്ദിരങ്ങളെല്ലാം അലങ്കരിച്ചു മോടിപിടിപ്പിച്ചിരിക്കുന്നു. എവിടെയും ഉത്സാഹത്തള്ളൽ ദൃശ്യമായിട്ടുണ്ടു്. മണവാളനായ ശംഖഭ്രൂഷണൻ അതെല്ലാം നടന്നു പരിശോധിക്കുന്നു.

മാന്ത്രികൻ വീണ്ടും തോൽകൊണ്ടു കണ്ണാടി മറച്ചു. കുറെക്കഴിഞ്ഞു. മന്ത്രദണ്ഡു ചുററും വീശിയശേഷം, തോൽമൂടി മാററി.

സസ്യപാലൻ നോക്കി. "സമുദ്രകേസരി" എന്ന വിചിത്ര ക്രൂരമൃഗം പ്രത്യക്ഷപ്പെട്ടു. അതു വിവാഹമണ്ഡപത്തിനു ചുററും ജാഗ്രതയോടെ റോന്തുചുററുന്നു. ചിലപ്പോൾ അതു രണ്ടുകാലിലാണു നടക്കുന്നതു്.

ആ മൃഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു മാന്ത്രികൻ തൻെറ മകനോടു പറഞ്ഞു:—

"അജിതാ നോക്കൂ ആ മൃഗത്തെ. മനുഷ്യനും, സിംഹവും കുതിരയും മത്സ്യവും, മുതലയുംചേൎന്നുണ്ടായ ഒരു സംയുക്തജന്തുവാണതു്. ക്രൂരതയിലും ബലത്തിലും, ഊൎജ്ജിതത്തിലും അതിനെ ജയിക്കത്തക്ക ഒരു മൃഗം പതിനാലു ലോകങ്ങളിലും ഇതുവരെ ഉണ്ടായിട്ടില്ല. മത്സ്യലോകത്തിൻെറ കാവൽമൃഗമാണതു്.

സസ്യപാ—വലിയമ്മാവാ, ആ മൃഗത്തെ ഞാൻ പരാജയപ്പെടുത്തി.

മന്ത്രി—എൻെറ സിന്ദൂരമാണതിനു നിന്നെ സഹായിച്ചതെന്നു പറയൂ.

അജിതൻ—അതെങ്ങനെ? എനിക്കാക്കഥ കേട്ടാൽ കൊള്ളാം.

മാർജ്ജാരസിന്ദൂരത്തിൻെറ ശക്തികൊണ്ടു്, താൻ അദൃശ്യശരീരനായി, സമുദ്രകേസരി കാണാതെ അവിടെച്ചെന്ന വിവരങ്ങൾ കർഷകൻ, അജിതനെ ഗ്രഹിപ്പിച്ചു. ഇതു കേട്ടപ്പോൾ, ആ വിചിത്രലോകത്തിൽ ഒന്നു പോകുന്നതിനു് അജിതനും ആഗ്രഹമുണ്ടായി. രാജകുമാരിയെക്കുറിച്ചും അവൻ ചിന്തിച്ചു. തൻെറ ഏകപുത്രനെ മറുലോകത്തേക്കു വിടുന്നതിനു മാന്ത്രികനു് അല്പം മനഃപ്രയാസമുണ്ടായെങ്കിലും ഒടുവിൽ അയാൾ അതിനു സമ്മതിച്ചു.

മാന്ത്രികൻ കർഷകനോടു പറഞ്ഞു—"സസ്യപാലാ നീ എൻെറ ഉപദേശം വാങ്ങാനാണു വന്നതെന്നു് എനിക്കറിയാം. നിൻെറ മനസ്സു ഭാരപ്പെട്ടിരിക്കയാണു്; ഒന്നും വിഷമിക്കേണ്ടാ. എൻെറ സിന്ദൂരം നിനക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്തുതരും. പ്രവൃത്തിയെല്ലാം ബുദ്ധിപൂർവ്വമായിരിക്കണമെന്നുമാത്രം. എൻെറ മകനും നിനക്കൊരു തുണയായിരിക്കും. നീ അവനും സഹായിയായിരിക്കണം."

അജിതൻ—അച്ഛാ, ഈ സിന്ദൂരംപോലെ എനിക്കും എന്തെങ്കിലും തന്നയയ്ക്കാനുണ്ടോ?

മാന്ത്രികൻ—നിനക്കു ഞാൻ ഒരു മോതിരം തരാം. അതു വിരലിൽനിന്നു യാതൊരു കാരണവശാലും ഊരരുതു്.

ഇങ്ങനെപറഞ്ഞു മാന്ത്രികൻ ഉള്ളറയിൽപോയി പഞ്ചലോഹനിർമ്മിതമായ ഒരു മോതിരം കൊണ്ടുവന്നു പുത്രൻെറ വിരലിലിട്ടു.

"നോക്കു മകനെ"—അയാൾ പറഞ്ഞു—"നിനക്കെന്തെങ്കിലും പ്രയാസമോ സംശയമോ തോന്നിയാലുടൻ, ഈ മോതിരത്തിൻെറ കട്ട തുറക്കണം. ഒരു പെട്ടിയുടെ മൂടിപോലെയാണതു്."

അജിതൻ മോതിരം വിരലിലിട്ടശേഷം അതിൻെറ കട്ട, തുറന്നു. അതിൽ മൂന്നു ചെറിയ പളുങ്കുമണികൾ കാണപ്പെട്ടു. "അച്ഛാ, ഈ പളുങ്കുമണികൾ എന്തിനാണു്?" എന്നു് അവൻ ചോദിച്ചു.

മാന്ത്രികൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—മകനെ! ഭൂമിയും സ്വർഗ്ഗവും പാതാളവും ജയിച്ചുവരുവാൻ ആ മൂന്നു വജ്രമണികൾ മതിയാകും. അവയുടെ ശക്തി നീ യഥാകാലം അറിയും.

സസ്യപാലൻ—എന്നാൽ ഞങ്ങൾ ഉടൻതന്നെ യാത്രപുറപ്പെടട്ടെയോ?

മാന്ത്രികൻ—അതുവേണ്ടാ. നാളെ രാവിലെ പോയാൽ മതിയാകും

സസ്യ—നാളെ രാവിലെ പുറപ്പെട്ടാൽ, പിന്നെ അങ്ങു ചെല്ലുമ്പോഴേക്കു് എൻെറ മകളുടെ വിവാഹം കഴിഞ്ഞിരിക്കുമല്ലോ.

മാന്ത്രികൻ മന്ദഹസിച്ചു—"ഇല്ല, അതു ഞാനേററു."

## 12

### മോതിരത്തിൻെറ ശക്തി.

അന്നുരാത്രി കർഷകൻ, മാന്ത്രികൻെറകൂടെ താമസിച്ചു. പിറേറദിവസം അതിരാവിലെ ഉണൎന്നു യാത്രയ്ക്കു തയ്യാറായി. അജിതനും സന്നദ്ധനായി.

അന്നു നേരം വളരെ പുലൎന്നശേഷമാണു മാന്ത്രികൻ ഉണൎന്നതു്. അയാൾ ഉണൎന്നു മുറിയിൽനിന്നു പുറത്തുവന്നപ്പോൾ, തൻെറ മകനും സസ്യപാലനും മത്സ്യലോകയാത്രയ്ക്കു തിടുക്കം കൂട്ടിക്കൊണ്ടു നിന്നിരുന്നു.

മാന്ത്രികൻ, രഹസ്യമുറിയിൽനിന്നു "ജാലദർപ്പണം" എടുത്തുകൊണ്ടുവന്നു. അതിൻെറ തുകൽമൂടി മാററി സസ്യപാലനെ കാണിച്ചു.

"നോക്കൂ. നീ എന്തു കാണുന്നു?" സസ്യപാലൻ നോക്കി. തൻെറ മകൾ ലത വിവാഹവേദിയിലേക്കു പോകുവാൻ വസ്ത്രഭൂഷണങ്ങൾ അണിയുകയാണു്. വധുവിനെപ്പോലെതന്നെ അവളുടെ അമ്മ ശ്യാമളയും അലങ്കാരങ്ങളിൽ വ്യാപൃതയായിരിക്കുന്നു.

സസ്യപാലൻെറ മുഖം വിളറി. "കഷ്ടം വിവാഹസമയത്തു് എനിക്കു് അവിടെ ഉണ്ടായിരിക്കാൻ സാ

ധിക്കാതെ വന്നല്ലൊ" എന്നയാൾ തന്നത്താൻ പറഞ്ഞു. അയാളുടെ കണ്ണുകൾ നിറഞ്ഞു.

മാന്ത്രികൻ, സസ്യപാലൻെറ തോളിൽ കൈവച്ചുകൊണ്ട്, അയാളുടെ മുഖത്തേക്കു നോക്കി.

"സസ്യപാലാ, നിനക്കു നിൻെറ മകളോടും ഭാര്യയോടും തോന്നിയ വിരോധം ഇപ്പോൾ സ്നേഹമായി മാറിയോ?" മാന്ത്രികൻ ചോദിച്ചു.

"വലിയമ്മാവാ, എൻെറ മകൾ എൻെറ മകളും, എൻെറ ഭാര്യ എൻെറ ഭാര്യയുമാണല്ലൊ."

മാന്ത്രികൻെറ ഹൃദയത്തെ ആ വാക്കുകൾ അവഗാഢം സ്പർശിച്ചു.

"കുഞ്ഞേ" അയാൾ അജിതനെ വിളിച്ചു.

"മോതിരം ഒന്നു കുലുക്കുക."

അജിതൻ തൻെറ വിരൽ ചലിപ്പിച്ചു. വജ്രമണികൾ കിലുങ്ങുന്ന ശബ്ദം വളരെ പത്തുക്കെ കേൾക്കാമായിരുന്നു. ആ ശബ്ദം കേട്ട മാത്രയിൽ ഒരു മങ്ങിയ നിഴൽരൂപം അവിടെ ദൃശ്യമായി.

"ഇവരെ മത്സ്യരാജധാനിയിലേക്ക് ഉടനെ കൊണ്ടുപോകുക"—മാന്ത്രികൻ ആജ്ഞാപിച്ചു.

സസ്യപാലനും അജിതനും കണ്ണുകളടച്ചും കൈകോർത്തുപിടിച്ചുംകൊണ്ടു നിന്നു. കണ്ണു തുറന്നപ്പോൾ അവർ കണ്ടതു തങ്ങൾ മത്സ്യലോകത്തിൽ ചെന്നു ചേർന്നിരിക്കുന്നതാണ്. ഇരുവരും അവിടെ ചെന്നുനിന്നയുടൻതന്നെ രാജോചിതമായ വസ്ത്രങ്ങൾ തങ്ങൾ ധരിച്ചിരിക്കുന്നതായും കാണപ്പെട്ടു. അവർ രാജധാനിയിലേക്കു ചെന്നു. അവരെ, ശംഖഭൂഷണൻതന്നെ

ബഹുമാനപൂർവ്വം സ്വീകരിച്ചുകൊണ്ടുപോയി. ഭൂമിയിൽനിന്നു് അച്ഛനും മററൊരാളും വന്നിരിക്കുന്ന വിവരം ലത അറിഞ്ഞു. അവൾ നോക്കി, തൻെറ അച്ഛൻ ഒരു രാജാവിനെപ്പോലെ ആഡംബരപൂർവ്വമായ വസ്ത്രങ്ങൾ അണിഞ്ഞിരിക്കുന്നു. അവൾ ഉടനെ മാതാവിനെ വിവരമറിയിച്ചു. ശ്യാമളയും ഭർത്താവിനെ കണ്ടു. കഴിഞ്ഞദിവസം കർഷകനെ വികൃതവേഷത്തിലും മർദ്ദനമേററ നിലയിലും കണ്ടതായിത്തോന്നിയതു് ഈ അത്ഭുതലോകത്തിലെ ഏതോ തന്ത്രംമൂലമായിരിക്കണമെന്നു് അമ്മയും മകളും സംശയിച്ചു. തങ്ങൾ അന്നു് അദ്ദേഹത്തോടു നന്ദിയില്ലാത്തവിധം പെരുമാറിയതിൽ അവർക്കു പശ്ചാത്താപം തോന്നി.

"നിങ്ങളുടെ അച്ഛൻെറകൂടെ വന്നിരിക്കുന്ന യുവാവ് ആരാണു്?" ആ മുറിയിൽ അപ്പോൾ വന്നുചേന്ന മീനകുമാരനാണു് ചോദിച്ചതു്.

കർഷകപുത്രി, ആ ഇളയ രാജകുമാരനെ നോക്കി. തൻെറ ഭർത്താവാകാൻപോകുന്ന രാജകുമാരൻെറ അനുജനാണതെന്നു് അവളറിഞ്ഞിരുന്നു.

"എൻെറ മൂത്ത അമ്മാവൻെറ മകൻ അജിതൻ"—ശ്യാമളയാണു മീനകുമാരൻെറ ചോദ്യത്തിനു മറുപടി പറഞ്ഞതു. ലത അതു ശ്രദ്ധിച്ചു.

മീനകുമാരൻ, അജിതനെ ദൂരെനിന്നു വളരെനേരം നോക്കി. അനന്തരം തൻെറ കിടക്കയിൽ പോയിക്കിടന്നു. പക്ഷെ ഉടനെതന്നെ എഴുന്നേററു വീണ്ടും ജനാലയിൽക്കൂടി അജിതനെ നോക്കി.

ജാലദർപ്പണത്തിലൂടെ കണ്ട സുന്ദരരൂപം അവിടെയെങ്ങാനുമുണ്ടോ എന്നറിയുവാൻ ഈ സന്ദർഭത്തിൽ അജിതൻെറ കണ്ണുകൾ ഉഴറുകയായിരുന്നു. ആ കണ്ണുകൾ ഒടുവിൽ അല്പം അകലെയുള്ള ജാലകത്തിൽ ചെന്നുപററി. അജിതൻെറ കണ്ണുകൾ സ്വയം അടഞ്ഞുപോയി. ഇരുവരും പരസ്പരം കണ്ടു. മീനകുമാരൻ വൈവശ്യത്തോടെ കിടക്കയിൽ പോയിക്കിടന്നു. അജിതൻ ചിന്താമഗ്നനായി അവിടെത്തന്നെയിരുന്നു.

## 13

### മീനകുമാരി.

കർഷകപുത്രിയായ ലതയും, മത്സ്യരാജകുമാരനായ ശംഖഭൂഷണനും തമ്മിലുള്ള വിവാഹം മത്സ്യലോകവിധിപ്രകാരം നടന്നു. എന്നാൽ വിവാഹച്ചടങ്ങുകൾ ഭൂമിയിലേതുപോലെതന്നെയായിരുന്നു. അവരുടെ പതിനഞ്ചുവർഷത്തെ ദാമ്പത്യത്തിൻെറ ആരംഭം അങ്ങനെ കുറിക്കപ്പെട്ടു.

ലതയുടെ ഹൃദയം തുടിച്ചു. പതിനഞ്ചുവർഷത്തിനുശേഷം ഒന്നുകിൽ താൻ മരിക്കണം, അല്ലെങ്കിൽ തിരിയെ ഭൂമിയിലേക്കു പോകണം. തന്നിൽ ജനിക്കുന്നതു സ്ത്രീസന്താനങ്ങളെങ്കിൽ അവരുടെ അപമൃതി കാണണം. ആൺകുഞ്ഞുങ്ങളെങ്കിൽ, അവരെ പതിന

ഞ്ചുകൊല്ലത്തിനുശേഷം താൻ വിട്ടുപിരിയണം. ഹാ! വല്ലാത്ത ജീവിതംതന്നെ—അവളുടെ കണ്ണുകളിൽക്കൂടി നീർച്ചാലുകൾ ഒഴുകി.

മണിയറയിൽ ലത കുറേനേരം കണ്ണടച്ചുകൊണ്ടു കിടന്നു. അവളുടെ ഉൾക്കണ്ണുകളിൽ ഒരു യുവാവിൻെറ ഛായ തെളിഞ്ഞുനിൽക്കുന്നു. അതു ശംഖഭൂഷണൻെറ തല്ല.—അവളുടെ അധരങ്ങളിൽ മന്ദഹാസത്തിൻെറ നേരിയ പ്രകാശം വീശി—അവളുടെ ഉൾക്കണ്ണുകളിൽ തെളിഞ്ഞുവന്ന ഛായ മാന്ത്രികപുത്രനായ അജിതൻെറതായിരുന്നു!

അടുത്തദിവസം സസ്യപാലനും, അജിതനും, ശംഖഭൂഷണനും, ശ്യാമളയും, ലതയും, എല്ലാവരുംചേന്നു വർത്തമാനംപറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ലതയുടെ കണ്ണുകൾ അജിതനിലും ശംഖഭൂഷണനിലും മാറി മാറി പതിഞ്ഞു. അജിതൻ ഭൂമിയിലുണ്ടായിരിക്കെ, ഈ പതിനഞ്ചുകൊല്ലത്തെ മാത്രമുള്ള ഹ്രസ്വകാലദാമ്പത്യത്തിനുവേണ്ടി തനിക്കു് ഈ മത്സ്യലോകത്തിലേക്കു വരുവാനിടയായ ദുരദൃഷ്ടത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ, ലതയുടെ ഹൃദയം നീറിപ്പുകഞ്ഞു. ആഹ്ലാദിക്കുകയും ആനന്ദിക്കുകയും ചെയ്യേണ്ട ഈ സമയത്തു് അവൾക്കു യാതൊരു സന്തോഷവും തോന്നിയില്ല.

യുവരാജകുമാരനായ മീനകുമാരൻ അഥവാ മീനകുമാരി ഈ സുഹൃൽസദസ്സിൽ വന്നുചേരാത്തതെന്തെന്നു് അജിതൻ ചിന്തിച്ചു. എന്നാൽ അതെപ്പററി ആ യുവാവു് ആരോടും അന്വേഷിച്ചില്ല.

കഴിഞ്ഞദിവസം അജിതനെക്കണ്ടതിനുശേഷം മീനകുമാരി വളരെ അസ്വസ്ഥയായിരുന്നു. ആ പരമസുന്ദരിയുടെ കണ്ണുകളിൽ, അജിതൻെറ രൂപം അനുനിമിഷം നൃത്തംവച്ചുകൊണ്ടിരുന്നു. അവളെക്കുറിച്ചുള്ള ചിന്ത അജിതൻെറ ഹൃദയത്തെയും വല്ലാതെ മഥിക്കുന്നുണ്ടായിരുന്നു.

ലത, പുഞ്ചിരിയിൽ പൊതിഞ്ഞ കടാക്ഷങ്ങൾ, അജിതൻെറ നേരെ എറിഞ്ഞുനോക്കി. എന്നാൽ അജിതൻെറ ചിന്ത മുഴുവൻ മീനകുമാരിയെക്കുറിച്ചായിരുന്നു. ഏതായാലും, മാന്ത്രികമോതിരം തൻെറ കൈവശമുള്ളിടത്തോളം കാലം തനിക്കു നിരാശയ്ക്കു് അവകാശമില്ലെന്നു് അജിതൻ ആശ്വസിച്ചു

സുഹൃൽസംഭാഷണങ്ങൾ അവസാനിച്ചു ശംഖഭൂഷണനും ലതയും അവരുടെ കൊട്ടാരത്തിലേക്കും, സസ്യപാലനും ശ്യാമളയും അവർക്കുവേണ്ടി പ്രത്യേകം നല്കിയിരുന്ന മന്ദിരത്തിലേക്കും പോകുവാൻ എഴുന്നേററു. അജിതൻെറ താമസത്തിനു് സൗകര്യപ്പെടുത്തിയിരുന്നതു് ആരാമത്തിൻെറ അടുത്തുള്ള ഒരു ഭംഗിയുള്ള ചെറിയ കൊട്ടാരമായിരുന്നു. ലത, രാജകുമാരനെ അനുഗമിച്ചപ്പോൾ അവൾ അജിതനെ ആശാപൂർവ്വം തിരിഞ്ഞുനോക്കി. അവൾ കണ്ണുകൾ തുടച്ചുകൊണ്ടു നടന്നുപോയി.

അജിതൻ തൻെറ വാസഗൃഹത്തിൽ ചെന്നശേഷം മീനകുമാരിയെക്കാണുന്നതിനുള്ള മാർഗ്ഗമെന്തെന്നു് അല്പനേരം ആലോചിച്ചു. അനന്തരം മാന്ത്രികമോതിരം കിടന്ന വിരൽ പതുക്കെ ചലിപ്പിച്ചു. പെ

ട്ടെന്നു നിഴൽരൂപം പ്രത്യക്ഷപ്പെട്ടു. ആ രൂപം പറഞ്ഞു:—"പ്രഭോ! ഞാനിതാ വന്നിരിക്കുന്നു. ആജ്ഞാപിച്ചാലും!"

അജിതൻ ആ നിഴൽരൂപം അടിമുടി നോക്കി. വെൺമേഘശരീരനായ ഒരു വലിയ മനുഷ്യൻ. ഒരു അത്ഭുതസത്വം അയാളെ സ്പർശിച്ചതിൽ വായുവിൽ കൈയോടിച്ചതുപോലെ മാത്രമെ അജിതനു തോന്നിയുള്ളു. തൻെറ അച്ഛൻെറ അനിതരസാധാരണമായ ശക്തിയേയും കഴിവുകളേയുംപററി അജിതൻ അഭിമാനപൂർവ്വം സ്മരിച്ചു എന്നിട്ട് ആ മേഘരൂപനോടിങ്ങനെ പറഞ്ഞു:—

"എനിക്കു മീനകുമാരിയെക്കാണണം."

അല്പനേരത്തേക്ക് ഒരു പർപർശബ്ദം കേട്ടു. മേഘരൂപൻ അപ്രത്യക്ഷനായി. ആ രൂപം വീണ്ടും അജിതൻെറ മുൻപിൽ വന്നുനിന്നു.

"പ്രഭോ രാജകുമാരി ഉറങ്ങുകയാണു്. ഉറക്കത്തിൽ ഇങ്ങോട്ടു കൊണ്ടുവരണമെങ്കിൽ കൊണ്ടുവരാം. അതല്ല അങ്ങേയ്ക്കു് അങ്ങോട്ടു പോകണമെങ്കിൽ അങ്ങനെയുമാകാം."

അജിതൻ അല്പനേരം ആലോചിച്ചുകൊണ്ടു നിന്നശേഷം പറഞ്ഞു-"എന്നെ അങ്ങോട്ടു കൊണ്ടുപോകുക."

വീണ്ടും ഒരു പർപർ ശബ്ദം. എന്താണു സംഭവിച്ചതെന്നു് അജിതനറിഞ്ഞുകൂടാ. നിമിഷത്തിനുള്ളിൽ അയാൾ, മീനകുമാരിയുടെ മുറിയിൽ എത്തിച്ചേർന്നു. അജിതൻ, ആ അലോകസുന്ദരിയെ നോക്കി. പുരുഷ

വേഷം ധരിച്ച കടൽക്കന്യക. അവളുടെ പാദങ്ങൾ പവിഴത്താമരപോലെ കാണപ്പെട്ടു. നഖങ്ങൾ ശരൽപ്പൊളിയാണെന്നു തോന്നി. കഴുത്തു ശംഖുപോലെ മനോഹരമായിരുന്നു. അവളുടെ മുഖം പൂർണ്ണചന്ദ്രനെയും, അലഞ്ഞുലഞ്ഞു നീണ്ട തലമുടി നീലമേഘച്ചുരുളുകളെയും നാണിപ്പിച്ചു.

അടഞ്ഞ കണ്ണുകൾ നീലരത്നച്ചെപ്പുകളാണെന്നു തോന്നി. ദന്തങ്ങൾ വെൺമുത്തുകൾപോലെയും, നെററിത്തടം അമ്പിളിക്കലപോലെയും അജിതൻ കണ്ടു. കടഞ്ഞെടുത്ത സൗന്ദര്യസത്തുകൊണ്ടു നിർമ്മിക്കപ്പെട്ട ഒരു മോഹനവിഗ്രഹം. അജിതൻ അവളെ നോക്കിക്കൊണ്ടു് എത്രനേരം ആ നിലയിൽ നിന്നുവെന്നു് ഒരു നിശ്ചയവുമില്ല. സൗന്ദര്യാരാധകനായ ഒരു കലാകാരനെപ്പോലെ ആ യുവാവു സ്വയം മറന്നുപോയി.

മീനകുമാരി ഉറക്കം ഉണർന്നു കണ്ണുതുറന്നപ്പോൾ, അജിതൻ തൻെറ കട്ടിലിൻെറ സമീപത്തു വികാരഭരിതനായി നിൽക്കുന്നതാണു കണ്ടതു്. വാതിലുകൾ ബന്ധിച്ചിരുന്ന ആ മുറിയിൽ അയാൾ എങ്ങനെ കടന്നുവന്നു? അവൾ കണ്ണിമയ്ക്കാതെ, അയാളെ നോക്കി—അവർ പരസ്പരം നോക്കി—മൺമയനായ മനുഷ്യനും വിൺമയയായ മത്സ്യലോകകുമാരിയും.

അവൾ ഹർഷപുളകിതയായി വീണ്ടും കണ്ണടച്ചു. താൻ സ്വപ്നം കാണുകയാണെന്നാണവൾ വിചാരിച്ചതു്. തൻെറ ധ്യാനപുരുഷൻ തൻെറ സന്നിധിയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു! അവൾ ആനന്ദനിർവൃതിയടഞ്ഞു.

## 14

### പ്രണയബന്ധം.

"മീനകുമാരീ, ഭൂമിയിൽവച്ചുതന്നെ ഞാൻ ഭവതിയെക്കണ്ടു. ഭവതിയുടെ സൗന്ദര്യം എൻെറ കണ്ണുകളെ മയക്കിക്കളഞ്ഞു"—അജിതൻ, മീനകുമാരിയുടെ കിടക്കയ്ക്കടുത്തുനിന്നുകൊണ്ടു മന്ദസ്വരത്തിൽ പറഞ്ഞു.

രാജകുമാരി എഴുന്നേററിരുന്നു.

"പ്രഭോ! ഇതു് അങ്ങുതന്നെയോ? എനിക്കു് എൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിയുന്നില്ല."

പ്രഭാതനക്ഷത്രങ്ങളെപ്പോലെ മിന്നുന്ന അവളുടെ നയനങ്ങളിൽനിന്നു രണ്ടു മുത്തുമണികൾ ഉരുണ്ടു വീണു.

അവൾ തുടൻുപറഞ്ഞു—"ഞാൻ കരയുകയല്ല. സന്തോഷിക്കാൻ കഴിയുമോ എന്നെനിക്കറിഞ്ഞുകൂടാ."

അജിതൻ നിന്നനിലയിൽത്തന്നെ നിന്നു. അവളുടെ വാക്കുകൾ വെള്ളിമണി കിലുങ്ങുന്നതുപോലെ മധുരമധുരമായിരുന്നു.

"രാജകുമാരീ, ഇതു ഞാൻതന്നെ. അജിതൻ എന്നാണെൻെറ പേരു്. ഈ സാഹസയാത്രയ്ക്കു് എന്നെ

പ്രേരിപ്പിച്ചതു ഭവതിയുടെ രൂപസൗഭാഗ്യമാണു്"— ആ യുവാവു് തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

"അങ്ങ് അവിടെയിരിക്കുക. ആതിഥ്യമര്യാദകൾ ഞാൻ പെട്ടെന്നു മറന്നുപോയി"—അവളുടെ മുഖം ലജ്ജകൊണ്ടു കൂടുതൽ സുന്ദരമായി.

അവൾ തുടൎന്നുപറഞ്ഞു—ഞാൻ "അത്ഭുതപ്പെടുകയാണു്. ഒരു സ്ത്രീയാണു ഞാനെന്നു് അങ്ങ് എങ്ങിനെയറിഞ്ഞു? ഒരു സ്ത്രീരൂപത്തിലാണോ അങ്ങിപ്പോൾ എന്നെക്കാണുന്നതു്? പ്രഭോ! ഞാൻ വല്ലാതെ അമ്പരന്നുപോകുന്നു."

അജിതൻ—കുമാരീ, ഭവതിയെപ്പററിയുള്ള സകല വിവരങ്ങളും—ഈ മത്സ്യലോകത്തുള്ളവർക്കു് അറിയാൻ പാടില്ലാത്ത എല്ലാ വിവരങ്ങളും—ഞാൻ ഗ്രഹിച്ചിട്ടുണ്ടു്.

മീനകുമാരി അത്ഭുതത്തോടുകൂടി കേട്ടുകൊണ്ടിരുന്നു. ജാലദർപ്പണത്തിൽക്കൂടി അവളെക്കണ്ടതും മേഘരൂപനിൽനിന്നറിഞ്ഞ കഥകളും എല്ലാം അജിതൻ വിവരിച്ചുപറഞ്ഞു. തന്നെക്കുറിച്ചുള്ള കഥകൾ, ഇത്ര വിശദമായി ഗ്രഹിച്ചിട്ടുള്ള അജിതൻ, സാമാന്യനല്ലെന്നു മീനകുമാരിക്കു ബോദ്ധ്യമായി.

മീന—നായകാ, അങ്ങ് എന്നെ സ്നേഹിക്കുന്നതിൽ എത്രയോ അധികം ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടു്. എൻെറ മാതാവിനെ ഭൂമിയിൽനിന്നാണീ ലോകത്തിൽ കൊണ്ടുവന്നതു്. എൻെറ അമ്മ വിഹരിച്ച മനോഹരമായ ഭൂവിഭാഗം കാണുവാനും അവിടെപ്പോയി അങ്ങയോടുകൂടി ശാന്തമായ ജീവിതം ന

യിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. എൻെറ ജന്മം സഫലമായതും എൻെറ ഭാഗ്യം തെളിഞ്ഞതും ഇന്നാണു്.

അജിതൻ—ഞാൻ ഭവതിയെ മനുഷ്യലോകത്തിലേക്കു കൊണ്ടുപോകാം. പക്ഷെ, ഈ മത്സ്യലോകം പോലെ ഞങ്ങളുടെ ലോകം സുഖകരമോ സുന്ദരമോ ആണെന്നു് എനിക്കു തോന്നുന്നില്ല.

മീന—അതു് അങ്ങു് വെറുതെ പറയുകയാണു്. എൻെറ അമ്മ ഇന്ദ്രലോകത്തിൽനിന്നു ഭൂതലത്തിൽ വന്നതു്, ഭൂലോകം ദേവലോകത്തെക്കാൾ സുന്ദരതമമായതുകൊണ്ടായിരിക്കണമല്ലോ. അങ്ങു ഭൂമിയിൽ ജീവിച്ചു പഴകിയതുകൊണ്ടാണു് അതിൻെറ മാഹാത്മ്യം മനസ്സിലാകാത്തതു്.

അജിതൻ ചിരിച്ചു—മീനകുമാരീ, ഞാൻ ഭവതിയെ നിശ്ചയമായും ഭൂമിയിലേക്കു കൊണ്ടുപോകാം.

അവൾ ആഹ്ലാദഭരിതയായി. ആ മുറിയിൽ തുള്ളിച്ചാടി നടന്നു. ഇന്ദ്രസദസ്സിലെ നർത്തകിയായ സ്വമാതാവിനെ നൃത്തവിദ്യയിൽ അതിശയിക്കുമാറു് ആ താരുണ്യസുഭഗ, അവിടെയെല്ലാം ഒരു ചിത്രശലഭം പോലെ പറന്നുനടന്നു.

ഏതുലോകത്തിലായാലും സ്ത്രീ, സ്ത്രീതന്നെ. മീനകുമാരി, അജിതൻെറ രണ്ടു കൈകളും ആവേശപൂർവ്വം കൂട്ടിപ്പിടിച്ചുകൊണ്ടു് പ്രേമമധുരമായി ചോദിച്ചു—

"നാഥാ! ഭൂമിയിലേക്കു് എന്നെ ഇന്നുതന്നെ കൊണ്ടുപോകാമോ? അവിടമെല്ലാം ഒന്നു കണ്ടശേഷം നമുക്കു തിരിച്ചുപോരാം. പിന്നീടു ജ്യേഷ്ഠൻെറയും മററും

സമ്മതത്തോടുകൂടി നമുക്കു സ്ഥിരമായി ഭൂമിയിൽ താമസിക്കാം."

തൻെറകൂടെവന്ന സസ്യപാലനോടു പറയാതെ, അയാളെ മത്സ്യലോകത്തിൽ വിട്ടുംവച്ചു്, മീനകുമാരിയുമായി ഭൂതലത്തിലേക്കു പോകുന്നതു മര്യാദയാകുമോ എന്ന് അജിതൻ ഒരു നിമിഷനേരം സംശയിച്ചുകൊണ്ടു നിന്നു. പക്ഷെ, പ്രേമമയിയായ മീനകുമാരിയുടെ അഭിലാഷം സാധിച്ചുകൊടുക്കാതിരിക്കാൻ ആ യുവാവിനു മനസ്സുവന്നില്ല. അജിതൻ ചോദിച്ചു:—"കുമാരീ, ഇപ്പോഴുംതന്നെ തയ്യാറാണോ ഭൂമിയിലേക്കു പോകുവാൻ?"

"ഉവ്വ്; ഒരു നിമിഷത്തിനകം ഞാൻ ഒരുങ്ങിക്കഴിയും" എന്നായിരുന്നു മറുപടി അവൾ ഞൊടിയിടയിൽ വിശേഷപ്പെട്ട വസ്ത്രാഭരണങ്ങൾ ധരിച്ചു യാത്രയ്ക്കു തയ്യാറായി.

അജിതൻ തൻെറ മോതിരം ഒന്നു ചലിപ്പിച്ചു. പെട്ടെന്നു മേഘരൂപൻ പ്രത്യക്ഷനായി.

"പ്രഭോ ആജ്ഞാപിച്ചാലും"—ആ സത്വം പറഞ്ഞു.

"ഞങ്ങളെ ഭൂതലത്തിലേക്കു കൊണ്ടുപോകുവാൻ മനോഹരമായ ഒരു വാഹനം കൊണ്ടുവരിക"—അജിതൻ നിർദ്ദേശിച്ചു.

ഒരു പർപർശബ്ദം കേട്ടു. ഉത്തരക്ഷണത്തിൽ ഗോളാകൃതിയിലുള്ള ഒരു വാഹനം അവിടെ വന്നുനിന്നു. നീലമേഘങ്ങൾകൊണ്ടു വാർത്തെടുത്തതെന്നു തോന്നുമാറു് കൺമയക്കുന്ന ആ വാഹനം, ഒരു സ്ഫടിക

കുമിളപോലെ പരമലോലമായി കാണപ്പെട്ടു. അതിനുള്ളിൽ രണ്ടു് ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരുന്നു. കൂടിയതരം രത്നക്കംബളങ്ങൾ വിരിച്ചു് ഇരിപ്പിടങ്ങൾ മോടിപിടിപ്പിച്ചിരുന്നു. മേഘരൂപൻ, അതിന്റെ വാതിൽ തുറന്നശേഷം ആദരപൂർവ്വം ഒഴിഞ്ഞുമാറി നിന്നു. അജിതൻ, മീനകുമാരിയുടെ കൈയ്യും പിടിച്ചുകൊണ്ടു് ആ അത്ഭുതവാഹനത്തിലേക്കു കയറി ആകാശത്തിലേക്കുയരുന്ന ഒരു കുമിളപോലെ അതു വട്ടം കറങ്ങി അല്പനേരം വായുവിൽ പറന്നു. പിന്നീടുള്ള അതിന്റെ പാച്ചിൽ മിന്നൽവേഗത്തിലായിരുന്നു. ചിലപ്പോൾ ജലപ്പരപ്പിൽ ഒരു കപ്പലെന്നോണവും മററു ചിലപ്പോൾ ജലത്തിനുള്ളിൽക്കൂടി അന്തർവാഹിനിയെപ്പോലെയും പിന്നീടു വായുവിൽക്കൂടി വിമാനംപോലെയും ആ ഗോളവാഹനം ചീറിപ്പാഞ്ഞു. ആ വിനോദയാത്ര, ഒന്നു കൺചിമ്മിത്തുറക്കുന്ന സമയംകൊണ്ടു തീർന്നുവെന്നു് ആ യുവമിഥുനങ്ങൾക്കു തോന്നി. വാഹനം, ഭൂമിയോടു സമീപിക്കുകയായിരുന്നു. “ഇനി ഗതിവേഗം അല്പം കുറയ്ക്കുക” എന്നു് അജിതൻ ആജ്ഞാപിച്ചു. ഭൂമിയിലെ കാഴ്ചകൾ മീനകുമാരിക്കു കാണുന്നതിനുവേണ്ടിയാണു വേഗം കുറച്ചതു്.

## ഗാനഗന്ധർവ്വൻ.

ഗോളവാഹനം ഭൂതലത്തിനു മുകളിൽ വായുമണ്ഡലത്തിൽക്കൂടി സഞ്ചരിക്കുകയായിരുന്നപ്പോൾ, നക്ഷത്രപ്പൂകൾപ്പോലെ ഒരു സ്വർണ്ണരഥം അതിനെ തൊട്ടു, തൊട്ടില്ല എന്ന മട്ടിൽ കടന്നുപോയി. ആ രഥത്തിനുള്ളിൽനിന്നു സംഗീതം മുഴങ്ങുന്നുണ്ടായിരുന്നു.

“ആരാണു് ആ കടന്നുപോയതു്?” എന്നു് അജിതൻ, മേഘരൂപനോടു ചോദിച്ചു.

ആ ചോദ്യത്തിനു പെട്ടെന്നു മറുപടി പറയുവാൻ മേഘരൂപനു കഴിഞ്ഞില്ല. ഗോളവാഹനം, ചന്ദ്രബിംബത്തെപ്പോലെ പെട്ടെന്നു് ആകാശമദ്ധ്യത്തിൽ നിന്നു. ആ അത്ഭുതവാഹനത്തിന്റെ കർണ്ണധാരനായ മേഘരൂപൻ താഴെയുള്ള മേഘനിരയിലേക്കു് എടുത്തുചാടി. അജിതനും മീനകുമാരിയും പരിഭ്രമിച്ചുപോയി.

മേഘരൂപൻ ആ സ്വർണ്ണരഥത്തിനെ അനുധാവനംചെയ്തു് അതിൽ ആരാണുള്ളതെന്നു മനസ്സിലാക്കിയിട്ടു തിരിച്ചുവന്നു. അനന്തരം ആ സത്വം ഗോളവാഹനത്തിൽ കയറി അതിന്റെ ഗതി നിയന്ത്രിക്കാനാരംഭിച്ചപ്പോഴേയ്ക്കും ആ സ്വർണ്ണരഥം തിരിയെപ്പോന്നു് അവരുടെ അടുത്തെത്തിക്കഴിഞ്ഞു.

അജിതനും മീനകുമാരിയും ആ തേരിലേക്കു കൗതുകപൂർവ്വം സൂക്ഷിച്ചുനോക്കി. അഗ്നിപോലെ ജ്വലിക്കുന്ന ഒരു തേജോമയൻ അതിനുള്ളിലിരിക്കുന്നു. കൈയിൽ ഒരു വീണയുമുണ്ട്.

"ഇതു ഗാനഗന്ധർവ്വനാണ്" എന്നു മേഘരൂപൻ അജിതനോടു പതുക്കെപ്പറഞ്ഞു. "ഗന്ധർവ്വസദസ്സിലെ സംഗീതസദസ്സു കഴിഞ്ഞു വരുകയാണ്."

"ഈ ഗോളവാഹനത്തിലിരിക്കുന്നതു് ആരാണ്?" എന്നു ഗാനഗന്ധർവ്വൻ, തന്റെ സാരഥിയോടു പതുക്കെ ചോദിച്ചു

ആ സാരഥിക്കു് അതറിഞ്ഞുകൂടായിരുന്നു. അയാൾ തന്റെ വാഹനം, ഗോളവാഹനത്തോടു് ഏറാവും അടുപ്പിച്ചു് ഉള്ളിലേക്കു സൂക്ഷിച്ചുനോക്കി. എന്നിട്ടു ഗാനഗന്ധർവ്വൻ മാത്രം കേൾക്കത്തക്കവിധത്തിൽ മന്ത്രിച്ചു. "രംഭയേക്കാൾ പരമസുന്ദരിയായ ഒരു യുവതി. അവളുടെകൂടെയുള്ളതു് ഭൂതലവാസിയായ ഒരു മനുഷ്യനാണെന്നു തോന്നുന്നു."

ഗാനഗന്ധർവ്വൻ നെററി ചുളിച്ചുകൊണ്ടു്, തന്റെ സാരഥിയോടാജ്ഞാപിച്ചു. "ഒരുവേള രംഭ തന്നെയായിരിക്കും. ഒന്നുകൂടി ശ്രദ്ധിച്ചിട്ടു പറയു."

സാരഥി നോക്കി. "ഉവ്വ്, രംഭയാണെന്നു തോന്നുന്നു." അയാൾ അല്പമൊരു സംശയത്തോടെ പറഞ്ഞു.

ഇന്ദ്രസദസ്സിൽനിന്നു രംഭ അപ്രത്യക്ഷയായിട്ടു വളരെക്കൊല്ലങ്ങളായെന്ന വസ്തുത ഗാനഗന്ധർവ്വനറിയാം. ദേവലോകത്തിലെ ഒട്ടധികം സംഗീതസദസ്സു

കളിലും നൃത്തോത്സവങ്ങളിലും ഗാനഗന്ധർവ്വൻ പങ്കു കൊണ്ടിട്ടുണ്ട്. രംഭയുടെ അഭാവം, ആ ചടങ്ങുകൾക്കു വലിയ ന്യൂനതവരുത്തിയിരുന്നുവെന്നാലും അവർക്കറിയാം. മാദകവികാരലോലുപയായ രംഭ, ലീലാക്രീഡകൾക്കായി ഭൂമിയിലേക്കു പോയതിനുശേഷം അവൾക്കെന്തു സംഭവിച്ചുവെന്നു ദേവന്മാർ അറിഞ്ഞിരുന്നില്ല. ഇപ്പോൾ ഇതാ രംഭയെ കണ്ടെത്തിയിരിക്കുന്നു. ഗാനഗന്ധർവ്വൻ നേരെ ഇന്ദ്രസന്നിധിയിലേക്കു പോയി. ഒരു അഗ്നിബാണംപോലെ ആ സ്വർണ്ണരഥത്തിന്റെ ഇരച്ചുപായുന്നതു് അജിതനും മീനകുമാരിയും നോക്കിക്കൊണ്ടിരുന്നു.

"അതിന്റെ പിറകെ പോകണമോ യജമാനനേ" എന്നു മേഘരൂപൻ ചോദിച്ചു.

ഗാനഗന്ധർവ്വന്റെ പെട്ടെന്നുള്ള വരവും പോക്കും, അജിതനിൽ ചില ഭയാശങ്കകൾ ഉളവാക്കി. എന്താണതിന്റെ അർത്ഥമെന്ന് ആ യുവാവിനു മനസ്സിലായില്ല. അജിതൻ ചിന്താമഗ്നനായിരുന്നതിനാൽ, മേഘരൂപന്റെ ചോദ്യം കേട്ടില്ല. അതിനാൽ, ആ സ്വർണ്ണരഥത്തെ പിന്തുടരുവാനാണു തന്റെ യജമാനന്റെ അഭിലാഷമെന്നു ധരിച്ചു്, ഗോളവാഹനം, ഗാനഗന്ധർവ്വന്റെ പിൻപേ, വിട്ടു. സ്വർണ്ണരഥത്തെ അതിശയിക്കുന്ന ഗതിവേഗമുള്ള ഗോളവാഹനം, ഞൊടിയിടയിൽ അതിന്റെ ഒപ്പമെത്തി. ഗോളവാഹനം തങ്ങളുടെ അടുത്തെത്തിയതായറിഞ്ഞു സ്വർണ്ണരഥം നിറുത്തി, എന്താണു തന്റെ പിന്നാലെ വന്നതെന്നു ഗാനഗന്ധർവ്വൻ ചോദിച്ചു.

ആ ചോദ്യം കേട്ടപ്പോഴാണ് അജിതൻ ചിന്തയിൽനിന്നുണന്നതു്. അങ്ങനെ ഉണന്നു നോക്കുമ്പോഴാം ഗാനഗന്ധവ്വൻ തന്റെ ഭായ്യയുടെ സൗന്ദയ്യം ആശാപൂവ്വം കണ്ണുകൊണ്ടു നുകരുന്നതായി ആ യുവാവിനു തോന്നി. അജിതന്നു് അതൊട്ടും രസിച്ചില്ല ഒരു അമഷത്തോടെ ആ മാന്ത്രികപുത്രൻ പറഞ്ഞു:—

"നീ ഗന്ധർവ്വനായിരിക്കാം. പക്ഷേ ആയിരം ഗന്ധർവ്വന്മാരെ ഒററയ്ക്കെതിത്തു തോല്പിക്കാൻ കഴിവുള്ള മനുഷ്യനാണു ഞാനെന്നു കരുതിക്കൊള്ളുക."

താനീവിധം വീണ്ടുവിചാരമില്ലാതെ പറയേണ്ടിയിരുന്നില്ല എന്നു് അജിതനു പെട്ടെന്നു തോന്നി. പക്ഷേ പാഴേയണ്ടാത്തതു പറഞ്ഞുകഴിഞ്ഞു. ഗന്ധവ്വൻ, അജിതനെ ഗൗരവപൂവ്വം സൂക്ഷിച്ചുനോക്കി. എന്നിട്ടു രോഷപൂവ്വം അലറി. "മനുഷ്യത്തുരുമ്പേ, നീ ആരോടാണു സംസാരിക്കുന്നതെന്നു നല്ലതുപോലെ മനസ്സിലാക്കൂ. മൺമയനായ ഒരു നരാധമനു് ഇത്ര ധിക്കാരമോ?"

അജിതനും വിട്ടില്ല. "എടാ ഗന്ധവ്വപ്പുഴുവേ, നിന്റെ അഹങ്കാരം എന്റെ അടുത്തു ചെലവാകുകയില്ല. മയ്യാദയ്ക്കു വന്നവഴിയേ പോകുക."

ഗന്ധവ്വൻ അല്പനേരം മിണ്ടാതിരുന്നശേഷം ഇങ്ങനെ അട്ടഹാസിച്ചു: "കരുതിക്കൊള്ളൂ നരകീടമേ, നിന്നെ ഞാനൊരു പാഠം പഠിപ്പിക്കുന്നുണ്ടു്."

ഇങ്ങനെ പറഞ്ഞിട്ടു സാരഥിയോടു ഗന്ധർവ്വൻ ആജ്ഞാപിച്ചു. "രഥം വിടുക. ഈ നരാധമന്റെ ദുഗ്ഗന്ധം സഹിച്ചുകൂടാ."

ഇന്ദ്രസദസ്സിലേക്കു പോകുന്നതിനു പകരം ആ സ്വർണ്ണരഥം ഗാനഗന്ധർവ്വന്റെ കൊട്ടാരത്തിലേക്കാണു പറന്നുപോയതു്.

"യജമാനനേ അതിന്റെ പുറകെ പോകണമോ" എന്നു മേഘരൂപൻ അന്വേഷിച്ചു.

"വേണ്ടാ. അവന്റെ പാട്ടിന് അവൻ പൊയ്ക്കൊള്ളട്ടെ. വാഹനത്തെ എന്റെ അച്ഛന്റെ അടുക്കലേക്കു നയിക്കുക."—അജിതൻ നിർദ്ദേശിച്ചു.

മേഘവാഹനം നിർമ്മലമായ ആകാശത്തുകൂടെ താണുപറന്നു. സസ്യശ്യാമളമായ ഭൂതലം അങ്ങനെ പരന്നുകിടക്കുന്നതു മീനകുമാരി കണ്ടു. പ്രകൃതിസൗന്ദര്യത്തിൽ മുങ്ങിക്കുളിച്ച ആ ഭൂവിഭാഗം അവളെ അത്യധികം ആനന്ദിപ്പിച്ചു മേഘനിരപ്പിലായ വാഹനത്തിലിരുന്നുകൊണ്ടു് അവൾ കീഴ്പ്പോട്ടു നോക്കി, നദികൾ വെള്ളിക്കമ്പിപോലെ തിളങ്ങുന്നു. വീടുകൾ, കമഴ്ത്തിവച്ച കക്കാകൾപോലെ കാണപ്പെടുന്നു. കതിരുകൾ വിളഞ്ഞ നെൽപ്പാടങ്ങൾ സ്വർണ്ണത്തകിടുപോലെ പ്രകാശിക്കുന്നു. പൂത്തുനില്ക്കുന്ന ഉന്നതങ്ങളായ് ഇലഞ്ഞിമരങ്ങൾ, പൂച്ചെടിക്കമ്പുകൾപോലെയും, കൊടുംവനങ്ങൾ പച്ചവിരിച്ച പുൽപ്പരപ്പുപോലെയും ചേതോഹരമായിരിക്കുന്നു—പൂക്കൾ, വിരിഞ്ഞ താമരപ്പൊയ്കകൾ, നക്ഷത്രനിബിഡമായ നീലാകാശംപോലെ ഹൃദയഹാരിയായിരിക്കുന്നു—ഹാ! സൗന്ദര്യാരാധകയായ ആ മത്സ്യലോകകുമാരി, തന്നെത്താൻ പറഞ്ഞു—"എന്റെ അമ്മ ഭൂമിയിലേക്കു വന്നതു വെറുതെയല്ല. അമ്മയെ ഈ ഭൂലോകസൗന്ദര്യം അത്രമാത്രം ആകർഷിച്ചിരിക്കണം".

ഗോളവാഹനം മഹാമാന്ത്രികന്റെ വസതിയുടെ മുററത്തു വന്നിറങ്ങി. തന്റെ പുത്രനെ എല്ലാസമയവും ജാലദർപ്പണത്തിൽക്കൂടി കണ്ടുകൊണ്ടിരുന്ന മാന്ത്രികനു്, അജിതനും മീനകുമാരിയും തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ യാതൊരു അത്ഭുതവും തോന്നിയില്ല.

"അച്ഛാ! ഞങ്ങൾ വന്നിരിക്കുന്നു" എന്നു് അജിതൻ പറഞ്ഞപ്പോൾ, മാന്ത്രികൻ തല ഉയർത്തി നോക്കി. എന്നിട്ടു മീനകുമാരിയോടിങ്ങനെ പറഞ്ഞു:—

"മകളെ, നിനക്കു ഭൂലോകവാസം ഹിതകരമാകുമോ എന്നെനിക്കു സംശയമുണ്ടു്. എങ്കിലും, എന്റെ മകൻ നിനക്കു് അനുയോജ്യനായ ഭർത്താവായിരിക്കും" എന്നു് ആ വൃദ്ധൻ പറഞ്ഞു

മീനകുമാരി—അച്ഛാ, അങ്ങയുടെ ശക്തിപ്രഭാവം എനിക്കു മനസ്സിലായിക്കഴിഞ്ഞു. അങ്ങയുടെ അനുഗ്രഹമുണ്ടെങ്കിൽ ഞാൻ ഭൂമിയിൽ സംതൃപ്തിയോടുകൂടി ജീവിക്കും

"എന്റെ അനുഗ്രഹം നിങ്ങൾക്കെപ്പോഴും ഉണ്ടായിരിക്കും"—മാന്ത്രികൻ അവരുടെ ശിരസ്സിൽ തന്റെ കൈകൾവച്ചു് ആശീർവദിച്ചു.

## 16

### ഭൂമിയിലെ പവിഴക്കൊട്ടാരം.

ഭൂതലത്തിലെ പ്രകൃതിസൗന്ദൎയ്യം മീനകുമാരിയെ അത്യധികം ആകർഷിച്ചു. വസന്തംപൂണ്ട പൂങ്കാവനത്തിൽ പറന്നെത്തിയ ചിത്രശലഭത്തെപ്പോലെ അവൾ ആഹ്ലാദഭരിതയായി മീനകുമാരിയുടെ മാനസികാനന്ദം ഗ്രഹിച്ച മഹാമാന്ത്രികൻ തന്റെ പുത്രനെ അരികിലേക്കു വിളിച്ചു.

"അജിതാ, മീനകുമാരി, മത്സ്യലോകത്തിലേക്ക് എന്നു മടങ്ങിപ്പോകണമെന്നാണു പറഞ്ഞിട്ടുള്ളതു്."

അജിതൻപറഞ്ഞു:—ഉടൻതന്നെ പോകേണ്ടിവരും. അവളുടെ സഹോദരനോ മററാരെങ്കിലുമോ, ഞങ്ങൾ ഇങ്ങോട്ടു പോന്ന വസ്തുത അറിഞ്ഞിട്ടില്ല അവർ അറിയുന്നതിനു മുമ്പ് അങ്ങു ചെല്ലണമെന്നാണവൾ ആഗ്രഹിക്കുന്നതു്.

മാന്ത്രികൻ—പക്ഷെ അവളുടെ മനസ്സ് ഇപ്പോൾ മാറിക്കാണും. മത്സ്യലോകത്തിലേക്കു തിരിച്ചുപോകണമെന്ന് അവൾക്കാഗ്രഹമുണ്ടോ എന്നു നീ ചോദിക്കുക.

അജിതൻ, തന്റെ പ്രണയിനിയുടെ സമീപത്തേക്കു ചെന്നു. അവൾ പ്രകൃതിസൗന്ദൎയ്യം നുകരുകയായിരുന്നു. ആനന്ദലഹരിയിൽ മുഴുകി, തന്നാത്താൻ മറന്ന്, ഒരു പ്രതിമപോലെ അവൾ ഇരിക്കുകയായിരുന്നു. അജിതൻ ചെന്ന്, അവളുടെ ഭുജങ്ങളിൽ സ്പർശി

ച്ചപ്പോൾ സ്വപ്നത്തിൽനിന്നെന്നപോലെ അവൾ ഞെട്ടിയുണർന്നു.

"പ്രഭോ, ഭൂലോകം ഇത്ര സുന്ദരതമമാണെന്നു ഞാൻ ഇപ്പോഴാണറിയുന്നതു്. ഈ പ്രകൃതിഭംഗി എത്ര കണ്ടിട്ടും മതിവരുന്നില്ല"—അവൾ ഒരു ഓമനച്ചിരിയോടുകൂടി അജിതനെ നോക്കി.

"അതെ, ഓമനെ! മനോഹരംതന്നെയാണീലോകം. നിനക്കു് ഇവിടം ഇഷ്ടപ്പെട്ടതിൽ ഞാൻ സന്തോഷിക്കുന്നു"—അയാൾ പറഞ്ഞു.

മീനകുമാരി—സർവ്വലോകങ്ങളിലുംവെച്ചു ഭൂമിയാണു ചേതോരമ്യമെന്നുള്ളതിനു സംശയമില്ല ഞാൻ ഇവിടെ സ്ഥിരമായിത്താമസിക്കുവാനാണാഗ്രഹിക്കുന്നതു്.

അജിതൻ—അപ്പോൾ, ഇനി മത്സ്യലോകത്തിലേക്കു പോകേണ്ടെന്നാണോ ഭവതിയുടെ അഭിപ്രായം.

അവൾ കുറേനേരം മിണ്ടാതെ നിന്നു. അവൾ എന്തോ ആലോചിക്കുകയായിരുന്നു. "തിരിയെപ്പോയില്ലെങ്കിൽത്തന്നെ എന്താണു്? അങ്ങും ഈ ഭൂലോകവും ഉണ്ടെങ്കിൽ പിന്നെ എനിക്കെന്തിനാണു് എന്റെ മത്സ്യലോകം."

അജിതൻ—പക്ഷെ, നാം ശംഖഭൂഷണന്റെ അനുമതിയും അനുഗ്രഹവും വാങ്ങിക്കൊണ്ടു വരികയല്ലേ വേണ്ടതു്?

മീനകുമാരി വീണ്ടും ചിന്താമഗ്നയായി. ഒടുവിൽ ഒരു നെടുവീർപ്പോടുകൂടി അവൾ പറഞ്ഞു:—"അതു ശരിയാണു്. ഏതായാലും കുറെദിവസം ഇവിടെ താ

മസിച്ചിട്ട് അങ്ങോട്ടു പോയാൽ മതിയെന്നാണ് എ ൻെറ അഭിപ്രായം."

അജിതൻ നേരെ പിതൃസന്നിധിയിലേക്കു ചെ ന്നു. "അച്ഛാ! മീനകുമാരി കുറെ ദിവസം ഇവിടെ താ മസിക്കണമെന്നാണാഗ്രഹിക്കുന്നതു്."

"അങ്ങനെയെങ്കിൽ ഒരു രാജകുമാരിയുടെ അന്ത സ്സിനു തക്കവിധം അവളെ താമസിപ്പിക്കുന്നതിനുള്ള കടമ നിനക്കുണ്ടു്"—മാന്ത്രികൻ പറഞ്ഞു.

അജിതൻ അച്ഛൻെറ മുഖത്തേക്കു നോക്കി. ത ങ്ങളുടെ വസതി, ഒരു രാജകുമാരിയുടെ താമസത്തിനു പററിയതല്ല. അതിനു വേണ്ടത്ര മുറികളോ, പൂന്തോ ട്ടമോ, ഇല്ല അച്ഛൻെറ അഭിപ്രായമറിയുവാനായി മകൻ, മൗനമവലംബിച്ചു നിന്നു

മാന്ത്രികൻ മകനെ ആംഗ്യം കാണിച്ചു വിളിച്ചു കൊണ്ടു തൻെറ മുറിയിലേക്കു പോയി. അവിടെച്ചെ ന്നശേഷം അയാൾ, തൻെറ ജാലദർപ്പണം എടുത്തു കൊണ്ടുവന്നു. അതിൻെറ ലക്ഷ്യരംഗം മത്സ്യലോക ത്തിലേക്കാക്കിയിട്ട്, അജിതനോടു്; കണ്ണാടിയിൽ സൂ ക്ഷിച്ചു നോക്കിക്കൊള്ളാൻ പറഞ്ഞു.

അജിതൻ നോക്കി. മീനകുമാരി താമസിച്ചിരുന്ന കൊട്ടാരം തെളിഞ്ഞുവന്നു.

"അജിതാ, ആ മാതൃകയിലുള്ള ഒരു കൊട്ടാരം ഇവിടെ നിർമ്മിച്ചാൽ മതിയോ? നിൻെറ അഭിപ്രാ യമെന്താണ്?"

മകൻ കണ്ണാടിയിലേക്കും, അച്ഛൻെറ മുഖത്തേ ക്കും മാറി മാറി നോക്കി. മത്സ്യലോകത്തിലെ കൊട്ടാ

രംപോലെ ഒരു കൊട്ടാരം ഈ കാട്ടിനടുത്തു പണികഴിപ്പിച്ചിട്ട്, മീനകുമാരിയെ താമസിപ്പിക്കുക! അതിനെത്ര മാസങ്ങളോ വർഷങ്ങളോ വേണ്ടിവരും.

"അച്ഛാ!"—അജിതൻ വിളിച്ചു. "ആ മനോഹരമായ കൊട്ടാരം പവിഴവും വെൺമുത്തുകളുംകൊണ്ടു നിർമ്മിച്ചിട്ടുള്ളതാണ്. അങ്ങനെ ആ കൊട്ടാരം എത്രവർഷംകൊണ്ടു പണിതീക്കാമെന്നാണ് അച്ഛൻ ഉദ്ദേശിക്കുന്നതു്? അതു പണി തീരുന്നതുവരെ മീനകുമാരി ഇവിടെത്തന്നെ താമസിക്കട്ടെയെന്നാണോ അച്ഛൻ പറയുന്നതു്?"

മാന്ത്രികൻ പൊട്ടിച്ചിരിച്ചു. തൻെറ പ്രഭാവത്തെപ്പററി ഇനിയും മകൻ അറിഞ്ഞിട്ടില്ലല്ലോ എന്നായിരുന്നു ആ ചിരിയുടെ അർത്ഥം. മാന്ത്രികൻ അജിതൻെറ വിരലിൽ കിടന്ന മോതിരം ഊരിയെടുത്തു്, ചലിപ്പിച്ചു. തൽക്ഷണം ഒരു പർപർ ശബ്ദംകേട്ടു. മേഘരൂപൻ അവിടെ പ്രത്യക്ഷനായി മാന്ത്രികൻെറ അടുത്തു വിനയപൂർവ്വം വന്നുനിന്നു

"മേഘരൂപാ ഈ കണ്ണാടിയിലേക്കു നോക്കുക." മാന്ത്രികൻ ആജ്ഞാപിച്ചു

മേഘരൂപൻ സൂക്ഷിച്ചുനോക്കി. "നീ ആ കൊട്ടാരം കണ്ടുവോ?"—മാന്ത്രികൻ ചോദിച്ചു.

"കണ്ടു യജമാനനെ"—മേഘരൂപൻ പറഞ്ഞു. "അതു മത്സ്യരാജകുമാരിയുടെ പവിഴക്കൊട്ടാരമാണ്."

"അതെ, മേഘരൂപാ! മീനകുമാരി ഇവിടെ കുറെനാൾ താമസിക്കുന്നുണ്ടു്. അവൾ താമസിക്കേണ്ടതു് ഒരു കൊട്ടാരത്തിലായിരിക്കണമല്ലോ."

"അതെ, മനസ്സിലായി യജമാനനെ." മേഘരൂപൻെറ ശബ്ദം അവിടെ മുഴങ്ങി. അടുത്ത നിമിഷത്തിൽ ആ സത്വം മറഞ്ഞു. മാന്ത്രികൻ വീണ്ടും മോതിരം ചലിപ്പിച്ചു. അപ്രത്യക്ഷനായ മേഘരൂപൻ വീണ്ടും വന്നു.

"എന്താ യജമാനനെ" ആ സത്വം ചോദിച്ചു.

"നീ ഇത്രവേഗം എങ്ങോട്ടാണു പോയതു്"—മാന്ത്രികൻ അന്വേഷിച്ചു.

"പവിഴക്കൊട്ടാരം കൊണ്ടുവരുവാൻ"—എന്നായിരുന്നു മറുപടി.

മാന്ത്രികൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. "വേണ്ടാ മേഘരൂപാ. ആ കൊട്ടാരം അവിടെത്തന്നെ നിന്നുകൊള്ളട്ടെ. അതാ നോക്കൂ, ആ മൈതാനപ്പരപ്പിൽ, ഒരു പുതിയ പവിഴക്കൊട്ടാരം മീനകുമാരിക്കുവേണ്ടി പണിയുക. നാളെ രാവിലെ അവൾ ഉണരുന്നതു് അതിൽനിന്നായിരിക്കണം."

കൊടുങ്കാററടിക്കുന്നതുപോലെ ഒരു ഇരമ്പൽ കേട്ടു. കുറേനേരത്തേക്കു്, മൈതാനപ്രദേശം പുക്കൊണ്ടു മൂടപ്പെട്ടു. മൂടൽമഞ്ഞുകൊണ്ടുള്ള ഒരു കോട്ട ആ മൈതാനത്തിൻെറ നാലുഭാഗത്തും ഉയൻനിന്നു. അതിനുള്ളിൽ നടക്കുന്നതെന്തെന്നു് ആൎക്കും കാണുവാൻ കഴിഞ്ഞില്ല. വളരെനേരത്തേക്കു്, കാററിൻെറ ഇരമ്പൽ ഉണ്ടായിരുന്നുവെന്നു മാത്രം നേരം രാത്രിയാകുന്നതുവരെ ഈ ഇരമ്പൽ നീണ്ടുനിന്നു. മീനകുമാരി ഈ വസ്തുതകളൊന്നുമറിയാതെ കഴിയുകയാണു്. അവൾ, അജിതനോടൊരുമിച്ചു്, മാന്ത്രികഗൃഹത്തിലെ

ഒരു സാധാരണ മുറിയിൽ ഉറങ്ങാൻ കിടന്നു. അവൾ അജിതൻെറ തലമുടിയിൽ വിരലോടിച്ചുകൊണ്ടു പറഞ്ഞു—"ഇവിടത്തെ ഭക്ഷണം, മത്സ്യലോകത്തിലെ ഭക്ഷണത്തെക്കാൾ രുചികരമായിരുന്നു. പക്ഷെ - - -"

"എന്താണു പക്ഷെ—" അജിതൻ തല ഉയർത്തിക്കൊണ്ടു ചോദിച്ചു

മീനകുമാരി പറയാൻ മടിച്ചു. താൻ പറയുന്നതു് അജിതനു് ഇഷ്ടപ്പെടാതെ വന്നെങ്കിലോ എന്നായിരുന്നു അവളുടെ ഭയം.

മീനകുമാരിയുടെ മൗനംകണ്ടു് ആ യുവാവു വിഷമിച്ചു. "എന്താണു തങ്കം, പറയൂ നീ പക്ഷെ - - - എന്നു് അർദ്ധോക്തിയിൽ വിരമിച്ചതെന്താണു് എന്തുകാര്യമുണ്ടെങ്കിലും പറയൂ"—അജിതൻ നിർബന്ധിച്ചു.

മീനകുമാരി—ഒരുവേള ഞാൻ പറയുന്നതു്, അങ്ങയുടെ കഴിവിൽ അപ്പുറമായതായിരിക്കും. എങ്കിലും അങ്ങു നിർബന്ധിക്കുന്നതുകൊണ്ടു പറയാം."

"പറയൂ. എന്തായാലും പറയൂ എൻെറ കഴിവിലും അപ്പുറമായ പല കാര്യങ്ങളും ഞാൻ സാധിച്ചുകഴിഞ്ഞു"—അജിതൻ ആത്മപ്രശംസാരൂപത്തിൽ പറഞ്ഞു.

"ഉവ്വ്"—മീനകുമാരി മന്ദഹസിച്ചു. അവളുടെ മന്ദഹാസത്തിൻെറയും ദന്തനിരകളുടെയും കാന്തികൊണ്ടു് ആ മുറിക്കുള്ളിൽ നിലാവുദിച്ചതുപോലെ തോന്നി. "ഈ മുറിക്കു് അല്പംകൂടെ വിസ്താരമുണ്ടായിരു

ന്നെങ്കിൽകൊള്ളാമായിരുന്നു. ഇതിൽ ശരിയായി വായുസഞ്ചാരമില്ലല്ലോ."

അജിതൻ പൊട്ടിച്ചിരിച്ചു. "ഉവ്വ് ഓമനെ! ഒരു രാജകുമാരിയുടെ, പവിഴവും മുത്തുംകൊണ്ടുള്ള കൊട്ടാരവുമായി നോക്കുമ്പോൾ, ഈ പാവപ്പെട്ട മനുഷ്യൻെറ വസതി, ഒരു കുടിലിനെക്കാൾ മോശമായിരിക്കും. പക്ഷെ ഞങ്ങൾ, മനുഷ്യർ ഇത്തരം പെരുവഗൃഹങ്ങൾകൊണ്ടു സംതൃപ്തരാണ്."

അജിതൻ തന്നെ കളിയാക്കുകയാണെന്നു മീനകുമാരിക്കു മനസ്സിലായി. അവൾ നെടുവീർപ്പിട്ടുകൊണ്ട് ഇത്രമാത്രം പറഞ്ഞു. "ഞാൻ പറഞ്ഞതു ക്ഷമിക്കണം."

പിന്നീട് ആ യുവമിഥുനങ്ങൾ അധികമൊന്നും സംസാരിക്കാതെ കിടന്നുറങ്ങി.

നേരം പുലന്നപ്പോൾ, മീനകുമാരി ഉണന്നു. മുറിക്കുള്ളിൽ നല്ല പ്രകാശം പരന്നിട്ടില്ല. അവൾ അത്ഭുതപരതന്ത്രയായി. തന്നെ തിരിയെ മത്സ്യലോകത്തിലുള്ള തൻെറ കൊട്ടാരത്തിൽ കൊണ്ടുവന്നു വിട്ടിരിക്കുന്നു! അവൾ കിടക്കയിൽ കിടന്നുകൊണ്ടു ചുററും നോക്കി. അജിതൻ സമീപത്തുതന്നെയുണ്ട്. ആ യുവാവ്, പുലർകാലകുളർമ്മയിൽ സുഖമായി ഉറങ്ങുകയാണ്.

ഉറങ്ങാൻ കിടന്നസമയം, ഉറക്കറയുടെ വിസ്താരക്കുറവിനെപ്പററി താൻ പറഞ്ഞതു് അജിതൻ കാര്യമായിട്ടെടുത്തുവെന്നും, മേഘരൂപൻെറ സഹായത്തോടുകൂടി തങ്ങൾ മത്സ്യലോകത്തെത്തിയിരിക്കുന്നുവെന്നും അവൾ വിചാരിച്ചു.

മീനകുമാരി ക്ഷണത്തിൽ കിടക്കയിൽനിന്നൊഴ്നേററു, ജന്നലിൽക്കൂടി പുറത്തേക്കു നോക്കി. അല്ല. അതു മത്സ്യലോകമല്ല. ഭൂതലംതന്നെ. പ്രകൃതിസൗന്ദര്യം ഓളംവെട്ടുന്ന ഭൂതലം. ആ സൗന്ദര്യസമൃദ്ധിയുടെ നടുവിൽ തൻെറ കൊട്ടാരവും അവൾക്കു ശപാസംമുട്ടുന്നതുപോലെ തോന്നി. ഇതൊന്നും അറിയാത്ത മട്ടിൽ അജിതൻ കിടന്നുറങ്ങുകയുംചെയ്യുന്നു.

അജിതൻ ഉറക്കം നടിച്ചു കിടക്കുകയാണോ എന്നറിയുവാൻ അവൾ അയാളുടെ മുഖത്തേക്കു കുനിഞ്ഞുനോക്കി. ഉറക്കംതന്നെ. നല്ല ഉറക്കം. സംശയമില്ല.

മേഘരൂപനെ ഒന്നു വരുത്തിയാൽക്കൊള്ളാമെന്ന് അവൾക്കു തോന്നി. തനിക്ക് ഈ കൊട്ടാരം വേണമെന്നില്ല ഭർത്തൃഗൃഹം, കൊട്ടാരത്തെക്കാൾ അവൾ ഇഷ്ടപ്പെടുന്നു. അജിതൻ ഉണരുന്നതിനു മുമ്പുതന്നെ, ഈ കൊട്ടാരം അപ്രത്യക്ഷമാക്കുന്നതിന്, മാന്ത്രികഗൃഹത്തിൽത്തന്നെ, തങ്ങളെ കിടത്തുന്നതിന്, മേഘരൂപനോടാജ്ഞാപിക്കുവാൻ അവൾ തീരുമാനിച്ചു. പതുക്കെ ഭർത്താവിൻെറ വിരലിൽനിന്നു മാന്ത്രികമോതിരം ഊരുവാനായി അവൾ അയാളുടെ വിരലുകളിൽ സ്പർശിച്ചു എന്നാൽ അത്ഭുതമെ! മോതിരം കാണുന്നില്ല. അവൾ നിരാശയോടെ ചുററും നോക്കി അജിതൻെറ വിരലിൽനിന്നു തലേദിവസം അയാളുടെ അച്ഛൻ ആ മോതിരം ഊരിയെടുത്ത വിവരം മീനകുമാരി അറിഞ്ഞിരുന്നില്ല. മോതിരം നഷ്ടപ്പെട്ടുവോ എന്നായിരുന്നു അവളുടെ ഭയം!

# 17

## ഗന്ധർവ്വൻെറ വീണ.

ഗാനഗന്ധർവ്വൻ തൻെറ കൊട്ടാരത്തിലെത്തിയതു വളരെ അസ്വസ്ഥനായിട്ടാണ്. ഗോളവാഹനത്തിലുണ്ടായിരുന്നവരുമായുള്ള കൂടിക്കാഴ്ച, ആ ഗന്ധർവ്വൻെറ നേത്രങ്ങളുടെ മുമ്പിൽ ചിത്രത്തിലെന്നപോലെ തെളിഞ്ഞുനിന്നു. അടുത്തരാത്രി ആകാശവും ഭൂമിയും പൂനിലാവിൽ കളിച്ചു ലസിക്കുമ്പോൾ, ഗാനഗന്ധർവ്വൻ, സംഗീതസദസ്സിലേക്കു തൻെറ രഥത്തിൽ പുറപ്പെട്ടു പോകുന്നവഴി, ഭൂമിയിൽ അസാധാരണമായ ഒരു കാഴ്ച കണ്ടു. അതു മീനകുമാരിയുടെ പവിഴക്കൊട്ടാരമായിരുന്നു. ഇതു പെട്ടെന്ന് അവിടെ അങ്ങനെയൊരു മതിമയക്കുന്ന മണിമന്ദിരം ഉണ്ടായതെങ്ങനെയെന്ന് ആ ദേവപുരുഷൻ അത്ഭുതപ്പെട്ടു. അതെപ്പററി അദ്ദേഹം വളരെനേരം ആലോചിച്ചശേഷം, മീനകുമാരി, രംഭയുടെ മകളായ മത്സ്യരാജകുമാരിയാണെന്നുള്ള ബോധം അദ്ദേഹത്തിനുണ്ടായി. മത്സ്യലോകത്തിലേക്കു ചെന്നെത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് അറിവില്ലായിരുന്നവെങ്കിലും, അങ്ങോട്ടു പോകണമെന്നു തന്നെ ഗാനഗന്ധർവ്വൻ തീരുമാനിച്ചു. സംഗീതസദസ്സിലേക്കു പോകാതെ അദ്ദേഹം സ്വന്തം കൊട്ടാരത്തിലേക്കു രഥം തിരിച്ചുവിട്ടു

കൊട്ടാരത്തിൽചെന്നു ഗാനഗന്ധർവൻ ഒരു മഹർഷിയുടെ വേഷം ധരിച്ചു. സുന്ദരമായ മുഖത്തു നര

കലൻ്റ രോമങ്ങൾ വളൎന്നുവന്നു. പിറകോട്ടതിൻവീണ ചെമ്പിച്ച ജട ഒതുക്കി കെട്ടിനിറുത്തി. കണ്ണാടിപോലെ മിനുങ്ങിയ നെററിത്തടത്തിൽ ചുളിവുകളും ഭസ്മക്കുറികളും നിരന്നു. ആകെപ്പാടെ ഗാനഗന്ധൎവ്വൻ തനിക്കുതന്നെ ആളറിയാൻ പാടില്ലാത്തവിധത്തിൽ രൂപാന്തരപ്പെട്ടു. അനന്തരം തൻെറ പ്രിയപ്പെട്ട വീണ കൈയിലെടുത്തുകൊണ്ടു്, കൊട്ടാരത്തിൻെറ മട്ടുപ്പാവിൽ കയറിനിന്നു വായുസ്തംഭനഗീതം പാടി സംഗീതം അതിൻെറ ഉച്ചനിലയിലെത്തിയതോടുകൂടി വായുവിൽ ഒരു ചലനമുണ്ടായി ശുദ്ധജലം മഞ്ഞുകട്ടയായി ഉറയുന്നതുപോലെ അന്തരീക്ഷവായു ക്രമേണ കട്ടിയാകാൻ തുടങ്ങി. ഒടുവിൽ മഹൎഷിവേഷധാരിയായ ഗാനഗന്ധൎവ്വൻ, സ്ഫടികംകൊണ്ടുള്ള കോവണിപ്പടികളിൽക്കൂടിയെന്ന മട്ടിൽ, കട്ടിപിടിച്ച വായുവിൽ ചവുട്ടി പതുക്കെ ഭൂമിയിലേക്കിറങ്ങി. ഗാനഗന്ധൎവ്വൻ ആദ്യമായിട്ടാണു ഭൂമിയിൽ സ്പൎശിക്കുന്നതു്. ഭൂമിയുടെ സൌന്ദൎയ്യം ആസ്വദിച്ചുകൊണ്ടു് അദ്ദേഹം കടൽത്തീരത്തു ചെന്നുനിന്നു. മത്സ്യലോകത്തിലേക്കു പോകുന്ന വഴി കണ്ടുപിടിക്കുകയെന്നതായിരുന്നു ഉദ്ദേശം. കടൽതീരത്തു് അങ്ങോട്ടുമിങ്ങോട്ടും വളരെനേരം നടന്നിട്ടും, ഫലമുണ്ടായില്ല. വല്ല മനുഷ്യരെയും കണ്ടു ചോദിക്കാമെന്നുവച്ചാൽ മത്സ്യലോകത്തെപ്പററി അറിവൊന്നുമില്ലാത്ത അവർ തന്നെ പരിഹസിക്കും.

ഗാനഗന്ധൎവ്വൻ കടൽത്തീരത്തുള്ള വെള്ളമണലിൽ ഇരുന്നു വീണയെടുത്തു മീട്ടി. അതു മധുരമായ സ്വരം പുറപ്പെടുവിച്ചുതുടങ്ങി. ലോല ലോലമായി

ആരംഭിച്ച ആ ഗാനധ്വനി ഉയന്നുയന്നു വന്നു. അതു് വരുണസ്തോത്രഗീതമായി മാറി. ആ പാട്ടു കുറേനേരം നീണ്ടുനിന്നു. പാട്ടു് അവസാനിക്കാറായപ്പോൾ, തിരമാലകളിൽ ഒന്നു്, മലപോലെ ഉയന്നുവന്നു. ഉയന്നു വന്ന ആ തിരമാല മല, വലിയ വെളുക്കാൽ തുറുവ. ന്റെ വലിപ്പമുള്ള താമരമൊട്ടുപോലെ കുറേനേരം നിന്നു. പിന്നീടു് അതു വിടന്നു ഇതളുകൾപോലെ ജലപാളികൾ നാലുവശത്തേക്കും ചരിഞ്ഞുകന്നു. ആ ജലമലരിൽനിന്നു് ഒരു തേജോമയൻ ഇറങ്ങി ഗാനഗന്ധർവ്വന്റെ അടുത്തു വന്നു. ഗന്ധർവ്വൻ എഴുന്നേററു് ആ രൂപത്തെ വണങ്ങി. അതു വരുണഭഗവാനായിരുന്നു

"വത്സാ, നിനക്കെന്തുവേണം?" എന്നു വരുണൻ ചോദിച്ചു.

"എനിക്കു മത്സ്യലോകത്തേക്കു പോകുവാനുള്ള വഴി കാണിച്ചുതരണം" എന്നു ഗന്ധർവ്വൻ പറഞ്ഞു.

"വഴി കാണിച്ചതുകൊണ്ടുമാത്രം നീ എങ്ങനെ ജലത്തിൽക്കൂടി കടന്നുപോകും"—വരുണൻ വാത്സല്യപൂർവ്വം ആരാഞ്ഞു

"ജലസാമ്രാജ്യചക്രവത്തിയായ അങ്ങയുടെ അനുഗ്രഹമുണ്ടെങ്കിൽ സമുദ്രത്തിൽക്കൂടി എവിടെപ്പോകുവാനും എനിക്കു കഴിയും"—ഗാനഗന്ധർവ്വൻ വിനയപൂർവ്വം മറുപടിപറഞ്ഞു.

വരുണനു സന്തോഷമായി. ആ ജലാധിപതി, വലങ്കൈ കടലിലേക്കു നീട്ടി. ഉടനെ സ്ഫടികത്താളികപോലെ ഒരു വലിയ ജലപാത്രം ഉയന്നുവന്നു.

വരുണൻ പറഞ്ഞു—"മഹർഷേ, അതിൽ കയറിക്കൊള്ളുക. മത്സ്യലോകത്തിൽ ചെന്നെത്താൻ അധികസമയം വേണ്ടിവരുകയില്ല"

ഗാനഗന്ധർവ്വൻ ആ തളികയിൽ കയറിയിരുന്നു. അതിൻെറ നാലരുകുകളും പെട്ടെന്നു കൂമ്പി. താമരപ്പൂവിൽ കുടുങ്ങിയ നീലവണ്ടുപോലെ ഗാനഗന്ധർവ്വൻ അതിനുള്ളിൽ ഇരുന്നു. പിന്നെ എന്തു സംഭവിച്ചു എന്ന് അദ്ദേഹം അറിഞ്ഞില്ല. ഇതളുകൾ വിടരുന്നതുപോലെ തളികയുടെ വശങ്ങൾ അകന്നുമാറിയപ്പോഴാണു താൻ മത്സ്യലോകത്തിൻെറ തീരപ്രദേശത്തു ചെന്നുചേർന്നതായി ഗന്ധർവ്വനു തോന്നിയത്. അദ്ദേഹം തീരത്തിറങ്ങി, കണ്ട വഴിത്താരയിലൂടെ മുന്നോട്ടു നീങ്ങി. പക്ഷെ അവിടെ കോട്ടവാതിലിനു മുൻപിൽ ഒരു വിചിത്ര ബലിഷ്ഠമൃഗം നില്ക്കുന്നു. സസ്യപാലനെ ആദ്യത്തെ മത്സ്യലോകയാത്രയിൽ തടഞ്ഞ സമുദ്രകേസരിതന്നെയായിരുന്നു അത്. തോളിൽ വീണയും തൂക്കി, പ്രാകൃത സന്യാസിവേഷത്തിൽ വന്ന ഗാനഗന്ധർവ്വനെ സമുദ്രകേസരി തടഞ്ഞുനിർത്തി.

"ഞാൻ ദേവലോകത്തുനിന്നു വരുകയാണ്. എനിക്കു നിങ്ങളുടെ രാജാവിനെ കാണണം" എന്നു ഗാനഗന്ധർവ്വൻ പറഞ്ഞു.

പക്ഷെ സമുദ്രകേസരി അതു കേട്ടഭാവം നടിച്ചില്ല. ഏതു ലോകത്തിൽനിന്നു വന്നതായാലും കടത്തിവിടുകയില്ലെന്ന് ആ ജന്തു തീർച്ചയാക്കി. അതിനാൽ സമുദ്രകേസരിയുമായി ഒരു യുദ്ധത്തിനുതന്നെ ഗാനഗന്ധർവ്വൻ തയ്യാറായി. ഭയങ്കരമായ ഒരു സംഘ

ട്ടനം നടന്നു. മത്സ്യലോകം ആകെപ്പാടെ കലുങ്ങി. കടലിൽ വലിയ കോളിളക്കമുണ്ടായി രാജ്യാതിർത്തിയിൽ നടന്ന ഏററുമുട്ടലിനെപ്പററി ആരും അറിഞ്ഞില്ല. സമുദ്രകേസരിയോടു ജയിക്കുന്നതു് അസാദ്ധ്യമെന്നു് ഗാനഗന്ധർവ്വനും, ഈ മഹർഷിയെ തോല്പിച്ചു പിന്മാറുന്നതു് എളുപ്പമല്ലെന്നു സമുദ്രകേസരിയും ഗ്രഹിച്ചു. കുറേനേരം പരസ്പരം ക്രൂരമായി നോക്കിനിന്നശേഷം ഇരുവരും പിന്മാറി. ഗാനഗന്ധർവ്വൻ മണൽപ്പരപ്പിലിരുന്നും സമുദ്രകേസരി കോട്ടയുടെ വാതിൽപ്പടിയായിക്കിടന്ന വിസ്തൃതമായ കരിങ്കൽ തളിരത്തിൽ കാലുകൾ ഉറപ്പിച്ചുനിന്നും വിശ്രമിച്ചു.

ക്ഷീണം തീർത്തശേഷം ഗാനഗന്ധർവ്വൻ തന്റെ വീണയെടുത്തു ശിലാദ്രവണഗാനം പതുക്കെ പാടുവാനാരംഭിച്ചു. വളരെ ലഘുവായിത്തുടങ്ങിയ ഗാനം. ക്രമേണ ഉയർന്നു് അന്തരീക്ഷത്തിൽ അലയടിച്ചു. പ്രകൃതി ഹർഷപുളകിതയായതുപോലെ തോന്നി. സംഗീതതരംഗങ്ങൾ, സമുദ്രകേസരി നിന്ന കൽത്തളിമത്തെ ലക്ഷ്യമാക്കി പ്രവഹിച്ചു. തിരമാലപോലെ ഗാനതരംഗങ്ങൾ ആഞ്ഞടിക്കാൻ തുടങ്ങി. സമുദ്രകേസരിക്കു് ഉറക്കംവന്നു. അതു നിന്ന കരിങ്കൽത്തളിരം പതുക്കെ ചൂടേററ വെള്ളമെഴുകുപോലെ ഉരുകുവാൻ തുടങ്ങി ഗംഭീരനായ സമുദ്രകേസരിയുടെ കാലുകൾ ആ ഉരുകിയ കൽക്കുഴമ്പിൽ പുതഞ്ഞു. പാട്ടിൽ ലയിച്ചു് അർദ്ധനിദ്രയിലായ സമുദ്രകേസരി അതൊന്നും അറിഞ്ഞില്ല.

ഗാനഗന്ധർവ്വൻ ക്രമേണ പാട്ടിന്റെ രീതി മാററി. അതോടുകൂടി അലിഞ്ഞ കൽത്തളിരം അല്പാല്പമായി ഉറച്ചുതുടങ്ങി. ആ ദ്രവസ്തംഭനഗാനം അവസാനിച്ചപ്പോൾ, കല്ല് പഴയതുപോലെയായി. പക്ഷെ സമുദ്രകേസരിയുടെ കാലുകൾ ഇളക്കുവാൻ കഴിയാതെ വന്നു. അതിന്റെ ഇരുമ്പുതൂണുകൾപോലെയുള്ള കാലുകൾ വലിച്ചിളക്കാൻ വയ്യാത്തവിധം കല്ലിൽ ഉറച്ചുപോയി.

സമുദ്രകേസരി, ഗാനഗന്ധർവ്വനെ ദയനീയമായി നോക്കി. ഈ നിലയിൽ തനിക്കൊരു രക്ഷയുമില്ലെന്ന് അതിനു മനസ്സിലായി. ഗാനഗന്ധർവ്വൻ ചിരിച്ചുകൊണ്ട്, വീണയും തോളിൽ തൂക്കി നടന്നു കോട്ടവാതിലും കടന്ന് അകത്തുകയറി. ഈ അവസരത്തിൽ സമുദ്രകേസരി, തന്റെ സർവ്വശക്തികളും കേന്ദ്രീകരിച്ച് അതിഭയങ്കരമായി അലറി. ആ ശബ്ദം കേട്ടു മത്സ്യരാജധാനി ഞെട്ടി. ശതക്കണക്കിനു മത്സ്യലോകവാസികളും മുതലപ്പടയും ഒടുവിൽ ശംഖഭൂഷണനും അവിടെയെത്തി. അക്കൂട്ടത്തിൽ സസ്യപാലനും ഭാര്യ ശ്യാമളയും ഉണ്ടായിരുന്നു. എന്താണു കാരണമെന്ന് അവരെല്ലാവരും അന്വേഷിച്ചു. മത്സ്യലോകത്തിൽ ആരും കണ്ടിട്ടില്ലാത്ത വേഷത്തിൽ ഒരു പ്രാകൃതരൂപൻ നിൽക്കുന്നു. മഹർഷിമാർ ആ ലോകത്തിലുണ്ടായിട്ടില്ലാത്തതിനാൽ ഗാനഗന്ധർവന്റെ മഹർഷിവേഷം അവർക്കു കൗതുകവും ഭയവും ഉളവാക്കി. എന്നാൽ സസ്യപാലനും ശ്യാമളയ്ക്കും ഈ വേഷം പരിചിതമായിരുന്നു. ഇടിമുഴക്കംപോലെ അലറുന്ന സമുദ്രകേ

സരിയുടെ അനങ്ങാനാവാത്ത നിൽപ്പു കണ്ടു് എല്ലാവരും അത്ഭുതപ്പെട്ടു.

വീണധാരിയായ ആ മഹർഷിയാണു് അതിനു കാരണമെന്നു ഗ്രഹിച്ചു ശംഖഭൂഷണൻതന്നെ മുന്നോട്ടു നീങ്ങി, അയാളോടു വിവരങ്ങൾ അന്വേഷിച്ചു.

ഗാനഗന്ധർവ്വൻ ഒന്നും മറച്ചുവച്ചില്ല; താൻ ആരാണെന്നും എന്തിനു വന്നുവെന്നും മററും, ശംഖഭൂഷണൻ മാത്രം കേൾക്കത്തക്കവിധത്തിൽ വിവരിച്ചുപറഞ്ഞു. അനന്തരം ശംഖഭൂഷണൻെറ താല്പര്യപ്രകാരം ഗന്ധർവൻ വീണ്ടും ശിലാദ്രവണഗാനമാലപിച്ചു. സമുദ്രകേസരി നിന്ന കല്ലു് ശക്കരപോലെ അലിഞ്ഞു. ആ മൃഗം, അതിൽനിന്നു ചാടിയിറങ്ങി ഗാനഗന്ധർവൻെറ മുൻപിൽ വന്നു നമസ്കരിച്ചു.

## 18

## ഗൂഢാലോചനകൾ.

ആ പ്രാകൃതവേഷധാരിയായ അത്ഭുതപുരുഷൻെറ ആഗമനം മത്സ്യലോകത്തെല്ലാം കാട്ടുതീപോലെ പരന്നു. സമുദ്രകേസരിയെ, ഇതുവരെ ആരും പരാജയപ്പെടുത്തിയിട്ടില്ല. അതിനെ തോല്പിക്കയും, അതു സ്വയം പരാജയം സമ്മതിച്ചു് ആ പരാക്രമിയുടെ പാദത്തിൽ നമസ്കരിക്കുകയും ചെയ്തിരിക്കുന്നു. ഇതു

മത്സ്യലോകത്തിൽ ഒരു സംസാരവിഷയമായി. ശംഖഭൂഷണൻ ഗാനഗന്ധർവനെ ബഹുമാനപൂർവ്വം സ്വീകരിച്ചു തന്റെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി.

ശംഖഭൂഷണന്റെ ഭാര്യയായ ലതയുടെ ഹൃദയം ചില ദിവസങ്ങളായി പുകയുകയായിരുന്നു. കോപവും നിരാശയും പ്രതികാരവും എല്ലാംകൂടിച്ചേർന്ന സമ്മിശ്രവികാരക്ഷോഭങ്ങൾക്ക് അവൾ വിധേയയായിത്തീർന്നു.

അജിതൻ, മീനകുമാരിയേയുംകൊണ്ടു ഭൂമിയിലേക്ക് ഒളിച്ചോടിപ്പോയി എന്നാണു ലത ധരിച്ചിട്ടുള്ളത്. ശംഖഭൂഷണനുമായി തെററിപ്പിരിഞ്ഞു്, അജിതനെ ഭർത്താവായി സ്വീകരിച്ചു ഭൂമിയിലേക്കു പോകണമെന്നായിരുന്നു ലതയുടെ മോഹം. അതു സാധിക്കാതെ വന്നുവെന്നു മാത്രമല്ല, തന്റെ കാമുകൻ മറെറാരു യുവതിയുമായി ഒളിച്ചോടിപ്പോകയുംചെയ്തു. ലതയുടെ ചിന്ത പ്രതികാരമായി മാറി.

ഗാനഗന്ധർവനും ശംഖഭൂഷണനും തമ്മിൽ സംഭാഷണം നടത്തിക്കൊണ്ടിരിക്കവെ, ലത, ഭർത്താവിന്റെ അനുമതിയോടുകൂടി ആ സദസ്സിലേക്കു കടന്നുചെന്നു. അവൾ ഭർത്താവിനെയും ഗാനഗന്ധർവനെയും അഭിവാദനംചെയ്തു.

ഗാനഗന്ധർവൻ പറഞ്ഞു—ഭവതിയെ കണ്ടതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അതേ അവസരത്തിൽ ഭവതിയുടെ ഭർത്തൃസോദരി ഒരു മൺമയനെ ഭർത്താവായി സ്വീകരിച്ചു് ഒളിച്ചോടി ഭൂമിയിലെത്തിയെന്ന വിവരം അറിയിക്കാൻ ദുഃഖവുമുണ്ടു്

ലത മുഖം താഴ്ത്തി നിന്നു. അവൾക്കൊന്നും പറയുവാൻ കഴിഞ്ഞില്ല. വികാരക്ഷോഭംമൂലം അവൾക്കു ശ്വാസംമുട്ടലുണ്ടായി.

ശംഖഭൂഷണൻ അവളെ പ്രേമപൂർവ്വം സമീപിച്ചുകൊണ്ടു പറഞ്ഞു—"ഭവതി കരയരുത്. മീനകുമാരിയെ നമുക്കു തിരിയെക്കൊണ്ടുവരാം. എല്ലാം വളരെ രഹസ്യമായിരിക്കണം. ഈ വിവരം മത്സ്യലോകത്തിൽ ആരും അറിയുവാൻ പാടില്ല."

ഗാനഗന്ധർവൻ—പക്ഷേ, ഇന്ദ്രലോകത്തും ഭൂലോകത്തും എല്ലാം ഈ പ്രണയകഥ പാട്ടായിത്തീർന്നിട്ടുണ്ട്. അതാ ആ കാണുന്ന പവിഴക്കൊട്ടാരം—കിളിപോയ കൂടുപോലെയായല്ലോ. ഇതിന്റെ മാതൃകയിലും സാദൃശ്യത്തിലും ഒരു പവിഴക്കൊട്ടാരം ഭൂമിയിൽ ഞാൻ കണ്ടു. ഈ കൊട്ടാരം അതേപടി ഇളക്കിക്കൊണ്ടുവച്ചതാണെന്നു തോന്നും അതു കണ്ടാൽ.

ലത, മഹാമാന്ത്രികന്റെ ശക്തിയെപ്പററി ചിന്തിച്ചു. അജിതന്റെ കൈയിൽ മാന്ത്രികൻ കൊടുത്ത അത്ഭുതമോതിരത്തെപ്പററി, അവളുടെ അച്ഛനായ സസ്യപാലൻ അവളോടു പറഞ്ഞിരുന്നു.

ആ മോതിരമാണു് ഈ കുഴപ്പങ്ങളെല്ലാം സൃഷ്ടിച്ചതെന്നു് അവൾക്കു മനസ്സിലായി. പ്രണയപ്രതികാരം പത്തിവിടർത്തി. അവൾ മഹർഷിയോടു പറഞ്ഞു:—

"തപപ്രഭാവനായ മഹാത്മൻ, മനുഷ്യവംശത്തിനു കളങ്കംചേർത്ത ആ അജിതൻ ഭൂമിക്കു മേലെയും ഭൂമിക്കു കീഴിലുമുള്ളവരെ ഒരുപോലെ ആക്ഷേപിച്ചിരിക്കുന്നു. അയാളുടെ ഈ അഹങ്കാരത്തിനു കാരണം,

ഒരു മാന്ത്രികമോതിരമാണെന്ന് എനിക്കറിയാം. ആ മോതിരം അവൻെറ കൈവശമുള്ളിടത്തോളം കാലം, ആർക്കും അവനോടൊന്നും ചെയ്യുക സാദ്ധ്യമല്ല. അവൻെറ അച്ഛനാകട്ടെ, മൂന്നു ലോകങ്ങളെയും ജയിക്കാൻ കഴിവുള്ള മഹാമാന്ത്രികൻ! ഈ നിലയിൽ, അജിതനോട്ട് എതിരിടുന്നതു സൂക്ഷിച്ചുവേണം. ഒരു സന്ന്യാസിയുടെ തപപ്രഭാവവും, മത്സ്യരാജകുമാരൻെറ മായാവിദ്യകളും അവനോടു ഫലിക്കയില്ല."

ലതയുടെ ഈ പ്രസംഗം ശംഖഭൂഷണനെയും, മഹർഷിയേയും ചൊടിപ്പിച്ചു.

"ആ നരകീടത്തെ ഞാൻ നല്ലപാഠം പഠിപ്പിക്കും" എന്നു മഹർഷിയും "അവൻെറ അഹങ്കാരം ഞാൻ ശമിപ്പിക്കും" എന്നു ശംഖഭൂഷണനും ഒരുമിച്ചു പറഞ്ഞു. തൻെറ ഉദ്ദേശം ഫലിക്കുന്നുവെന്നു കണ്ടു ലത ഉള്ളിൽ സന്തോഷിച്ചു.

അവൾ, നേരെ, തൻെറ അച്ഛനും അമ്മയും ഇരിക്കുന്ന മന്ദിരത്തിലേക്കു ചെന്നു. "അച്ഛാ അച്ഛൻെറ വലിയമ്മാവൻെറ മകൻ, മീനകുമാരിയെ തട്ടിക്കൊണ്ടുപോയതു് അച്ഛനറിഞ്ഞില്ലേയോ?"

സസ്യപാലൻ ക്ഷീണസ്വരത്തിൽ പറഞ്ഞു—"അറിഞ്ഞു കുഞ്ഞേ!"

അവൾ അല്പം ചൊടിച്ചുകൊണ്ടു തുടൻുചോദിച്ചു:—"അജിതൻ കാണിച്ച ഈ അക്രമംമൂലം നമ്മുടെ ആളുകളെപ്പററി എൻെറ ഭർത്താവിനു വളരെ മതിപ്പു കുറഞ്ഞിട്ടുണ്ടെന്ന വസ്തുതയും അച്ഛനറിയാമോ?"

സസ്യപാലൻ—മകളെ, നീ എന്തിനിക്കാര്യത്തിൽ എന്നോടു കോപിക്കുന്നു. ഞാനെന്തുപിഴച്ചു?

ലത—അച്ഛൻ എന്തു പിഴച്ചുവെന്നോ? ആ അജിതനെ അച്ഛനല്ലേ ഈ ലോകത്തേക്കു കൊണ്ടുവന്നതു്?

സസ്യ—പക്ഷേ അവൻെറ അച്ഛൻ തന്നെ മാർജ്ജാരസിന്ദൂരമല്ലെ ആദ്യമായി എനിക്കിവിടെ വരുന്നതിനു സഹായിച്ചതെന്നുള്ള കാര്യം മറക്കാമോ?

ലത—ആ മാർജ്ജാരസിന്ദൂരത്തിൻെറ സഹായമൊന്നും കൂടാതെയല്ലെ അമ്മയും ഞാനും ഇവിടെ വന്നെത്തിയതു്. അല്ലേ അമ്മേ, അമ്മയെന്താണൊന്നും പറയാത്തതു്?

ശ്യാമള വിഷാദമൂകയായിരിക്കുകയായിരുന്നു. ആ സന്യാസിയുടെ ആഗമനോദ്ദേശമെന്തെന്നായിരുന്നു അവളുടെ ചിന്ത. വല്ല വിധത്തിലും ഭൂമിയിൽ തിരിയെ ചെന്നെത്തിയാൽ മതിയെന്നും അവൾ ആഗ്രഹിച്ചിരുന്നു.

"അമ്മയെന്താണൊന്നും പറയാത്തതെന്നു" ലത വീണ്ടും ചോദിച്ചു.

ശ്യാമള പറഞ്ഞു—ഞാനെന്തുപറയാനാണ്? കാര്യങ്ങളെന്തോ കുഴപ്പത്തിലേക്കാണു നീങ്ങുന്നതെന്ന് എനിക്കു തോന്നുന്നു. എനിക്കു തിരിയെപ്പോയാൽ മതി.

സസ്യപാലൻെറ മനസ്സിലും ആ വിചാരമുണ്ടായിരുന്നുവെങ്കിലും അതു് ഇതുവരെ പുറത്തു പറഞ്ഞിരുന്നില്ലെന്നേയുള്ളു. ഭാര്യ അക്കാര്യം പ്രസ്താവിച്ചപ്പോൾ

സസ്യപാലനു തൻെറ കൃഷിസ്ഥലത്തെയും, കടൽത്തീരത്തുള്ള തൻെറ വസതിയേയുംകുറിച്ചു വീണ്ടും ഓർമ്മവന്നു സസ്യപാലൻ നെടുവീർപ്പോടുകൂടി പറഞ്ഞു:– "ലതെ, നീ എന്നെ കുററപ്പെടുത്തിക്കൊള്ളുക. പക്ഷെ, നിൻെറ സുഖജീവിതത്തിനുവേണ്ടിയല്ലെ ഞാനിത്രയും കഷ്ടപ്പെട്ടതെന്നുള്ളതു മറക്കരുതു്—"

ലതയ്ക്കു കരച്ചിൽ വന്നു—എനിക്കെന്തു സുഖമാണച്ഛാ! ഞാൻ അനുഭവിക്കുന്ന വേദന എനിക്കല്ലേ അറിയാവു. ഇവിടെനിന്നു് എങ്ങനെയെങ്കിലും രക്ഷപെട്ടാൽ മതി.

സസ്യ—പതുക്കെപ്പറയു കുഞ്ഞേ നമുക്കു സ്വയം ആപത്തു വരുത്തിവയ്ക്കുന്ന വാക്കുകൾ പറയാതിരിക്കുക.

ലത—അച്ഛാ, എന്നെ സംബന്ധിച്ചിടത്തോളം ഇതിൽ കൂടുതൽ ആപത്തു് എന്താണു വരാനുള്ളതു്. ഭൂമിയിൽ എനിക്കൊരു ഭർത്താവിനെ കിട്ടാതെ വന്നതുകൊണ്ടല്ലെ എന്നെ ഈ നരകത്തിലേക്കു കൊണ്ടുവന്നതു്.

ശ്യാമള—അവൾ പറയുന്നതു കാര്യമാണു്. അവളെ നേരത്തെ വിവാഹം കഴിച്ചിരുന്നെങ്കിൽ, ഈ മുതലപ്പടകൾ അവളെ പിടികൂടുകയില്ലായിരുന്നു. ഭർത്തൃമതികളായ പെൺകുട്ടികളെ വിവാഹത്തിനു് ഈ മത്സ്യലോകത്തിലേക്കു കൊണ്ടുവരുകയില്ലല്ലൊ.

സസ്യപാലൻ തന്നത്താൻ തലയ്ക്കടിച്ചു."എല്ലാ കുററവും എൻെറ തലയിലാണു കൊണ്ടുവയ്ക്കുന്നതു്. ഞാൻ ഇതനുഭവിക്കേണ്ടവൻതന്നെ."

അയാളുടെ ഹൃദയം തകരുകയായിരുന്നു. ഈ സംഭാഷണം ദീർഘിപ്പിക്കുന്നതുകൊണ്ടു ഫലമില്ലെന്നു കണ്ടു ലത, അവളുടെ കൊട്ടാരത്തിലേക്കു പോയി. അവൾ അവിടെ ചെല്ലുമ്പോൾ മഹർഷി, ശംഖഭൂഷണനോടു യാത്രപറയുകയായിരുന്നു. അവളും മഹർഷിയെ വണങ്ങി വന്ദനം പറഞ്ഞു.

"ആ മഹർഷി എന്തിനാണു വന്നതു്" എന്നു ലത, ഭർത്താവിനോടു ചോദിച്ചു.

ശംഖഭൂഷണൻെറ മുഖം ചുവന്നു കണ്ണുകളിൽ നിന്നു തീപ്പൊരി ചിതറുന്നതായിത്തോന്നി. വളരെ പരുഷമായ സ്വരത്തിൽ ആ രാജകുമാരൻ പറഞ്ഞു:– "നന്ദിയും സത്യവുമില്ലാത്ത മനുഷ്യരെപ്പററി സംസാരിക്കാതിരിക്കുകയാണു ഭേദം."

ലതയ്ക്കു് അതു സഹിച്ചില്ല. അവൾ ഒന്നും പറയാതെ തൻെറ മുറിയിൽ കയറി കതകടച്ചു കിടന്നു ദയനീയമായി നിലവിളിച്ചു. എത്ര കരഞ്ഞിട്ടും അവളുടെ സങ്കടത്തിനു ശമനം വന്നില്ല. ശംഖഭൂഷണൻ അവളെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചതുമില്ല.

മത്സ്യലോകവും, ഭൂലോകവും, ഇന്ദ്രലോകവും തമ്മിലുള്ള ഒരു സംഘട്ടനത്തിനുള്ള ആരംഭമാണിതെന്നു് അവൾക്കു തോന്നി. ശംഖഭൂഷണനും മഹർഷിയുംകൂടി എന്തൊക്കെയാണു് ആലോചിച്ചതെന്നു് അവൾക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ശംഖഭൂഷണനോടു ചോദിച്ചിട്ടു് അദ്ദേഹം മൗനമവലംബിച്ചതേയുള്ളു. ഏതായാലും മനുഷ്യൻെറനേർക്കുള്ള ഒരു പ്രതികാരക്രിയയ്ക്കുള്ള പദ്ധതിയാണു് അവർ ആസൂത്രണം ചെയ്തിട്ടുള്ളതെന്നു മനസ്സിലാക്കുവാനുള്ള കഴിവു് അ

വർക്കുണ്ടായിരുന്നു. അവർ എന്തൊക്കെയോ ദൃഢ നിശ്ചയം ചെയ്തുകൊണ്ടു് ഉറങ്ങി. ഉറക്കത്തിൽ അജി തൻ സ്നേഹപൂർവ്വം തൻെറനേരെ കൈനീട്ടി നിൽക്കു ന്നതായി അവർ കണ്ടു. അവർ ഞെട്ടിയുണർന്നു. വെ റും സ്വപ്നമായിരുന്നല്ലോ അതെന്നു് ഓർത്തപ്പോൾ അവർ നിരാശാഭരിതയായി. അജിതൻെറ നേരെ യുള്ള വിരോധത്തിനു പകരം, ആ യുവാവിൻെറ നേ രെ മറെറാരു മൃദുലവികാരമാണീസമയത്തവർക്കുണ്ടാ യതു്. അന്നുരാത്രി അവർക്കുറക്കമുണ്ടായില്ല.

# 19

## ഒളിച്ചോട്ടം.

വളരെനേരം ഉറങ്ങാതെ കിടന്നശേഷം ലത പ തുക്കെ എഴുന്നേററു. അവളുടെ തലച്ചോറിൽ ഒരു നെ രിപ്പോടു് എരിയുകയാണെന്നു തോന്നി. അടുത്തു കി ടന്നുറങ്ങുന്ന ശംഖഭൂഷണനെ അവർ നോക്കി. ആ യു വാവു് നല്ല ഉറക്കമാണു്. ലത ജന്നലിൽക്കൂടി പുറ ത്തേക്കു നോക്കി. ഭയങ്കരമായ ഇരുട്ടു്. അധികം ദൂരെ യല്ലാതെ തൻെറ അച്ഛൻ താമസിക്കുന്ന മന്ദിര ത്തിൽ വിളക്കു കാണുന്നുണ്ടു്. ലത സാവധാനത്തിൽ വാതിൽ തുറന്നു. എന്നാൽ വീണ്ടും വാതിൽ അടച്ചു.

അവൾ ഭർത്താവിൻെറ സമീപത്തു ചെന്നു മുട്ടുകുത്തി കുറെനേരം നിന്നു. അവൾ, മത്സ്യരാജകുമാരനോടു യാത്രചോദിക്കുകയായിരുന്നു. മത്സ്യലോകത്തെ വാസവും, ശംഖഭൂഷണനോടുകൂടിയുള്ള ജീവിതവും അവൾ ഈ ചുരുങ്ങിയ കാലംകൊണ്ടു വെറുത്തുകഴിഞ്ഞു. മനസ്സിനു യാതൊരുന്മേഷവും തോന്നിയില്ല. സുഖസമൃദ്ധിയുടെ മദ്ധ്യത്തിലാണെങ്കിലും മനുഷ്യനു മനുഷ്യനോടുള്ള ബന്ധത്തിന്ന് അവിടെ സ്ഥാനമുണ്ടായിരുന്നില്ല. ലതയുടെ ആശ മുഴുവൻ ഭൂമിയിലേക്കും അവിടത്തെ മനുഷ്യരോടുമായിരുന്നു. അതായത്, മത്സ്യരാജകുമാരനേക്കാൾ, ഒരു മനുഷ്യയുവാവിനെ അവൾ ഇഷ്ടപ്പെടുന്നു: അജിതൻ അവളുടെ പ്രേമലക്ഷ്യമാണ്. പക്ഷേ — —

ലത കണ്ണുനീർ തുടച്ചുകൊണ്ടു് എഴുന്നേററു. വരുന്നതുവരട്ടെ എന്നുള്ള ചിന്തയോടുകൂടി വീണ്ടും ശബ്ദമുണ്ടാക്കാതെ പതുക്കെ കതകു തുറന്നു് അവൾ പുറത്തേക്കിറങ്ങി, തൻെറ മാതാപിതാക്കന്മാരുടെ സന്നിധിയിലേക്കു നടന്നു.

സന്ധ്യകഴിഞ്ഞാൽ പിന്നെ ആരും പുറത്തിറങ്ങി സഞ്ചരിക്കയില്ലെന്നുള്ളതാണു മത്സ്യലോകത്തിലെ ഒരു പ്രത്യേകത. ഭൂമിയിലെ പക്ഷികളെപ്പോലെ മാത്സ്യജനങ്ങൾ പകലടങ്ങുമ്പോൾ, സ്വവസതികളിൽ ഒതുങ്ങിക്കൊള്ളും. അതിനാൽ രാജപത്നിയായ ലതയുടെ ഏകാന്തസഞ്ചാരം—അല്ലെങ്കിൽ ഭർത്തൃസന്നിധിയിൽനിന്നു ഭൂലോകത്തിലേക്കുള്ള ഒളിച്ചോട്ടം—ആരുടെയും ശ്രദ്ധയിൽപെട്ടില്ല. എന്നാൽ അതിർത്തിയിൽ ഭയങ്കരനായ സമുദ്രകേസരി കാവൽനിൽക്കുന്നു

ണ്ട്. അതിനു രാത്രിയെന്നോ പകലെന്നോ ഭേദമില്ല. പക്ഷെ സസ്യപാലൻെറ കൈവശം മാജ്ജാരസിന്ദൂരമുള്ള സ്ഥിതിക്ക്, സമുദ്രകേസരിയെ ഭയപ്പെടേണ്ട കാര്യമില്ലെന്നു ലതയ്ക്കറിയാം.

അവരം ഇരുട്ടിലും തണുപ്പിലും തപ്പിത്തടഞ്ഞു സസ്യപാലനും ശ്യാമളയും താമസിക്കുന്ന മന്ദിരത്തിനടുത്തുചെന്നു വാതിലിൽ മുട്ടി.

സസ്യപാലൻ ധൃതിയിൽ കതകു തുറന്നു. "മകളെ നീ അർദ്ധരാത്രിയിൽ തനിച്ചിവിടെ എങ്ങനെ വന്നു" എന്ന് ആ പിതാവ് സംഭ്രാന്തനായി ചോദിച്ചു.

ലത വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. അവരംക്കു പെട്ടെന്നു മറുപടി പറയുവാൻ കഴിഞ്ഞില്ല. വളരെനേരം കഴിഞ്ഞു, അവരം തൻെറ ആഗമനോദ്ദേശം വിവരിച്ചു

"അച്ഛാ!" അവരം പറഞ്ഞു, "നമുക്കു ഭൂമിയിലേക്കു പോകണം; ഇവിടത്തെ താമസം എനിക്കു തീരെ ഇഷ്ടപ്പെടുന്നില്ല"

സസ്യപാലനും ശ്യാമളയും പറഞ്ഞുകൊണ്ടിരുന്നതു് ഇതേ സംഗതിതന്നെയായിരുന്നു ലതയെ മത്സ്യലോകത്തിൽ വിട്ടുംവച്ചു പോകുന്നതിനുപോലും അവർ തയ്യാറായി. അങ്ങനെ ഒരു തീരുമാനമെടുത്തു കഴിഞ്ഞ ഘട്ടത്തിലാണു ലത വന്നു വാതിലിൽ മുട്ടിയതു്.

പിന്നീടു് അധികം താമസമുണ്ടായില്ല നേരം പ്രകാശമാകുന്നതിനു മുൻപു മറുലോകം പററണമെ

ന്നു മാത്രമായിരുന്നു അവരുടെ ചിന്ത. കാര്യമായി ഒന്നും അവിടെനിന്നെടുക്കുവാനില്ലായിരുന്നു.

സസ്യപാലൻ മാർജ്ജാരസിന്ദൂരഡപ്പിയെടുത്തു; അപ്പോൾ ശ്യാമള ചോദിച്ചു:—"ഈ സിന്ദൂരം പുരട്ടിക്കഴിയുമ്പോൾ പിന്നെ നമുക്കു പരസ്പരം കാണാൻ സാധിക്കാതെ വരുമല്ലൊ. മററുള്ളവർ നമ്മെക്കാണുകയില്ല, സമുദ്രകേസരിയും നമ്മുടെ സാന്നിദ്ധ്യമറിയുകയില്ല. എന്നാൽ നമ്മൾ പരസ്പരം കാണാതിരുന്നാൽ, ഞാൻ ഒരുവഴിക്കും, ലത മറെറാരു വഴിക്കും നിങ്ങൾ വേറൊരു വഴിക്കും പോയാൽ എന്തുചെയ്യും? നാം മൂന്നുപേരും വായുപോലെ സഞ്ചരിക്കുന്നപക്ഷം കാര്യമെല്ലാംകുഴപ്പത്തിലാകുകയില്ലെ?"

അതു വളരെ ശരിയായിരുന്നു. കുറേനേരം ആലോചനാമഗ്നയായിരുന്നശേഷം ലത പറഞ്ഞു—

"അമ്മേ, അതിനു മാർഗ്ഗമുണ്ട്. അച്ഛനും അമ്മയും സിന്ദൂരം നെററിയിൽ ചാർത്തണം. അപ്പോൾ സമുദ്രകേസരി കാണുകയില്ലല്ലൊ. ഞാൻ സിന്ദൂരം പുരട്ടുന്നില്ല. നിങ്ങൾ ഇരുവരും എന്റെകൂടെ നിന്നുകൊള്ളണം."

സസ്യ—സമുദ്രകേസരി നിന്നെ പോകാൻ അനുവദിച്ചില്ലെങ്കിലോ?

ലത—എന്നെ സമുദ്രകേസരിക്കറിയാം. എനിക്കൊരു വ്രതമുണ്ടെന്നും, നേരം പുലരുന്നതിനു മുൻപ് രാജാവിന്റെ ക്ഷേമത്തിനുവേണ്ടി എനിക്കു കടൽതീരത്തുപോയി പ്രാർത്ഥിക്കേണ്ടതുണ്ടെന്നും ഞാൻ പറയും. സമുദ്രകേസരി എന്നെ തടയുന്നപക്ഷം, ഞാനും

സിന്ദൂരം പുരട്ടി അപ്പുറം കടക്കാം. കടൽതീരത്തു ചെന്നിട്ടു ഞാൻ സിന്ദൂരതിലകം മായിച്ചുകളയാം.”

ഏതായാലും അതെപ്പററി കൂടുതൽ ആലോചിക്കാൻ സമയമില്ലായിരുന്നു. സസ്യപാലനും ശ്യാമളയും സിന്ദൂരതിലകം ചാർത്തി. പക്ഷെ ഒരു കാര്യം അപ്പോൾ വ്യക്തമായി. ശ്യാമളയ്ക്കും സസ്യപാലനും പരസ്പരം കാണാം. എന്നാൽ അവരെ ലതയ്ക്കു കാണാനും വയ്യാ. സിന്ദൂരതിലകം ചാർത്തിയവർക്ക് പരസ്പരം കാണാമെന്നു വന്നപ്പോൾ, ലതയും സിന്ദൂരപ്പൊട്ടു തൊട്ടു. അങ്ങനെ അവർ മൂന്നുപേരുംകൂടി നടന്നു. സമുദ്രകേസരി അവരുടെ സാന്നിദ്ധ്യമറിഞ്ഞതേയില്ല. അവർ കടൽപ്പുറത്തു ചെന്നപ്പോൾ, കടൽ ശാന്തമായിരുന്നു. സൗകര്യപ്രദമായ ഒരു സ്ഥാനത്തു ചെന്നു കാലിൽ സിന്ദൂരം പൂശി കടലിലേക്കിറങ്ങാമെന്നു കരുതി അവർ തീരത്ത് അങ്ങോട്ടുമിങ്ങോട്ടും നടന്നു.

തൽക്ഷണം ഒരു കാഴ്ച അവർ കണ്ടു. തേജോമയനായ ഒരു യുവാവ്, വെള്ളമണലിൽ കിടന്നു സുഖമായി ഉറങ്ങുന്നു. ആ യുവാവ് കിടക്കുന്നതിന്റെ ചുററും മങ്ങിയ പ്രകാശം പരന്നിട്ടുണ്ട്. ആ പ്രകാശത്തിൽ, അടുത്ത് ഒരു വീണ വച്ചിട്ടുള്ളതായി അവർ കണ്ടു.

ആ വീണ ഏതെന്നു ലതയ്ക്കു പെട്ടെന്നു മനസ്സിലായി. പക്ഷെ അതിന്റെ ഉടമസ്ഥൻ, വൃദ്ധനായ ഒരു മഹർഷിയായിരുന്നല്ലോ. അയാൾ എവിടെപ്പോയി? ഈ യുവാവ് എവിടെനിന്നു വന്നു?

ഏതായാലും ലതയ്ക്കു് ഒരു ദുർബ്ബുദ്ധി തോന്നി. അവഠം പതുക്കെ ആ വീണ കൈയിലെടുത്തു. പെട്ടെന്നു വീണയിൽനിന്നൊരു ഗാനം പുറപ്പെട്ടു.

"പ്രിയപ്പെട്ട ഗാനഗന്ധർവ്വാ! എൻെറ ആഗ്രഹം ഇതാ സാധിച്ചു. ഒരു മനുഷ്യസ്ത്രീ എന്നെ സ്പർശിച്ചു. എനിക്കു ശാപമോക്ഷം ലഭിച്ചു. ഞാൻ എൻെറ സ്വന്തരൂപം കൈക്കൊള്ളുവാൻ ഇനി അധികതാമസമില്ല"—എന്നായിരുന്നു ആ പാട്ടിൻെറ അർത്ഥം.

ലത ഭയത്തോടുകൂടി ആ വീണ, ഇരുന്നിടത്തുതന്നെ വച്ചു. അതിൽ തൊട്ടതുതന്നെ അബദ്ധമായി എന്നവഠംക്കു തോന്നി.

സത്യപാലനും ശ്യാമളയും ലതയും, സംസാരിക്കുന്ന ആ വീണയെ അത്ഭുതപരതന്ത്രരായി നോക്കിക്കൊണ്ടു നിന്നു. കുറേനേരത്തേക്കു വിശേഷമൊന്നുമുണ്ടായില്ല. ശാന്തമായ കടൽ ഒന്നു ചലിക്കുകയും, ഒരു തണുത്ത കാററു വീശുകയും ചെയ്തപ്പോഠം, വീണയുടെ പൊൻകമ്പികഠം അനങ്ങുന്നതായിത്തോന്നി. വീണ ഉടൽനീളം ഒന്നു വിറച്ചു. അതിൻെറ മകുടഭാഗം ഒരു സ്ത്രീയുടെ ശിരസ്സിൻെറ രൂപംപ്രാപിച്ചു. കമ്പികഠം പിറകോട്ടു മടങ്ങി തലമുടിപോലെയായി. ഉടലും കാലുകളും കൈകളുമെല്ലാം ഉണ്ടാകാൻ അധികസമയം വേണ്ടിവന്നില്ല. എന്തിനധികം പറയുന്നു, ഒരു പരമസുന്ദരിയായ യുവതി, കടൽത്തീരത്തെ വെണ്മണൽപരപ്പിൽ എഴുന്നേററുനിന്നു.

"ഭയപ്പെടേണ്ടാ, അത്ഭുതപ്പെടുകയും വേണ്ടാ" എന്നു് ആ സ്ത്രീരൂപം നേരിയ സ്വരത്തിൽ പറഞ്ഞു.

അതു കേട്ടിട്ടും ശബ്ദിക്കാനുള്ള കഴിവു ലതയ്ക്കു് ഉണ്ടായില്ല ഒരു വീണയിൽനിന്നു് ഒരു സ്ത്രീ പ്രത്യക്ഷപ്പെടുക—അതൊരു ജാലവിദ്യയല്ല, അർദ്ധരാത്രിയുടെ ആദ്യയാമത്തിൻ, കടത്തീരത്തെ മങ്ങിയ വെളിച്ചത്തിൽ കൺമുൻപിൽക്കണ്ട ഒരു സംഭവം.

ലത, മാതാപിതാക്കന്മാരോടു പറഞ്ഞു:—"അമ്മേ, അച്ഛാ, നിങ്ങൾ നെററിയിൽനിന്നു മാർജ്ജാരസിന്ദൂരം തുടച്ചുകളയുക. ഇവൾ, നിങ്ങളെക്കൂടി കാണട്ടെ. ആവശ്യം നേരിട്ടാൽ ഉടൻ സിന്ദൂരം പുരട്ടുകയും ചെയ്യാമല്ലോ."

അവർ അതുപോലെ ചെയ്തു. വീണയിൽനിന്നു ജനിച്ച സുന്ദരി ഈ കാഴ്ചകണ്ടു് അത്ഭുതപ്പെട്ടു. അവൾ പറഞ്ഞു:—"എൻെറ പെട്ടെന്നുള്ള ആവിർഭാവത്തിൽ നിങ്ങൾക്കുണ്ടായ വികാരംതന്നെ, ഈ രണ്ടു സ്ത്രീപുരുഷന്മാരുടെ ആവിർഭാവത്തിൽ എനിക്കുമുണ്ടാകുന്നു."

ലത—സോദരീ, നിങ്ങൾ ഈ വീണയിൽനിന്നു് ഉടലെടുക്കുകയായിരുന്നുവെന്നു ഞാൻ എൻെറ കണ്ണുകൾകൊണ്ടു കണ്ടു. പക്ഷെ എൻെറ ബുദ്ധിക്കു് ഇതു വിശ്വസിക്കാൻ കഴിയുന്നില്ല.

യുവതി—അതിൽ ഞാൻ നിങ്ങളെ കുററപ്പെടുത്തുന്നില്ല. എൻെറ കഥ ഞാൻ പിന്നീടു പറയാം. ഇപ്പോൾ കഥപറഞ്ഞുകൊണ്ടിരിക്കാൻ സമയമില്ല. നമുക്കിവിടെനിന്നു് ഉടനെ പോകണം. അല്ലെങ്കിൽ ആപത്താണു്. എൻെറ പേരുമാത്രം ഇപ്പോൾ, അറിഞ്ഞിരുന്നാൽ മതി. "ആനന്ദഭൈരവി" എന്നാണെൻെറ പേരു്.

ലത—ഭവതിയുടെകൂടെയുള്ള ഈ യുവാവാരാണു്? അദ്ദേഹം നമുക്കു സഹായമായിരിക്കുകയില്ലേ.

ആനന്ദഭൈരവി—അതു കണ്ടറിയണം.

ലത—ആരാണദ്ദേഹം?

ആനന്ദഭൈരവി — അതെല്ലാം ഇവിടെനിന്നു പോയതിനുശേഷമെ ഞാൻ പറയുകയുള്ളു.

ഈ അവസരത്തിൽ ദൂരെ സമുദ്രകേസരിയുടെ ഘോരമായ അലർച്ച കേട്ടു. അത്ര ഭയങ്കരമായി അതു് ഇതിനു മുൻപു് അലറിയിട്ടില്ല. അതിൻെറ കാരണമെന്തായിരിക്കുമെന്നു ലതയും സസ്യപാലനും ശ്യാമളയും ഊഹിച്ചു. അവരുടെ ഊഹം ശരിയായിരുന്നു.

"അച്ഛാ! അമ്മേ! ശംഖഭൂഷണനും മുതലപ്പടയും നമ്മെ അന്വേഷിച്ചു വരുന്നുണ്ടു്. വേഗം സിന്ദൂരപ്പൊട്ടു തൊട്ടുകൊള്ളു. എൻെറ നെററിയിലും തൊടുക. എന്നിട്ടു പാദത്തിലും പുരട്ടാം. അവർ വരുന്നതിനു മുൻപു് നമുക്കു കടലിലിറങ്ങണം."

ഒരു ഞൊടിയിടയിൽ അവർ സിന്ദൂരലേപനം നിർവ്വഹിച്ചു. അടുത്ത ക്ഷണത്തിൽ ഒരു ഭാഗത്തു ജലം ഒഴിഞ്ഞുമാറുന്നതു മാത്രം ആനന്ദഭൈരവി കണ്ടു. അവൾക്കു കാര്യം മനസ്സിലായി. ഉറങ്ങിക്കിടക്കുന്ന യുവാവിൻെറ നേരെ ക്ഷണത്തിൽ ആനന്ദഭൈരവി കൈ ഉയത്തി. ആ യുവാവു് ഒരു പൂമാലയായി, അവളുടെ കഴുത്തിൽ ചാടിവീണു.

ഈ നടന്നതൊന്നും ലതയും മാതാപിതാക്കന്മാരും കണ്ടില്ല. അവർ ധൃതിയിൽ കടലിലേക്കിറങ്ങി നടന്നു. തിരിഞ്ഞുനോക്കുവാൻ അവർക്കു ധൈര്യമുണ്ടായില്ല. പ്രാണനുംകൊണ്ടുള്ള പാച്ചിലായിരുന്നു അതു്.

ആ മൂന്നു മനുഷ്യരും കടലിൽ അപ്രത്യക്ഷരായപ്പോഴേക്കും ശംഖഭൂഷണനും മുതലപ്പടയും തീരത്തെത്തിക്കഴിഞ്ഞു. മുതലപ്പട മണംപിടിച്ച്, ആ മനുഷ്യർ ഇറങ്ങിയ തീരഭാഗം കണ്ടുപിടിച്ചു.

അവരെ പിന്തുടരണമോ എന്നറിയുവാനായി മുതലപ്പട, ശംഖഭൂഷണനെ നോക്കി. ആ യുവാവ്, അടുത്തുവന്ന ആ ദിവ്യസുന്ദരിയെക്കണ്ടു പകച്ചു നില്ക്കുകയായിരുന്നു.

"രാജകുമാരാ, അങ്ങ് ഇത്ര ബദ്ധപ്പെട്ടു വന്നതെന്താണെന്ന് എനിക്കു മനസ്സിലായി. ഒരു മനുഷ്യസ്ത്രീക്ക് ഒരിക്കലും, മത്സ്യലോകത്തുള്ള യുവാവിനോടുകൂടിയുള്ള സഹവാസം തൃപ്തികരമോ സന്തോഷപ്രദമോ ആയിരിക്കുകയില്ല. അതുകൊണ്ട് അങ്ങയുടെ ഭാര്യയുടെ ഒളിച്ചോട്ടത്തിൽ അങ്ങു ഖേദിക്കേണ്ടാ. പ്രതികാരബുദ്ധിയാകുകയും വേണ്ടാ."

ലതയെ പിന്തുടരാതിരിക്കുന്നതിനുവേണ്ടി, അവൾ തന്നെ വശീകരിക്കുകയാണെന്നു ശംഖഭൂഷണനു തോന്നി. ഇതിൽ എന്തോ ചതിവുണ്ടെന്നു കരുതി, അദ്ദേഹം മുതലപ്പടയോട് ഉടനെ കടലിലേക്കു ചാടുവാൻ ആജ്ഞാപിച്ചു.

കല്പന കേൾക്കാത്ത താമസം, മുതലകൾ തുരുതുരെ തിരമാലകളിലേക്കെടുത്തുചാടി. ആനന്ദഭൈരവി അതു നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അവൾ, സംഭവിക്കാൻ പോകുന്നതെന്തെന്ന് ഊഹിച്ചു. ഒരു നിമിഷനേരത്തേക്ക് അവൾ ഭയന്നു. ശംഖഭൂഷണന്റെ ക്രൂരമായ ആജ്ഞ ആനന്ദഭൈരവിയെ വേദനി

പ്പിച്ചു. അവരം സമുദ്രജലത്തിൽ തൊട്ടുനിന്നുകൊണ്ടു ഒരു പാട്ടുപാടി. ജലസ്തംഭനഗാനം.

ഈ സന്ദർഭത്തിൽ കടലിനടിയിൽക്കൂടി ലതയും മാതാപിതാക്കന്മാരും നടക്കുകയായിരുന്നു. മുതലപ്പട തങ്ങളെ പിന്തുടരുന്നുണ്ടെന്ന് അവർക്കു മനസ്സിലായി. എന്നാൽ മുതലപ്പടയ്ക്കു തങ്ങളെ കാണുവാനോ ഉപദ്രവിക്കുവാനോ കഴിയുകയില്ലെന്ന് അവർ ധൈര്യപ്പെട്ടു. പക്ഷെ അങ്ങനെയല്ല സംഭവിച്ചത്. ജലം ഒഴിഞ്ഞു മാറി മാറി പോകുന്നത്, മുങ്ങിച്ചെന്ന മുതലപ്പട കണ്ടു. വെള്ളം ഒഴിഞ്ഞുപോകുന്നതിന്റെ മദ്ധ്യത്തിൽ ലതയും പഴയ കർഷകനും ഭാര്യയും ഉണ്ടെന്നു മുതലകരംക്കു മനസ്സിലായി. അവർ അതിവേഗം പാഞ്ഞു; ജലമൊഴിഞ്ഞുമാറുന്നതിന്റെ മുൻപിൽചെന്നു നിരന്നുനിന്നു. ലതയും മാതാപിതാക്കന്മാരും ഒഴിഞ്ഞു മാറി പോയപ്പോരം ജലപ്പിളർപ്പ് അവിടെയും കാണപ്പെട്ടു. അപ്പോരം മുതലകരം അങ്ങോട്ടുമാറി വീണ്ടും അവരെ തടഞ്ഞു.

ഈ അവസരത്തിൽ അപ്രതീക്ഷിതമായ ഒരു മാററം കടലിൽ സംഭവിച്ചു. കടൽ രോമാഞ്ചംകൊള്ളുന്നതുപോലെ തോന്നി. ജലം കട്ടിയായിത്തുടങ്ങി. മുതലകരംക്കു സഞ്ചാരം ദുസ്സാധമായി. ജലം ഉറച്ചുതുടങ്ങിയപ്പോരം, മുതലപ്പട അതിൽ കുടുങ്ങി അനങ്ങാൻപാടില്ലാതെയായി.

ലതയുടെയും മാതാപിതാക്കന്മാരുടെയും സ്ഥിതിയും ഒട്ടും മെച്ചമല്ലായിരുന്നു. അവർ ഒരു കട്ടി കൂടിയ കണ്ണാടിപ്പാത്രത്തിൽ കുടുങ്ങിയതുപോലെയായി. മുന്നോട്ടുപോകുവാൻ നിവൃത്തിയില്ല. കട്ടിപിടിച്ച ജലം

പൊട്ടിമാറുന്നില്ല. എങ്ങനെ ഈ പരിവർത്തനം വന്നുവെന്ന് അവർക്കു മനസ്സിലായില്ല. മുതലപ്പട, ഉറച്ചു തുടങ്ങിയ ജലത്തിൽ അടപോലെ ചതഞ്ഞു ചത്തുപോയി. സിന്ദൂരശക്തികൊണ്ടു ജലം, ആ മൂന്നു മനുഷ്യജീവികളെ സ്പർശിക്കാതെ അകന്നുനിന്നു.

ഈ വസ്തുത, ആനന്ദഭൈരവി ഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. മുതലപ്പടയുടെ ശല്യം അവസാനിച്ചുവെന്നു കണ്ടു അവൾ, അവളുടെ ഗാനത്തിൻെറ രാഗം മാററി. കടിപിടിച്ചുറച്ച കടൽ അതിൻെറ പൂർവ്വസ്ഥിതിയിലായി. അപ്പോൾ ലതയും മാതാപിതാക്കളും ആഴിയുടെ അടിത്തട്ടിൽക്കൂടിയുള്ള അവരുടെ യാത്ര തുടർന്നു. ചതഞ്ഞു ചത്ത മുതലകൾ പാറക്കെട്ടുകളായിത്തീർന്നിരിക്കുന്നതു് അവർ കണ്ടു. ഭൂമിയുടെ കരയ്ക്കെത്തിയപ്പോഴേയ്ക്കും ആ മൂന്നു മനുഷ്യജീവികളും വല്ലാതെ ക്ഷീണിച്ചു തളർന്നുപോയിരുന്നു. പക്ഷെ, തീരത്തുകയറി അവരുടെ സ്വന്തം വീടു കണ്ടപ്പോഴേക്കു ക്ഷീണമെല്ലാം മാറി. ആഹ്ലാദത്തോടുകൂടി അവർ, ആ വീട്ടിലേക്കോടിക്കയറി. മത്സ്യരാജാവിൻെറ കൊട്ടാരത്തേക്കാൾ എത്രയോ ആനന്ദപ്രദമാണു തങ്ങളുടെ ഈ ചെറുഗൃഹമെന്നു് അവർ അനുഭവിച്ചറിഞ്ഞു.

# 20

## ശിലാപ്രതിമകൾ

ലതയും അവളുടെ മാതാപിതാക്കന്മാരും ഭൂമിയിലെത്തി രക്ഷപെട്ടെന്നും, തന്റെ ശക്തിയേറിയ മുതലപ്പട ശ്വാസംമുട്ടിയും ചതഞ്ഞും ചത്തു നശിച്ചുവെന്നും, ജലസ്തംഭനരാഗമാലപിച്ച ആനന്ദഭൈരവിയാണതിനു കാരണക്കാരിയെന്നും, ശംഖഭൂഷണനു മനസ്സിലായി. തന്നെയും തന്റെ രാജ്യത്തെയും നശിപ്പിക്കുവാൻ ദേവന്മാരും മനുഷ്യരും കരുതിക്കൂട്ടിച്ചെയ്ത ഒരു കൊടുംവഞ്ചനയാണതെന്നും മത്സ്യരാജാവിനു തോന്നി. അദ്ദേഹത്തിനു ക്രോധം ജ്വലിച്ചു. തന്റെ മുൻപിൽ, പൂമാലയുമണിഞ്ഞു പുഞ്ചിരിച്ചുനിൽക്കുന്ന ആ സുന്ദരിയുടെ നേരെ അദ്ദേഹം ചീറിയടുത്തു. അരയിൽ തൂക്കിയിരുന്ന വാൾ മിന്നൽവേഗത്തിൽ വലിച്ചൂരി, അവളുടെ കഥ കഴിക്കുവാനായി ആഞ്ഞൊന്നു വെട്ടി. എന്നാൽ വാളിന്റെ വായ്ത്തല, ആനന്ദഭൈരവിയുടെ ശരീരത്തിൽ സ്പർശിച്ച മാത്രയിൽ, അവളും ശംഖഭൂഷണനും ശിലാരൂപങ്ങളായിപ്പോയി. പുഞ്ചിരിച്ചുകൊണ്ടുനിൽക്കുന്ന ആ സുന്ദരിയും അവളുടെ കഴുത്തിൽ വാൾവായ്ത്തലയുമായി നിൽക്കുന്ന ആ യുവാവും ശിലാപ്രതിമകളായി അങ്ങനെ കടലിനഭിമുഖമായി നിന്നു. അവരങ്ങനെ നിൽക്കട്ടെ

ഭൂതലത്തിലുള്ള സ്വഗൃഹത്തിൽ തിരിച്ചെത്തിയ കർഷകനും ഭാര്യയും പുത്രിയും അവിടെ അല്പം വിശ്രമിച്ചിട്ട സംഭവങ്ങളെല്ലാമറിയിക്കുവാനായി മഹാമാന്ത്രികൻെറ അടുക്കലേക്ക പോയി. വിശ്രമരഹിതമായ യാത്രയായിരുന്നു അതു്. എപ്പോഴാണു മത്സ്യലോകത്തിൽനിന്നുള്ള പ്രതികാരനടപടികളാരംഭിക്കുന്നതെന്നു് അവർക്കറിഞ്ഞുകൂടായിരുന്നു. ഏതായാലും വിശന്നും ക്ഷീണിച്ചു തളൎന്നും അവർ മാന്ത്രികസന്നിധിയിലെത്തി.

മാന്ത്രികൻ അവിടെ സ്വസ്ഥനായിരിക്കുന്നുണ്ടായിരുന്നു. "വലിയമ്മാവാ ഞങ്ങളെ രക്ഷിക്കണേ" എന്നു സസ്യപാലനും ശ്യാമളയും പുത്രിയും ഒരുമിച്ചു നിലവിളിച്ചു.

മാന്ത്രികൻ തല ഉയൎത്തിനോക്കി. തൻെറ ബന്ധുക്കളുടെ ശോചനീയമായ സ്ഥിതികണ്ടു് അയാൾക്കു വിഷമംതോന്നി. അയാൾ എഴുന്നേററു് അവരെ മൂന്നുപേരെയും ആലിംഗനംചെയ്തിട്ട പറഞ്ഞു—

"കുഞ്ഞുങ്ങളെ ഭയപ്പെടേണ്ടാ, നിങ്ങൾക്കു ഞാനുണ്ടു്."

ഇങ്ങനെ ആശ്വസിപ്പിച്ചിട്ട മാന്ത്രികൻ, അവൎക്കു ഭക്ഷണം നൽകുകയും വിശ്രമിക്കുവാൻ ഒരു മുറി കാണിച്ചുകൊടുക്കുകയും ചെയ്തു. "ഇവിടെ ഇരുന്നു ക്ഷീണം തീർക്കുക. ഭൂമിയിലും, ഭൂമിക്കു മുകളിലും ഭൂമിക്കു താഴെയും ഉള്ള യാതൊരു ശക്തിയും നിങ്ങളെ ഉപദ്രവിക്കുവാൻ കഴിയുകയില്ല, ധൈര്യമായിരിക്കുക." ഇങ്ങനെ പറഞ്ഞിട്ടു് ആ മഹാമാന്ത്രികൻ, ജാലദപ്പ്

ണമിരിക്കുന്ന മുറിയിൽ ചെന്നു്,അതിന്റെ തുകൽമൂടി മാററി.

മത്സ്യലോകത്തിന്റെ അതിർത്തിയിലുള്ള കടൽ തീരത്തിൽ ഒരു യുവാവിന്റെയും ഒരു യുവതിയുടെയും രൂപം അതിൽ തെളിഞ്ഞു. കടലിൽ പാറക്കൂട്ടങ്ങൾ പോലെ മുതലകൾ ചത്തുകിടക്കുന്നതും കണ്ടു. മാന്ത്രികൻ തന്റെ വിരലിൽ കിടന്ന മോതിരം ചലിപ്പിച്ചു. പെട്ടെന്നു, പതിവുള്ള പർ—പർ-ശബ്ദം കേട്ടു. മേഘരൂപൻ പ്രത്യക്ഷനായി.

"മേഘരൂപാ" അയാൾ വിളിച്ചു.

"അടിയൻ" ആ സത്വം വിളികേട്ടു.

"നീ ഈ കണ്ണാടിയിലേക്കു നോക്കുക".

മേഘരൂപൻ നോക്കി.

മാന്ത്രികൻ-ഒരു യുവതിയുടെ കഴുത്തിൽ വാൾ വച്ചുകൊണ്ടു നിൽക്കുന്ന ഒരു യുവാവിനെ കണ്ടുവോ?

മേഘ—കണ്ടു. അതു ശിലാപ്രതിമകളാണു്.

മാന്ത്രികൻ—അതെ. അതു മനസ്സിലായി. ആ പ്രതിമകൾ യാതൊരു കേടുംവരാത്ത വിധത്തിൽ എടുത്തുകൊണ്ടു വന്നു, പവിഴക്കൊട്ടാരത്തിന്റെ ഒരു മുറിയിൽ വയ്ക്കുക.

മേഘരൂപൻ പോയി മൂന്നേമുക്കാൽ നാഴിക കഴിഞ്ഞു തിരിച്ചെത്തി. "യജമാനനെ, അങ്ങു് ആജ്ഞാപിച്ചതുപോലെ ഞാൻ ചെയ്തു."

ചിന്താമഗ്നനായിരുന്ന മഹാമാന്ത്രികൻ തല ഉയർത്തി "കൊള്ളാം" എന്നുമാത്രം പറഞ്ഞു.

മാന്ത്രികഗൃഹത്തിലെ വിശ്രമമുറിയിൽ സസ്യപാലനും ശ്യാമളയും ക്ഷീണംകൊണ്ടു കിടന്നുറങ്ങി. എന്നാൽ ഭർത്താവിനെ ഉപേക്ഷിച്ചു പോന്നതിലുള്ള ദുഃഖചിന്തയും പശ്ചാത്താപവും ലതയെ വല്ലാതെ അലട്ടുകയാൽ, അവൾക്കുറക്കം വന്നില്ല. അവൾ ആ മുറിയിൽ വിഷാദമൂകയായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. അങ്ങനെ നടക്കുമ്പോൾ, ദൂരെ ഒരു മാളിക അവൾ കണ്ടു. മത്സ്യലോകത്തിലുള്ള പവിഴക്കൊട്ടാരം! അതെ മീനുകുമാരിയുടെ മണിമന്ദിരം. അതെങ്ങനെ ഇവിടെ വന്നു? തൻെറ ഒളിച്ചോട്ടവും അതിനുശേഷമുള്ള സംഭവങ്ങളുമെല്ലാം സ്വപ്നമാണോ? അതോ തനിക്കു ഭ്രാന്തുപിടിച്ചുവോ? ലതയ്ക്കു് ഒരു സ്വാസ്ഥതയുമില്ലാതെയായി. അവൾ കൈവിരൽ കടിച്ചുനോക്കി. അല്ല, താൻ ഉറങ്ങുകയല്ല, സ്വപ്നം കാണുകയുമല്ല. പിന്നെ എങ്ങനെ മത്സ്യലോകത്തിലെ പവിഴക്കൊട്ടാരമിവിടെ താൻ കാണുന്നു? ചുരുങ്ങിയ കാലങ്ങളായി തൻെറ ജീവിതത്തിൽ അനുഭവപ്പെട്ടുന്ന അത്ഭുതങ്ങളിൽ മറെറാന്നായിരിക്കും ഇതും. അവൾ ആ കൊട്ടാരം വളരെനേരം നോക്കിക്കൊണ്ടു നിന്നു.

അന്നത്തെ ദിവസം അങ്ങനെ വിശേഷസംഭവങ്ങളൊന്നുംകൂടാതെ കടന്നുപോയി. പിറേറദിവസം രാവിലെ, സസ്യപാലനും ഭാര്യയും മകളും മാന്ത്രികസന്നിധിയിലെത്തി.

മാന്ത്രികൻ ലതയോടു ചോദിച്ചു:—"മകളെ, നീ രാത്രിയിൽ ഒട്ടും ഉറങ്ങിയിട്ടില്ലെന്നു തോന്നുന്നു. നിൻെറ കൺപോളകൾ തുടുത്തിരിക്കുന്നു. നീ നല്ലതുപോലെ കരഞ്ഞതിൻെറ ലക്ഷണമുണ്ടല്ലൊ."

ലത ഒന്നും മറച്ചുവച്ചില്ല. തൻെറ മനസ്സിൻെറ അസ്വാസ്ഥതയെക്കുറിച്ച് അവൾ വിവരിച്ചുപറഞ്ഞു. അല്പം ദൂരത്തായി സ്ഥിതിചെയ്യുന്ന പവിഴക്കൊട്ടാരം ആരുടേതാണെന്നും അവൾ ചോദിച്ചു.

മന്ത്രവാദി പറഞ്ഞു—അതു് എൻെറ മകൻ അജിതനും അവൻെറ ഭാര്യയും താമസിക്കുന്ന കൊട്ടാരമാണ്. എന്താ നിനക്കങ്ങോട്ടു പോകണമെന്നുണ്ടായിരിക്കും അല്ലെ?

"ഉവ്വ്. വലിയമ്മാവാ, അങ്ങ് ഞങ്ങളുടെ രക്ഷാകർത്താവാണ്. ഞങ്ങളെ സകല ആപത്തുകളിൽനിന്നും സംരക്ഷിച്ചതും അങ്ങാണ്. അങ്ങ് അനുവദിച്ചാൽ, ഞാൻ ആ കൊട്ടാരം പോയിക്കാണാം"—ലത ഗദ്ഗദത്തോടുകൂടി പറഞ്ഞു.

മാന്ത്രികൻ—"അങ്ങനെയാകട്ടെ മകളെ. ഇന്നു വെയിലാറിയശേഷം നീ അങ്ങോട്ടു ചെല്ലുക. സത്യപാലനും ശ്യാമളയും നിൻെറകൂടെ ഉണ്ടായിരിക്കട്ടെ."

ലത—വലിയമ്മാവൻകൂടി ഞങ്ങളോടൊന്നിച്ചുണ്ടായിരിക്കുന്നതു വളരെ ആശ്വാസകരമാണ്.

"ഉവ്വ്. ഞാൻകൂടി വരാം. പവിഴക്കൊട്ടാരം പണിതീർത്തതിനുശേഷം ഞാൻ അതു കണ്ടിട്ടില്ല"—മാന്ത്രികൻ സമ്മതിച്ചു.

ഈ സമയത്തു പവിഴക്കൊട്ടാരത്തിൽ പല പുതിയ സംഭവവികാസങ്ങളുമുണ്ടായി. രാവിലെ കൊട്ടാരത്തിലെ എല്ലാ മുറികളും മീനകുമാരി സന്ദർശിച്ചുകൊണ്ടിരിക്കവെ, ഒരു മുറി, ബലമായി ബന്ധിച്ചിരിക്കുന്നതായിക്കണ്ടു. അജിതനായിരിക്കും അങ്ങനെ അട

ച്ചിട്ടിരിക്കുന്നതെന്നു് അവർ ആദ്യം വിചാരിച്ചു എന്നാൽ, അജിതൻ തന്നെക്കൂടാതെ തനിയെ ആ ഭാഗത്തേക്കു പോയിട്ടില്ലെന്നു് അവർ ഓർത്തു. പിന്നെ ആരാണു് അതു പൂട്ടിയിട്ടതു്? അവർ ആ മുറി തുറക്കുവാൻ ശ്രമിച്ചു. വളരെനേരം പ്രയാസപ്പെട്ടിട്ടും അതു സാധിച്ചില്ല. എന്താണതിൻെറ കാരണമെന്നു് അവർക്കു മനസ്സിലായില്ല. ആ മുറിയിൽ എന്തോ രഹസ്യമുണ്ടായിരിക്കണമെന്നും മീനകുമാരി സംശയിച്ചു. അവർക്കു ജിജ്ഞാസ വർദ്ധിച്ചു. അവർ പോയി ഭത്താവിനെ കൂട്ടിക്കൊണ്ടുവന്നു. "നാഥാ! അങ്ങാണോ ഈ മുറി പൂട്ടിയിട്ടിരിക്കുന്നതു്" എന്നവർ ചോദിച്ചു. താനല്ലെന്നു് അയാൾ പറഞ്ഞു. ആ മുറി തുറക്കുവാൻ അജിതനും പരിശ്രമിച്ചു. പക്ഷെ ഫലമൊന്നുമുണ്ടായില്ല.

"അതു പൂട്ടിയിടുന്നതിനു് അച്ഛനു് എന്തെങ്കിലും ഉദ്ദേശമുണ്ടായിരിക്കും" എന്നു് അജിതൻ, മീനകുമാരിയോടു പറഞ്ഞു. "അച്ഛനോടു ചോദിച്ചിട്ടു നമുക്കതു തുറന്നാൽ മതി" എന്നവർ തീരുമാനിച്ചു. അവർ അവിടെനിന്നു തങ്ങളുടെ മുറിയിലേക്കു ചെന്നപ്പോൾ, അവിടെ ഒരു തോൽച്ചുരുൾ ഇരിക്കുന്നതായി കണ്ടു. അച്ഛൻെറ ഏതോ സന്ദേശമാണതിലുള്ളതെന്നു ഗ്രഹിച്ച അജിതൻ അതെടുത്തു നിവിർത്തു വായിച്ചു. അതിലിത്രമാത്രം എഴുതിയിരുന്നു:—

"ഇന്നു സായാഹ്നത്തിൽ ഞാനും മൂന്നു വിശിഷ്ടാതിഥികളും പവിഴക്കൊട്ടാരം കാണാൻ വരുന്നുണ്ടു്."

ആരാണീ വിശിഷ്ടാതിഥികളെന്ന് അവർക്കു മനസ്സിലായില്ല. ലതയും മാതാപിതാക്കന്മാരും മത്സ്യലോകത്തിൽനിന്നു വന്നുചേർന്ന വിവരം അവർ അറിഞ്ഞിരുന്നില്ലല്ലൊ.

"അച്ഛൻ വരുമ്പോൾ, ആ അടച്ചിട്ട മുറിയുടെ കാര്യം ചോദിക്കാൻ മറന്നുപോകരുതു്" എന്നു മീനകുമാരി പുഞ്ചിരിയോടുകൂടി പറഞ്ഞു.

# 21

## ത്രിലോകബന്ധം.

ഗാനഗന്ധർവ്വനെ കാണ്മാനില്ലെന്നുള്ള ശ്രുതി വാനവർലോകത്തിൽ പരന്നു. ഇക്കഴിഞ്ഞ കുറേ ദിവസങ്ങളായി സംഗീതസദസ്സുകളിൽ അദ്ദേഹം പങ്കുകൊണ്ടിട്ടില്ല. ഗാനഗന്ധർവ്വൻെറ സാരഥിയിൽനിന്നു ചില വിവരങ്ങൾ ഗ്രഹിച്ചതിനെത്തുടർന്നുണ്ടായ അന്വേഷണങ്ങൾക്കുശേഷം ഇന്ദ്രസദസ്സിൽ വല്ലാത്ത ഒരു അമ്പരപ്പും ഉൽക്കണ്ഠയും പ്രകടമായി. ഒടുവിൽ അവരിൽ അതിപ്രബലമായ ജ്ഞാനശക്തിയുള്ള ഏതാനും വിദഗ്ദ്ധന്മാരുടെ ശ്രമഫലമായി ഗാനഗന്ധർവ്വൻ, ഭൂമിയിലുള്ള പവിഴക്കൊട്ടാരത്തിൽ നിസ്സ്തേജസ്സനും ചൈതന്യരഹിതനുമായി ബന്ധനസ്ഥനെന്ന നിലയിൽ കഴിയുന്നതായി ഗ്രഹിക്കുവാൻ കഴിഞ്ഞു.

ഈ വസ്തുത, ഇന്ദ്രലോകത്തിൽ കൂടുതൽ സംഭ്രാന്തിയു ളവാക്കി. ഇന്ദ്രസദസ്സിലെ നൃത്തമേളങ്ങളും സംഗീത സമ്മേളനങ്ങളും മുടങ്ങി.

ഗാനഗന്ധർവ്വനെ കണ്ടുപിടിക്കുവാൻ ചില ഗ ന്ധർവ്വന്മാർ പുറപ്പെട്ട അതേ സമയത്താണു മഹാമാ ന്ത്രികനാൽ അനുഗതരായി സസ്യപാലനും, ശ്യാമള യും ലതയും പവിഴക്കൊട്ടാരത്തിലെത്തിയതു്. അജി തനും മീനകുമാരിയുംകൂടി അവരെ സ്വീകരിച്ചു. അ വർ നേരെ അടച്ചിട്ടിരിക്കുന്ന മുറിയിലേക്കു ചെന്നു. കതകു താനെ തുറന്നു. ലതയും മീനകുമാരിയും ഉൽക്ക ണ്ഠയോടുകൂടി അങ്ങോട്ടെത്തിനോക്കി. ശംഖഭൂഷണ നെ ആ രണ്ടു യുവതികളും പെട്ടെന്നു തിരിച്ചറിഞ്ഞു. ലത ഓടിച്ചെന്നു ഭർത്തൃപാദങ്ങളിൽ കെട്ടിപ്പിടിച്ചു. അവളുടെ സ്പർശനമേററയുടൻ ശംഖഭൂഷണനും ആ നന്ദഭൈരവിക്കും ചൈതന്യം ലഭിച്ചു. അവർ അത്ഭു തത്തോടുകൂടി പകച്ചുനിന്നു. തങ്ങൾ എങ്ങനെ അവി ടെ വന്നുവെന്നു് അവക്കു് ഒരു എത്തും പിടിയും കിട്ടി യില്ല. ആനന്ദഭൈരവി ക്ഷണത്തിൽ മുന്നോട്ടു നീങ്ങി ലതയെ ആലിംഗനംചെയ്തു. അവൾ പറഞ്ഞു:— പ്രിയ സഹോദരി എൻെറ കഥ, പറയാൻ ഇപ്പോൾ സമയമായി. നിങ്ങളെല്ലാവരും കേട്ടുകൊള്ളുക.

ഞാൻ ഇന്ദ്രലോകത്തിലെ സംഗീതസദസ്സുക ളിൽ മേളക്കൊഴുപ്പുണ്ടാക്കുന്ന "രാഗ"ങ്ങളിൽ ഒരുവ ളാണു്. ഞങ്ങൾ പതിനാറായിരത്തെട്ടുപേരുണ്ടു്. ഞാൻ ഗാനഗന്ധർവ്വനിൽ ആകൃഷ്ടയായി. ഞങ്ങൾ പരസ്പരം പ്രേമിച്ചു. എൻെറ പ്രേമം ഇന്ദ്രസദസ്സിൽ

വലിയ കോളിളക്കമുണ്ടാക്കി. ഗാനഗന്ധർവ്വനെ ഞാൻ പ്രേമിക്കുന്നതു ദേവേന്ദ്രന് ഇഷ്ടമില്ലായിരുന്നു. എങ്കിലും ഞങ്ങളുടെ താല്പര്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിനെന്നല്ല, ആർക്കുംതന്നെ കഴിഞ്ഞില്ല. ഈ പരിതസ്ഥിതിയിൽ കാര്യങ്ങൾ കൂടുതൽ ഗുരുതരമാകുന്നതിനു മുൻപ് ദേവേന്ദ്രൻ ഒരു വിദ്യ ചെയ്തു. ഗാനഗന്ധർവൻ അദ്ദേഹത്തിൻെറ കൊട്ടാരത്തിലേക്കു പോയ അവസരത്തിൽ, ഞാൻ ഇന്ദ്രസന്നിധിയിൽ ചെന്നു് എന്നോടു കരുണ കാണിക്കണമെന്നഭ്യർത്ഥിച്ചു.

"നിൻെറ അഭിലാഷമെന്താണ്?" എന്ന് ഇന്ദ്രൻ എന്നോടു ചോദിച്ചു.

എനിക്കു ഗാനഗന്ധർവ്വനെ വിട്ടുപിരിയാൻ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞു അപ്പോൾ ഇന്ദ്രൻ കുറേനേരം ആലോചനാമഗ്നനായി നിന്നശേഷം എന്നെ ഒരു വീണയാക്കി മാററി. പിറേറന്നാൾ, ഗാനഗന്ധർവ്വൻ വന്നപ്പോൾ, ഇന്ദ്രൻ, ഞാനാകുന്ന വീണയെ, അദ്ദേഹത്തിനു സമ്മാനിച്ചിട്ടു പറഞ്ഞു—"ഗാനഗന്ധർവ്വാ, നിൻെറ സംഗീതകുശലതയ്ക്കു സമ്മാനമായി, ഞാൻ നിനക്കൊരു വീണ നൽകുന്നു യാതൊരു കാരണവശാലും ഇതിനെ വിട്ടുപിരിയരുതു്. നീ എവിടെപ്പോയാലും ഈ വീണ നിൻെറകൂടെ ഉണ്ടായിരിക്കണം."

ഗാനഗന്ധർവ്വൻ അതു സമ്മതിച്ചു. അന്നുമുതൽ അദ്ദേഹം എന്നെ വിട്ടുപിരിഞ്ഞിട്ടില്ല. ഒരു മനുഷ്യസ്ത്രീ എന്നെ സ്പർശിക്കുന്നപക്ഷം അപ്പോൾ എനിക്കു

വീണ്ടും സ്ത്രീയായിത്തീരാമെന്നും, ഇന്ദ്രൻ പറഞ്ഞിരുന്നു എന്നെ ആയുധവുമായി ആരെങ്കിലും ഉപദ്രവിക്കുവാൻ വന്നാൽ, ആ ആയുധം എൻെറമേൽ സ്പർശിക്കുന്ന നിമിഷം ഞാൻ കല്ലായിത്തീരുമെന്നും അങ്ങനെ വെട്ടേൽക്കുകയോ ക്ഷതം സംഭവിക്കുകയോ ചെയ്കയില്ലെന്നും, എൻെറ നേരെ ആയുധപ്രയോഗം നടത്തുന്നയാളും എന്നെപ്പോലെ കല്ലായിത്തീരുമെന്നും, വീണ്ടും മനുഷ്യസ്ത്രീകളാരെങ്കിലും സ്പർശിക്കുന്നപക്ഷം ഞാൻ സ്വന്തരൂപം കൈക്കൊള്ളുമെന്നും പറഞ്ഞു ഇന്ദ്രൻ എന്നെ അനുഗ്രഹിച്ചയച്ചു.

താൻ വീണയുടെ രൂപത്തിൽ കണ്ടതു തൻെറ സഹചാരിണിയാണെന്നുള്ള വാസ്തവമറിയാതെ, ഗാനഗന്ധർവ്വൻ എന്നെ അന്വേഷിച്ചു പല ദിക്കിലും നടന്നു. എനിക്കു രൂപാന്തരമുണ്ടായ വിവരം അദ്ദേഹത്തെ ആരും അറിയിക്കരുതെന്നു്, ഇന്ദ്രൻ കർശനമായി സകലരോടും നിഷ്കർഷിച്ചിരുന്നതിനാൽ, ഗാനഗന്ധർവ്വനു് എന്നെപ്പററി യാതൊരു വിവരവും ലഭിച്ചിരുന്നില്ല. ഇതാണു് എൻെറ കഥ. ഇനി എന്തെങ്കിലും പറയാനുണ്ടെങ്കിൽ എൻെറ പ്രേമനായകനായ ഗാനഗന്ധർവ്വൻ പറയും"

"ഗാനഗന്ധർവ്വനെവിടെ?"—എന്നു മീനകുമാരി ചോദിച്ചു.

"ഇതാ" എന്നു പറഞ്ഞുകൊണ്ടു് ആനന്ദഭൈരവി, തൻെറ കഴുത്തിൽ കിടന്ന പൂമാല ഊരി, താഴെ വച്ചു. തൽക്ഷണം, ആ മാല, ഗാനഗന്ധർവ്വനായി എഴുന്നേററുനിന്നു ചുററും നിന്നവരെ അഭിവാദനംചെയ്തു.

"നാഥാ! അങ്ങ് എന്തിനു മത്സ്യലോകത്തു പോയിയെന്നുള്ള വിവരം ഇവിടെവച്ചു വെളിപ്പെടുത്തുക. ഞാൻ അങ്ങയുടെ ആനന്ദഭൈരവിയാണു്".

ഗാനഗന്ധർവ്വൻ, ആഹ്ലാദപുരസ്സരം ആനന്ദഭൈരവിയെ ആലിംഗനംചെയ്തു. അയാൾ പറഞ്ഞു:— "എൻെറ ഓമനയെ അന്വേഷിച്ചു ഞാൻ പോകാത്ത സ്ഥലമില്ല. ഈ നിൽക്കുന്ന അജിതനും മീനകുമാരിയും ഗോളവാഹനത്തിൽ ഭൂമിയിലേക്കു വരുമ്പോൾ, ഞാൻ വിയൽപഥത്തിൽവച്ചു് ഇവരെക്കണ്ടു. ഇതു രംഭയുടെ മകളാണെന്നു് എൻെറ സാരഥി പറഞ്ഞു. പക്ഷേ, ഇവൾ എൻെറ ആനന്ദഭൈരവിയാണെന്നു ഞാൻ നിശ്ചയിച്ചു. തൽസംബന്ധമായ അന്വേഷണത്തിനും, അജിതനെ തോല്പിച്ചു് എൻെറ പ്രേമഭാജനത്തെ അപഹരിക്കുന്നതിനും ഞാൻ തീരുമാനിച്ചു. പിന്നീടുണ്ടായ സംഭവവികാസങ്ങളാണിവയെല്ലാം."

ഈ സന്ദർഭത്തിൽ ശംഖഭൂഷണൻ ഉറക്കത്തിൽ നിന്നെന്നവണ്ണം ഉണർന്നു കൈയിലിരുന്ന വാൾ ഉറയിലിട്ടിട്ടു ചുററും നോക്കി അമ്പരക്കുകയായിരുന്നു.

ലത, ആ മത്സ്യരാജകുമാരൻെറ പാദത്തിൽ വീണ്ടും കെട്ടിപ്പിടിച്ചുകൊണ്ടു കരഞ്ഞു:—

"പ്രാണനാഥാ! എന്നോടു ക്ഷമിക്കണം. ഞാൻ ചെയ്തുപോയ സകല അപരാധങ്ങൾക്കും മാപ്പുചോദിക്കുന്നു. ഞാൻ എന്നും അങ്ങയുടേതായിരിക്കും."

അപ്പോൾ, വായുവിൽ ഒരു ചലനമുണ്ടായി. ഗാനഗന്ധർവ്വനെ അന്വേഷിച്ചു ദേവലോകത്തുനിന്നു പുറപ്പെട്ടവരുടെ ആഗമനഘോഷമായിരുന്നു അതു്. അ

വർ വന്നപാടെ, ഗാനഗന്ധർവ്വനെ തട്ടിക്കൊണ്ടുപോകുവാനാണു ശ്രമിച്ചതു്. പക്ഷെ ഗാനഗന്ധർവ്വൻ പറഞ്ഞു—"സുഹൃത്തുക്കളെ, ഈ നിൽക്കുന്ന മനുഷ്യരും മത്സ്യരാജകുമാരനും, മീനകുമാരിയും നമ്മുടെ മിത്രങ്ങളാണു്, ശത്രുക്കളല്ല. ബദ്ധപ്പെടേണ്ട കാര്യമില്ല"

* * *

ഒടുവിൽ കാര്യങ്ങളെല്ലാം ഒരൊത്തുതീർപ്പിലെത്തി. ശംഖഭൂഷണൻ മത്സ്യലോകത്തിലേക്കു തിരിയെപ്പോകുന്നില്ലെന്നു നിശ്ചയിച്ചു. മത്സ്യരാജധാനിയിലെ കൊട്ടാരംപോലെ മനോഹരമായ ഒരു മന്ദിരം മേഘരൂപൻെറ സഹായത്തോടുകൂടി നിർമ്മിച്ചു ശംഖഭൂഷണനും ലതയും, സസ്യപാലനോടും ശ്യാമളയോടും കൂടി അവിടെ താമസം തുടങ്ങി. അങ്ങനെ ഭൂമിയിൽ മത്സ്യരാജവംശമുണ്ടായത്രേ. അജിതനും മീനകുമാരിയും അവരുടെ പവിഴക്കൊട്ടാരത്തിൽത്തന്നെ താമസിച്ചു.

ഗാനഗന്ധർവ്വനും ആനന്ദഭൈരവിയും വാനവപ്പരിഷയോടുകൂടി ഒരു ഘോഷയാത്രയായി ഇന്ദ്രലോകത്തേക്കു പോയി.

നമ്മുടെ മഹാമാന്ത്രികൻ മാത്രം ഏകനായി തൻെറ ഗൃഹത്തിലേക്കു തിരിച്ചുപോയി. അദ്ദേഹം അവിടെച്ചെന്നു തൻെറ മാന്ത്രികമോതിരം ചലിപ്പിച്ചു ഉടനെ മേഘരൂപൻ പ്രത്യക്ഷനായി.

"മേഘരൂപാ"—മാന്ത്രികൻ വിളിച്ചു.

"അടിയൻ ഇതാ" എന്നു മേഘരൂപൻ പറഞ്ഞു.

"മേഘരൂപാ"—മാന്ത്രികൻ വളരെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു—"നിന്നെ ഇനി ഞാൻ അധികം ബുദ്ധിമുട്ടിക്കുകയില്ല. ഏഴുകടലുകൾക്കപ്പുറമുള്ള പവിഴദ്വീപിലേക്കു നീ എന്നെ കൊണ്ടുപോകണം. അതിനു മുൻപു ഞാൻ എന്താണു ചെയ്യുന്നതെന്നു കണ്ടുകൊള്ളുക."

അനന്തരം മാന്ത്രികൻ തന്റെ മോതിരം ഊരി—അതിലെ ഒരു വജ്രമണിയെടുത്തു കടലിനെ ലക്ഷ്യമാക്കിയെറിഞ്ഞു. "ഇനിമേൽ മത്സ്യലോകവും ഭൂലോകവുമായി ബന്ധമൊന്നുമുണ്ടാകാതിരിക്കട്ടെ" ആ വജ്രമണി ചെന്നു കടൽമദ്ധ്യത്തിൽ വീണു മത്സ്യലോകത്തേക്കുള്ള മാർഗ്ഗം തകർത്തുകളഞ്ഞു.

പിന്നീടു മോതിരത്തിൽനിന്നു രണ്ടാമത്തൊരു വജ്രമണിയെടുത്ത് ആകാശത്തെ ലക്ഷ്യമാക്കിയെറിഞ്ഞു. "ഇന്ദ്രലോകവും ഭൂലോകവുമായി ഇനിമേൽ ബന്ധമൊന്നുമുണ്ടാകാതിരിക്കട്ടെ." ആ വജ്രമണി മേഘങ്ങൾക്കപ്പുറത്തേക്കു പോയി വിയൽപഥത്തിൽ ചെന്നുവീണ് ആ മാർഗ്ഗം അടച്ചുകളഞ്ഞു.

മാന്ത്രികന്റെ കണ്ണുകൾ നിറഞ്ഞു. താനെന്തിനീ പരാക്രമങ്ങളെല്ലാം ചെയ്തുവെന്ന് അദ്ദേഹം തന്നത്താൻ ചോദിച്ചു. അനന്തരം മൂന്നാമത്തെ വജ്രമണിയെടുത്ത് അദ്ദേഹം വിഴുങ്ങി.

"മേഘരൂപാ"—

മേഘരൂപൻ വിളികേട്ടു.

"നീ എന്നെ പവിഴദ്വീപിലേക്കു കൊണ്ടുപോകുക. അവിടെ എന്നെ കൊണ്ടുചെന്നാക്കിയതിനുശേഷം, ഞാൻ അവിടെ സുഖസമാധിയിൽ വിലയംപ്രാപിച്ചുവെന്നു് എൻെറ മകൻ അജിതനെ അറിയിക്കണം."

ഒരു കൊള്ളിമീൻ ദക്ഷിണദിക്കിലേക്കു പാഞ്ഞുപോയി. അതു മഹാപരാക്രമിയായ ആ മാന്ത്രികനേയുംകൊണ്ടുള്ള മേഘരൂപൻെറ പാച്ചിലായിരുന്നു.

O. K.

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No. MF2 Acc. No. 86999

This book should be returned on or before the date last stamped below.

10 APR 1987
NOV 1990
27 MAR 2004
24 SEP 2006

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF2

86999

കോരുത്. പി. സി.
കടലിനുമപ്പുറം